www.malankaralibrary.com

മേയ് 2023

# ക്രൈസ്തവ കാഹളം

## സഭയും രാഷ്ട്രീയവും



www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. സ്വീകാര്യമായ സമയത്തു നിന്റെ ദാസ്യതയും കന്യത്വവും അവിടുന്നു മാനിച്ചു ഫലവത്താക്കി. അതിനാൽ രക്ഷയുടെ ദിവസം പാപികളായ ഞങ്ങൾക്കു വന്നുചേർന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

**May 18**

# നമ്മുടെ കർത്താവിന്റെ
# സ്വർഗാരോഹണ തിരുനാൾ!



**എല്ലാ വായനക്കാർക്കും**
**പ്രാർത്ഥനാ മംഗളങ്ങൾ!**

www.malankaralibrary.com

മേയ് 2023 വാല്യം 84 ലക്കം 5




രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ
പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ
എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി
ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത് - 9446703056
കവർ & ലേഔട്ട്
Fingraph - 9387811920
പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം-4
വിലാസം
ക്രൈസ്തവ കാഹളം, സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്, പട്ടം, തിരുവനന്തപുരം-4

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 05 |
| പിതൃമൊഴി | 07 |
| ആനുകാലിക രാഷ്ട്രീയവും സഭയും | 09 |
| കാവിക്കുകീഴിൽ ക്രൈസ്തവർ സുരക്ഷിതരോ അരക്ഷിതരോ? | 13 |
| സഭയും രാഷ്ട്രീയവും രാഷ്ട്രീയപാർട്ടികളും | 17 |
| സാർവ്വത്രിക സഭയിലെ വേദപാരംഗതർ വി. ഗ്രിഗറി നസ്യാൻസൻ | 19 |
| എഐ ക്യാമറയും ചില വിദേശ വിചാരങ്ങളും | 27 |
| വിശേഷം | 31 |
| This is not my Job? | 34 |

www.malankaralibrary.com



# വേണം നമുക്ക് ജാഗ്രത

സഭയുടെ രാഷ്ട്രീയ നിലപാടുകൾ എല്ലാകാലത്തും ചർച്ചയ്ക്കും അതിശക്തമായ വിമർശനത്തിനും വിധേയമായിട്ടുണ്ട്. മധ്യശതകങ്ങളിൽ സഭയും രാജ്യവും രാഷ്ട്രീയവും കെട്ടുപിണഞ്ഞു കിടന്ന ഒരു സാഹചര്യവും ഉണ്ട്. എന്നാൽ ഈ ആധുനിക നൂറ്റാണ്ട് ജനാധിപത്യവും, മതതുല്യത, സാമൂഹികനീതി തുടങ്ങിയ അനേകം പ്രബുദ്ധമായ മൂല്യവ്യവസ്ഥിതിയുടെ കാലഘട്ടമാണ്. അതിനെ ഹനിക്കുന്ന വ്യവസ്ഥിതികൾ രൂപപ്പെടുമ്പോഴും അഭിനിവേശങ്ങൾ ശക്തിപ്പെടുമ്പോഴും സമൂഹം അസ്വസ്ഥമാകും. ജനം ഉത്കണ്ഠാകുലരാകും. ഈ അസ്വസ്ഥതകളും ഉത്കണ്ഠയും സമൂഹത്തിന്റെ എല്ലാ മേഖലകളിലും പ്രകടമാകും. ഓരോരുത്തരുടെയും കൈക്കരുത്തും പ്രത്യയശാസ്ത്ര പ്രേരണകളും അവരുടെ പ്രതികരണങ്ങളെ വ്യത്യസ്തമാക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സഭയുടെ വഴികൾ സംവാദത്തിന്റേതാണ്.

ഓരോ കാലഘട്ടത്തിലും എഴുതപ്പെട്ട പുസ്തകങ്ങളിലും പ്രത്യയശാസ്ത്രരൂപീകരണത്തിലും വെറുപ്പിന്റെ മുള്ളുകൾ ധാരാളം കടന്നുകയറിയുട്ടുണ്ട്. അത് എഴുതിയവർക്ക്, അത് സ്വീകരിക്കപ്പെട്ട കാലഘട്ടങ്ങൾക്കും ശാശ്വതമായി നിലനിൽക്കാനാവില്ല. അതിന്റെ ഏറ്റവും പ്രകടമായ സൂചനകളാണ് കഴിഞ്ഞനൂറ്റാണ്ടിൽ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും പ്രത്യേകിച്ച് റഷ്യയിലും നാം കണ്ടത്. ലക്ഷക്കണക്കിന് മനുഷ്യരെ കൊന്നുതള്ളിയ സ്റ്റാലിൻ ആ പ്രദേശങ്ങളിൽ വെറുപ്പിന്റെ പ്രതീകമായി പുതുതലമുറ പുറങ്കാലുകൊണ്ട് വലിച്ചെറിഞ്ഞ് അവരുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഏകാധിപത്യത്തിന്റെ മതിലുകൾ ബർലിൻ നഗരത്തിൽ തകർന്നുവീണു. പോളണ്ട് കമ്യൂണിസ്റ്റ് ജനാധിപത്യത്തിൽ നിന്ന് പരിപൂർണ്ണ വിടുതൽ നേടി പരി. കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ട ഒരു രാജ്യമാണ് ഇന്ന്. എന്നാൽ ഒരിടത്ത് ഇപ്രകാരം വലിച്ചെറിയപ്പെട്ട ചിത്രങ്ങളും പ്രതീകങ്ങളും ഭിത്തിയിൽ സ്ഥാനം പിടിക്കുകയും അതിന്റെ ചുവട്ടിൽ വാതോരാതെ മതേതരത്വവും സഭയെ ആക്രമിക്കുന്ന ശക്തികളെക്കുറിച്ച് കണ്ണീരൊഴുക്കുന്നത് കാണുമ്പോൾ എല്ലാവരും അറിയണം ഈ നാട്ടിൽ എല്ലാരും ചരിത്രം പഠിച്ചത് രാഷ്ട്രീയ പാർട്ടികളുടെ ക്ലാസുകളിലല്ല, പിൻവാതിലിലൂടെ നിയമിക്കപ്പെട്ട ചരിത്രാധ്യാപകരുമല്ല പഠിപ്പിച്ചത്. ഈ നാടുകളിലൊക്കെപ്പോയി കണ്ടും കേട്ടും അനുഭവിച്ചും പഠിച്ച അനേകം കാര്യങ്ങൾ ഉണ്ട്. ഈ കഴിഞ്ഞ കുറേ ദിവസങ്ങളായി ഡൽഹിയിലെ കത്തീഡ്രൽ ദൈവാലയത്തിൽ ഈസ്റ്റർ ദിനത്തിൽ പ്രധാനമന്ത്രി നടത്തിയ സന്ദർശനം, ചില രാഷ്ട്രീയ നേതാക്കൾ ക്രൈസ്തവ ഭവനങ്ങളിലും സഭാ കേന്ദ്രങ്ങളിലും നടത്തിയ സന്ദർശനം, വിഷു ദിവസം പരസ്പരം തിരികെ നടത്തിയ ചില സന്ദർശനങ്ങൾ, ഒടുവിൽ പ്രധാനമന്ത്രി കൊച്ചിയിൽ സഭാദ്ധ്യക്ഷന്മാരെ കണ്ടത്, ഇതെല്ലാം വലിയ ചർച്ചയാകുന്നതിനും വെറുപ്പിന്റെ പ്രത്യയശാസ്ത്രങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉള്ള വഴികളായി ചിലർ കണ്ടു. തുറന്നു സംസാരിക്കുന്നിടത്താണ് തെറ്റിദ്ധാരണകൾ മാറുന്നത്. മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ കാതോലിക്കാ ബാവ അത്യഭിവന്ദ്യ സിറിൽ ബസേലിയോസ് ബാവാതിരുമേനി ഈ നിലപാടിൽ വളരെ വ്യക്തതയുള്ള ആളായിരുന്നു. ഭാരതീയ സന്യാസത്തിന്റെയും കത്തോലിക്കാ പൗരോഹിത്യത്തിന്റെയും സമ്മേളിത പ്രതീകമായിരുന്നു അദ്ദേഹം.

www.malankaralibrary.com



അദ്ദേഹം ഭാരത കത്തോലിക്കാ മെത്രാൻ സമൂഹത്തിന്റെ തലവനായിരിക്കുമ്പോൾ അന്നത്തെ ആർ. എസ്. എസ് നേതാവ് ശ്രീ. സുദർശനനോട് സംവാദത്തിന് പോയത് കത്തോലിക്കാ സഭയിലെ തന്നെ പലരുടെയും എതിർവാദങ്ങളെ അവഗണിച്ചുകൊണ്ടാണ്. അദ്ദേഹം ഉയർത്തിയ വാദം ഇന്നും ശക്തവും പ്രസക്തവുമായ ഒന്നാണെന്ന് തെളിയിക്കുന്നതാണ് ഇപ്പോൾ നടക്കുന്ന സന്ദർശനങ്ങളും കൂടിക്കാഴ്ചകളും. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് അതിന്റെ വാതിലുകൾ പരസ്പരം സംസാരിക്കുന്നതിനും തെറ്റിദ്ധാരണകൾ മാറുന്നതിനും പരസ്പരം സ്വീകരിക്കുന്നതിനും സഹവർത്തിത്വത്തിന്റെ വഴികൾ തേടുന്നതിനും എപ്പോഴും തുറന്നിട്ടിരിക്കുന്നതാണ്. ബന്ധങ്ങളുടെ പാലങ്ങൾ തീർക്കുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. വെറുപ്പിന്റെ അലകൾ ശക്തമായി നിലനിർത്തുവാൻ ഗ്രഹാം സ്റ്റെയിൻസിന്റെയും കുടുംബത്തിന്റെയും ചിത്രം അവർ എപ്പോഴും ഉപയോഗിച്ചു കൊണ്ടിരിക്കും. മെഡിറ്ററേനിയൻ കടലിന്റെ തീരത്ത് ഇരുപതോളം യുവാക്കളെ ഓറഞ്ച് നിറത്തിലുള്ള വസ്ത്രമണിയിച്ച് മുഖം മൂടി കൈകൾ പിന്നോട്ട് കെട്ടി കഴുത്തുകൾ അറുത്തു മാറ്റുവാൻ നിർത്തിയിരിക്കുന്ന ദയനീയമായ ചിത്രം നമ്മുടെ മനസ്സിലുണ്ട്. ഗ്രഹാം സ്റ്റെയിൻസിന്റെ ചിത്രം വച്ച് വാതോരാതെ സംസാരിക്കുകയും നമുക്ക് മുകളിൽ വളരുന്ന ഭീഷണിയെക്കുറിച്ച് ഉത്കണ്ഠപ്പെടുകയും ചെയ്യുന്നവർ ഒരിക്കലും ഈ യുവാക്കളുടെ ദയനീയമായ ചിത്രം പ്രസിദ്ധീകരിച്ച് കണ്ടിട്ടില്ല. ഗ്രഹാം സ്റ്റെയിൻസിന്റെയും മക്കളുടെയും മരണം നമ്മുടെ ഹൃദയങ്ങളിലുണ്ടാക്കിയ മുറിവ് വളരെ വലുതാണ്. അത് ചില ജാഗ്രതകൾ പുലർത്തുവാൻ കാലഘട്ടത്തിന്റെ അനുഭവങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ എന്നും തങ്ങളുടെ വരുതിയിൽ നിലനിർത്താം എന്ന് വിചാരിക്കുന്നവർ ഈ സമൂഹത്തെ തക്കംപോലെ ഉപയോഗിക്കുകയും മാന്യമായ ഒരു ജീവിത സാഹചര്യം അവർക്ക് നഷ്ടമാക്കുകയും ചെയ്യുന്ന കാര്യത്തിലാണ് അവർ ശ്രദ്ധിച്ചത്. മുകളിലേക്ക് പണിതുയർത്തിയ പള്ളി പൊളിച്ചു മാറ്റുന്നതിനേക്കാൾ ജാഗ്രത നാം പുലർത്തേണ്ടത് ആരുമറിയാതെ നുഴഞ്ഞുകയറി അതിന്റെ അടിത്തറ ഇളക്കുന്നവരെയാണ്. മൂല്യവ്യവസ്ഥിതികളെ വെല്ലുവിളിക്കുന്ന അരാജകാവസ്ഥ, സ്വൈര്യജീവിതം നഷ്ടപ്പെടുത്തുന്ന നിയമവ്യവസ്ഥ, ദൈവനിഷേധം പ്രചരിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ, സർവ്വതും എനിക്കും എന്റെ പാർട്ടിക്കും എന്ന ഭരണവ്യവസ്ഥ, ഇതിനോടൊക്കെയും നമുക്ക് ചില ജാഗ്രത ആവശ്യമുണ്ട്.



**ഫാ. ബോവസ് മാത്യു**
ചീഫ് എഡിറ്റർ,
bovasmathew@gmail.com 9447661943

www.malankaralibrary.com

# പിതൃമൊഴി



## സഭയുടെ രാഷ്ട്രീയ നിലപാട്

സഭ എന്തിനാണ് രാഷ്ട്രീയത്തിൽ ഇടപെടുന്നത്? സഭയ്ക്ക് രാഷ്ട്രീയ നിലപാടുണ്ടോ? സഭ രാഷ്ട്രീയത്തിൽ ഇടപെടുന്നത് ശരിയാണോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ സഭാവിമർശകർ നിരന്തരമായി ഉന്നയിക്കാറുള്ളതാണ്. രാഷ്ട്രീയം എന്ന വാക്കിന്റെ അർത്ഥം സമഗ്രതയിലും പൂർണ്ണതയിലും ഇനിയും മനസ്സിലാക്കേണ്ടതുണ്ട് എന്ന് വ്യക്തം!

രാഷ്ട്രീയമെന്നാൽ രാഷ്ട്രത്തെ സംബന്ധിക്കുന്നത് എന്നാണർത്ഥം. അതിനെ ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയോടുള്ള ആഭിമുഖ്യമായി വ്യാഖ്യാനിക്കേണ്ടതില്ല. ദൗർഭാഗ്യവശാൽ രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെടുത്താതെ രാഷ്ട്രത്തെ മനസ്സിലാക്കുവാൻ ശ്രമിക്കാത്തതിന്റെയും കക്ഷിരാഷ്ട്രീയ പ്രബലതയുടെയും ഫലമാണിത്. സഭ നിലകൊള്ളുന്നത്, എക്കാലവും നിലകൊണ്ടിട്ടുള്ളത്, ദൈവാലയത്തിൽ വരുന്ന ആളുകൾക്കുവേണ്ടി മാത്രമല്ല. സകല മനുഷ്യർക്കും വേണ്ടിയാണ്. യേശുക്രിസ്തു ഈ ഭൂമിയിൽ അവതരിപ്പിക്കപ്പെട്ടത് സകലമനുഷ്യർക്കുമുള്ള നല്ല വാർത്തയായിട്ടാണ്. രാഷ്ട്രീയമെന്നാൽ ഒരു രാഷ്ട്രത്തിലെ മാനവസമൂഹത്തിന്റെ സമാധാനവും സുസ്ഥിതിയും പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ആശയരൂപീകരണവും ദിശാബോധവും അതിലേക്കുള്ള പ്രവർത്തനങ്ങളുമാണ്. ആത്യന്തികമായി മനുഷ്യനന്മയാണതിന്റെ ലക്ഷ്യം. അത്തരത്തിൽ നന്മ പുലരാനുള്ള ഒരു പരിശ്രമത്തിൽ നിന്ന് സഭയ്ക്ക് എങ്ങനെ ഒഴിഞ്ഞുനിൽക്കാനാവും? രാഷ്ട്ര നിർമ്മിതിയിയിലുള്ള സഭയുടെ പങ്കാളിത്തമാണത്.

കടുത്ത ദാരിദ്ര്യവും മനുഷ്യോചിതമല്ലാത്ത സാമ്പത്തിക ഉച്ചനീചത്വങ്ങളും വളർത്തുന്ന തെറ്റായ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതികൾ തിരസ്ക്കരിച്ച് അവയുടെ സ്ഥാനത്ത് കൂടുതൽ മനുഷ്യോചിതവും നീതിപൂർവ്വകവുമായ വ്യവസ്ഥിതികളും സംവിധാനങ്ങളും രൂപവത്ക്കരിക്കണമെന്നതാണ് രാഷ്ട്ര നിർമ്മിതിയെക്കുറിച്ചുള്ള സഭയുടെ അടിസ്ഥാനപരമായ കാഴ്ചപ്പാട്.

www.malankaralibrary.com



ആദിമസഭയുടെ ചരിത്രം മുതൽ സഭയും സഭാ നേതൃത്വവും സാമൂഹിക രാഷ്ട്ര വിഷയങ്ങളിൽ ഇടപെട്ടിട്ടുണ്ട്. സഭയുടെ സാമൂഹിക പ്രബോധനങ്ങൾ ഒരു പഠനവിഷയമാക്കാൻ പോന്നവിധം വിപുലവുമാണ്. ചാക്രിക ലേഖനങ്ങളിലൂടെ മാർപ്പാപ്പമാർ സമൂഹത്തിലെ തെറ്റുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്, പുതിയ ദിശാബോധം നൽകിയിട്ടുണ്ട്. പല ചാക്രിക ലേഖനങ്ങൾക്കും വലിയ സാമൂഹിക സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. മാനവികത മാത്രമല്ല പരിസ്ഥിതിയും ധാർമ്മികതയുമൊക്കെ സഭയുടെ വിഷയങ്ങളാണ്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ലൗദാത്തോസി എന്ന ചാക്രിക ലേഖനം പരിസ്ഥിതിയോടുള്ള മനുഷ്യന്റെ കടമകളിലേക്കു വെളിച്ചം വീശുന്നതാണ്.

കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ വ്യക്തിയുടേയും സമൂഹത്തിൻന്റേയും നന്മയ്ക്കു ഒരുപോലെ പ്രാധാന്യം നൽകുന്നുവെന്ന അഭിപ്രായക്കാരനായിരുന്നു ദിവംഗതനായ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ. തിരുസഭ സാമൂഹ്യ-രാഷ്ട്രീയ രംഗത്ത് നൽകുന്നത് അടിസ്ഥാന ധാർമ്മിക ദർശനമാണ്. വ്യക്തിയുടേയും സമൂഹത്തിന്റേയും സമഗ്രനന്മയാണ് സഭ ആഗ്രഹിക്കുന്നത്. ആലംബഹീനരുടേയും അടിച്ചമർത്തപ്പെട്ടവരുടേയും അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നതാണ് സഭയുടെ രാഷ്ട്രീയം. ഏതെങ്കിലും കാരണത്താൽ പരിഗണിക്കപ്പെടുകയില്ല എന്ന ചിന്ത, നന്മ ഉണ്ടാകേണ്ട വിഷയങ്ങളിൽ, ഏതെങ്കിലും ശബ്ദമില്ലാത്തവരുടെയോ, പിന്നാക്കം നിൽക്കുന്നവരുടെയോ കാര്യത്തിൽ ഉണ്ടാകുമ്പോൾ വോട്ടുബാങ്ക് നോക്കി മാത്രം കാര്യങ്ങൾ ക്രമീകരിക്കുന്ന സമ്പ്രദായത്തിൽ, സഭ പതിതരുടെ ശബ്ദമായി അവതരിക്കണമെന്നതും, പ്രതിധ്വനിക്കണമെന്നതും തന്നെയാണ് സഭയുടെ എന്നുമുള്ള പ്രബോധനവും പ്രവർത്തന നാൾവഴികളും. ഈ വിഷയത്തിൽ സഭയ്ക്ക് പരാജയങ്ങളും വീഴ്ചകളും ഉണ്ടായിട്ടില്ലായെന്ന അവകാശവാദമോ ക്ലീൻചിറ്റ് നിരത്തലോ ഒന്നും ആവശ്യമില്ല. എന്നാൽ, രാഷ്ട്രനിർമ്മാണത്തിലെ ദിശാബോധ നിർണ്ണയം, ധാർമ്മിക നിലപാട് സ്വാംശീകരണം, പിൻതള്ളപ്പെടുന്നവരുടെയും അതിർത്തിയിലേക്ക് തള്ളി മാറ്റപ്പെടുന്നവരുടെയും കാര്യത്തിലുള്ള നിലപാട് രൂപികരണം എന്നിവ സഭ ഇടപെടേണ്ട വിഷയങ്ങൾ തന്നെയാണ്. സഭ, പള്ളിയിലെ കുർബ്ബാനയുടെ കാര്യം നോക്കിയാൽ മതി, പള്ളിക്ക് പുറത്തെ കാര്യങ്ങളിൽ ഇടപെടേണ്ട എന്നത് പറയാതെ പറയുന്നതാണ് സഭ രാഷ്ട്രീയത്തിൽ ഇടപെടേണ്ട എന്ന പ്രസ്താവനയും അതിന്റെ ധ്വനികളും. സമൂഹനിർമ്മിതി എന്ന സഭയുടെ സാമൂഹ്യ പ്രതിബദ്ധതയിൽ, സഭയുടെ ശ്രദ്ധ, രാഷ്ട്രനിർമ്മാണവും സമൂഹ വളർച്ചയുമാണ്; കക്ഷി രാഷ്ട്രീയത്തിലെ പാർട്ടി വളർച്ചയല്ല.

സഭയുടെ നിലയും നിലപാടും അങ്ങനെതന്നെ ആയിരിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

www.malankaralibrary.com



കവർ സ്റ്റോറി



# ആനുകാലിക രാഷ്ട്രീയവും സഭയും

റവ. ഡോ. മൈക്കിൾ പുളിക്കൽ CMI

ഇന്ത്യൻ രാഷ്ട്രീയത്തിൽ മതമൗലിക പ്രത്യയശാസ്ത്രങ്ങളുടെ ആസൂത്രിതമായ കടന്നുകയറ്റം ഉളവാക്കിയിരിക്കുന്ന ആശയക്കുഴപ്പങ്ങളും അവ്യക്തതകളും പൊതുജനങ്ങൾക്കിടയിൽ അടുത്ത കാലത്തായി കൂടുതൽവ്യക്തമാണ്. ഒരേ സമയം പരസ്പരം കീഴടക്കാൻ ശ്രമിക്കുന്നതും, മറ്റെല്ലാത്തിനേയും ശത്രുതയോടെ കാണുന്നതും, ഒരിക്കലും പരസ്പരം പൊരുത്തപ്പെടാൻ കഴിയാത്തതുമായ വിവിധ തീവ്രചിന്താഗതികൾ തമ്മിലുള്ള തുറന്ന സംഘർഷം ഇവിടെ ആരംഭിച്ചു കഴിഞ്ഞു. ക്യാൻസർ ശരീരഭാഗങ്ങളിൽ പല തലങ്ങളിലും രീതികളിലും പടരുന്നതുപോലെ വിവിധ രൂപങ്ങളിലാണ് മതമൗലികരാഷ്ട്രീയത്തിന്റെ അനുരണനങ്ങൾ സമൂഹത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്നത്. ഈ ഘട്ടത്തിൽ ക്രൈസ്തവരുടെ, പ്രത്യേകിച്ച് കത്തോലിക്കാ സഭയുടെ രാഷ്ട്രീയ നിലപാടും സമീപനവും എപ്രകാരമായിരിക്കണം എന്നത് വളരെ ആഴത്തിൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ്.

**തെറ്റിദ്ധരിപ്പിക്കപ്പെടുന്ന ക്രൈസ്തവർ**

ക്രൈസ്തവ സമൂഹം സാമൂഹികമായും സമുദായികമായും നേരിടുന്ന വെല്ലുവിളികൾക്ക് പിന്നിൽ, വിവിധ മതമൗലികവാദ പ്രത്യയ ശാസ്ത്രങ്ങൾക്കുമുള്ള പങ്കിനെക്കുറിച്ച് ബൗദ്ധിക സമൂഹത്തിനിടയിൽ പോലും ആശയക്കുഴപ്പങ്ങളുണ്ട്. ഈ ആശയക്കുഴപ്പം പലരും മുതലെടുക്കുകയും, ക്രൈസ്തവരെ തെറ്റിദ്ധരിപ്പിക്കാൻ ഉപയോഗിക്കുകയും ചെയ്തുവരുന്നു. ക്രൈസ്തവർക്കിടയിലെ ഈ ആശയ ഐക്യമില്ലായ്മ വ്യക്തവും നിഷ്പക്ഷവുമായ ഒരു രാഷ്ട്രീയ നിലപാട് സ്വീകരിക്കുന്നതിനും വെളിപ്പെടുത്തുന്നതിനും വിഘാതമാകുന്നുണ്ട്.

സംഘപരിവാർ അജണ്ടകളെ പ്രതിരോധിക്കാൻ മുസ്ലിം സമൂഹത്തോട് പക്ഷം ചേരണമെന്നും, ഇസ്ലാമിക അതിക്രമങ്ങളെ പ്രതിരോധിക്കാൻ സംഘപരിവാർ സംഘടനകളോട് സഹകരിക്കണമെന്നുമുള്ള രണ്ടുവിധം ആശയപ്രചരണങ്ങൾ കേരളത്തിൽ ഒരേപോലെ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നത് നല്ല ലക്ഷണമല്ല. ഈ രണ്ടുവിധ ആശയങ്ങളുടെ പ്രചാരകർ തമ്മിലുള്ള വാക്ക്തർക്കങ്ങൾക്ക് സോഷ്യൽമീഡിയ പതിവായി വേദിയാകാറുണ്ട്. ഇത്തരം ചർച്ചകളും ആശയ പ്രചാരണങ്ങളും വർദ്ധിക്കുന്നതിന് ആനുപാതികമായി സാധാരണക്കാർ കൂടുതൽ ആശയക്കുഴപ്പങ്ങളിൽ അകപ്പെടുകയും തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്യുന്നു.

www.malankaralibrary.com




**ഇസ്ലാമിക അജണ്ടകൾ അവഗണിക്കപ്പെടുന്നതിന് പിന്നിൽ**

ബൗദ്ധികമായി ചിന്തിക്കുന്നു എന്ന് സ്വയവും, മറ്റുള്ളവരും കരുതുന്ന ഒരു വിഭാഗം പേർ ചില സാമൂഹിക സമ്മർദ്ദങ്ങളുടെ ഫലമായി, തീവ്ര ഇസ്ലാമിക പ്രത്യയ ശാസ്ത്ര ത്തിൻറെ ഭാഗമായ പ്രതിസന്ധികളെ തമസ കരിക്കുകയും അവ കേവലം സംഘപരിവാർ സൃഷ്ടി എന്ന ആഖ്യാനത്തിൽ അടിയുറച്ചു വിശ്വസിക്കുകയും ചെയ്യുന്നു. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പ് മുതൽ കേരളത്തിന്റെ ബൗദ്ധിക മണ്ഡലത്തെ തന്ത്രപരമായി കീഴ്പ്പെടുത്തിയ തീവ്ര ഇസ്ളാമിക സംഘടനകളുടെ പ്രവർത്തന ഫലമായാണ് ഇപ്പോഴും കുറേയേറെപ്പേരെ തെറ്റിദ്ധാരണകളിൽ നിലനിർത്താൻ അവർക്ക് കഴിഞ്ഞി ട്ടുള്ളത്. ബുദ്ധിജീവി ആയി പരിഗണിക്കപ്പെടണമെങ്കിൽ തങ്ങൾ സംഘപരിവാറിനെ തള്ളിപ്പറയുന്നവരും, ഇസ്ലാമിക സമൂഹത്തെ പൂർണമായി ഉൾക്കൊള്ളുന്നവരും ആയിരിക്ക ണമെന്ന ധാരണ നല്ലൊരു ശതമാനം സാംസ്കാരിക നായകരിലും എഴുത്തുകാരിലും കുടികൊള്ളുന്നുണ്ട്. ബൗദ്ധിക രചനകൾ പ്രസിദ്ധീകരിക്കപ്പെടുന്ന പ്രമുഖ മലയാള പ്രസിദ്ധീകരണങ്ങളിൽ ഏറിയ പങ്കും ഇത്തര ത്തിലാണ് ആശയാവതരണങ്ങൾ നടത്തിവരുന്നത്. മുസ്ലീം സമുദായം നേരിടുന്ന പ്രശ്നങ്ങൾ, പ്രതിസന്ധികൾ, അവഗണനകൾ തുടങ്ങിയവയെല്ലാം ഊതിപ്പെരുപ്പിച്ച രീതിയിൽ നിരന്തരം ചർച്ചകൾക്കും ലേഖനങ്ങൾക്കും മറ്റു രചനകൾക്കും വിഷയമാക്കുകയും, സിനിമകളിൽ അവതരി പ്പിക്കപ്പെടുകയും ചെയ്യുമ്പോൾ, പാവപ്പെട്ടവർക്കുവേണ്ടി നിലകൊള്ളുകയും അവർക്കുവേണ്ടി ജീവിക്കുകയും ചെയ്യുന്ന കാരണത്താൽ മാത്രം വിവിധ ഇന്ത്യൻ സംസ്ഥാ നങ്ങളിൽ നിരന്തരം പീഡിപ്പിക്കപ്പെടുകയും ആക്രമിക്കപ്പെടു കയും ചെയ്യുന്ന മിഷനറിമാരെക്കുറിച്ചോ, ക്രൈസ്തവർ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചോ ചർച്ച ചെയ്യാൻ ഈ ബൗദ്ധിക സമൂഹം തയ്യാറാകുന്നില്ല. മാത്രമല്ല, വാസ്തവ ങ്ങൾ എന്ന വ്യാജേന ക്രൈസ്തവ വിരുദ്ധത പ്രചരിപ്പിക്ക പ്പെടുന്നതും ഒട്ടനവധി പ്രസിദ്ധീകരണങ്ങൾക്ക് പിന്നിലെ തൽപരകക്ഷികളുടെ ലക്ഷ്യങ്ങളിൽ പെടുന്നതാണ്.

ഇസ്ലാമിക അജണ്ടകളെ തമസ്കരിക്കുകയും വെള്ളപൂശു കയും ചെയ്യുന്നതിനൊപ്പം, ക്രൈസ്തവ വിരുദ്ധത പ്രചരി പ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടതോടെ ഇത്തരം ബൗദ്ധിക നീക്കങ്ങൾക്ക് പിന്നിലുള്ളവരെ അന്വേഷിച്ചു കണ്ടെത്തിയ ചിലർ അത്തരം പ്രസിദ്ധീകരണങ്ങളോടും പിന്നിലുള്ള സംഘടനകളോടും ഏതെങ്കിലും വിധത്തിൽ സഹകരിക്കുന്ന എല്ലാവരെയും ഒരേ പ്രത്യയ ശാസ്ത്ര ത്തിന്റെ വാഹകരായി കരുതിപ്പോന്നു. ഇസ്ലാമിസ്റ്റുകളുടെ ഫണ്ടും, മറ്റ് വഴിവിട്ട സഹായങ്ങളും സ്വീകരിക്കുന്നവരാണ് ചില കത്തോലിക്കാ വൈദികർ പോലും എന്ന പ്രചാരണ ത്തിൻറെ പിന്നിൽ ഈ ധാരണയാണ്. എന്നാൽ, തങ്ങളുടെ ബൗദ്ധിക മണ്ഡലത്തിൽ കുറേയേറെപ്പേരെ തന്ത്രപരമായി എക്കാലവും തളച്ചിടാൻ അത്തരക്കാർക്ക് കഴിഞ്ഞിരിക്കുന്ന താണ് പ്രധാന കാരണം.

അതേസമയം, ക്രൈസ്തവരുടേത് മാത്രമോ, ക്രൈസ്ത വർക്ക് ഇടയിലുള്ളതോ ആയ പ്രശ്നങ്ങളിൽ ഇടപെടാനും പലവിധ സഹായങ്ങൾ ചെയ്യാനും അവസരങ്ങൾ കണ്ടെ ത്താൻ ചില തീവ്ര ഇസ്ലാമിക സംവിധാനങ്ങൾ സൂക്ഷമത യോടെ കാത്തിരിക്കുന്നത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. ചില മുഖ്യധാരാമാധ്യമങ്ങളിൽ തുടങ്ങി അത്തരക്കാരുടെ ഒട്ടേറെ പ്രസിദ്ധീകരണങ്ങളിലും ഓൺലൈൻ പോർട്ടലു കളിലും ഇത്തരം വിഷയങ്ങൾക്ക് കാര്യമായ ഇടം നീക്കി വയ്ക്കുകയും പ്രശ്നപരിഹാരത്തിന് തങ്ങളും സഹായി ക്കുന്നു എന്ന പ്രതീതി സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത്തര ത്തിലും ഒരു വിഭാഗംപേരെ തെറ്റിദ്ധരിപ്പിക്കാൻ അത്തര ക്കാർക്ക് കഴിയുന്നുണ്ട്. എന്നാൽ, ഇടപെടുന്ന പ്രശ്നങ്ങൾ പലപ്പോഴും കൂടുതൽ വഷളാക്കുകയാണ് അവർ ചെയ്യുന്ന തെന്ന് പലർക്കും മനസിലാകുന്നതുമില്ല. നിഷ്പക്ഷമായി പ്രശ്നങ്ങളിൽ ഇടപെടുകയും, സത്യസന്ധമായി സംസാരി ക്കുകയും ചെയ്യുന്നു എന്ന് വരുത്തി തീർക്കുന്നതോടൊപ്പം സഭാസംബന്ധമായും വിശ്വാസസംബന്ധമായുമുള്ള മറ്റു വിഷയങ്ങളിൽ അനാവശ്യ കൈകടത്തലുകൾ നടത്തി കൂടുതൽ തെറ്റിദ്ധാരണകൾ സൃഷ്ടിക്കാൻ ചില പ്രസിദ്ധീ കരണങ്ങൾ ശ്രമിക്കുകയും അതിൽ ഒരു പരിധിവരെ വിജയിക്കുകയും ചെയ്യുന്നുണ്ട്.

ദേശീയ ന്യൂനപക്ഷ വിഷയങ്ങളിലും, മറ്റു സംസ്ഥാന ങ്ങളിലെ വർഗ്ഗീയ പ്രശ്നങ്ങളിലും ക്രൈസ്തവരോട് കക്ഷി ചേർന്നുള്ള പ്രവർത്തനങ്ങൾക്ക് കേരളത്തിൽ അമിത പ്രാധാന്യം നൽകുന്ന ഇസ്ലാമിക സംഘടനകളുടെയും മാധ്യ മങ്ങളുടെയും ശൈലിയും ശ്രദ്ധേയമാണ്. ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന പ്രമുഖ ക്രൈസ്തവ നേതാക്കളുടെ ഇത്തരം വിഷയങ്ങളിലുള്ള ലേഖനങ്ങൾ കേരളത്തിലെ ചില പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. ഇത്തര ത്തിൽ ദേശീയ ക്രൈസ്തവ നേതൃത്വവുമായി പതിവായി ആശയവിനിമയം നടത്തുന്ന ശൈലി കേരളത്തിലെ തീവ്ര ഇസ്ലാമിക ബൗദ്ധിക പക്ഷം സ്വീകരിച്ചുവരുന്നു. ഇക്കാരണ ത്താൽ തന്നെ, കേരളത്തിലെ ക്രൈസ്തവരിൽ ഒരു വിഭാഗത്തിനിടയിൽ, ദേശീയ ക്രൈസ്തവ നേതാക്കളായി പരിഗണിക്കപ്പെട്ടുവരുന്ന പലർക്കും എതിരായുള്ള വികാരം രൂപപ്പെട്ടിട്ടുണ്ട്. തിരിച്ചും, കേരളത്തിലെ പ്രത്യേക രാഷ്ട്രീ യാന്തരീക്ഷം സംബന്ധിച്ചുള്ള തെറ്റായ ചിത്രം ദേശീയ തലത്തിൽ രൂപപ്പെടുത്തുവാനും ഇതിനകം ഇത്തരക്കാർക്ക് കഴിഞ്ഞിട്ടുണ്ട്.



www.malankaralibrary.com





**സംഘപരിവാർ ആശയങ്ങൾക്ക് പ്രചാരം വർദ്ധിക്കുന്നു**

ഇസ്ലാമിസ്റ്റുകളുടെ പ്രവർത്തനങ്ങളും അതിന് പിന്നിലെ തന്ത്രങ്ങളും ഗൂഢലക്ഷ്യങ്ങളും തന്നെയാണ് കേരളത്തിൽ സംഘപരിവാർ പ്രത്യയശാസ്ത്രത്തിന്റെ പ്രചാരത്തിന് പശ്ചാത്തലമൊരുക്കിയത്. എന്നാൽ, അത്തരം വിഷയങ്ങളും അനുബന്ധ സംഭവങ്ങളും അതത് സമയങ്ങളിൽ മുതലെടുക്കാനുള്ള അമിതാവേശം സംഘപരിവാർ അനുഭാവികൾ ആരംഭം മുതൽ പ്രകടിപ്പിച്ചുവരുന്നത് മറുപക്ഷത്തിൻറെ 'ഇരവാദത്തിന്' കൂടുതൽ വിശ്വാസ്യത ലഭിക്കുവാൻ കാരണമായിട്ടുണ്ട്. തങ്ങളുടെ തകർച്ച ലക്ഷ്യം വച്ചുകൊണ്ടുള്ള വ്യാജപ്രചാരണങ്ങളാണ് സംഘപരിവാർ നടത്തി വരുന്നത് എന്ന വാദത്തിൽ ആരംഭം മുതൽ ഉറച്ചുനിന്ന ചരിത്രമാണ് തീവ്ര ഇസ്ലാമിക ബൗദ്ധിക സമൂഹത്തിനുള്ളത്. ആ ആശയം സമൂഹത്തിൽ അടിച്ചേൽപ്പിക്കാൻ സാധ്യമായ എല്ലാവിധ മാർഗ്ഗങ്ങളും അവർ ഉപയോഗിച്ചുവരുന്നുമുണ്ട്.

ഇത്തരം പ്രചരണങ്ങൾ മുഖവിലയ്ക്ക് എടുക്കപ്പെടുന്നതിൽ പ്രകോപിതരായ സംഘപരിവാർ അനുഭാവികൾ കേരളത്തിലെ ബൗദ്ധിക സമൂഹത്തെ ഒന്നടങ്കം ഇസ്ലാമിസ്റ്റ് ചേരിയിൽ ഉൾപ്പെടുത്തുകയും തരംകിട്ടുമ്പോൾ ആശയപരമായി ആക്രമിക്കുകയും ചെയ്തുവരുന്നു. കഴിഞ്ഞ മൂന്നുനാല് വർഷങ്ങൾക്കിടയിൽ കേരളത്തിലെ ക്രൈസ്തവ സമൂഹത്തിൽ വന്നിരിക്കുന്ന രാഷ്ട്രീയ നിലപാടുകളിലെ മാറ്റം ഒരുപരിധിവരെ ബിജെപിക്കും സംഘപരിവാറിനും അനുകൂലമാണെന്ന് വ്യക്തമാണ്. അവിടെയും, അത്തരമൊരു ചായ്‌വ് ക്രൈസ്തവർക്കിടയിൽ രൂപപ്പെടാൻ മുഖ്യകാരണം ഇസ്ലാമിസ്റ്റുകളുടെ പ്രവർത്തനങ്ങളാണ്. എന്നാൽ, ക്രൈസ്തവ വിരുദ്ധത പ്രഘോഷിക്കുന്നതിൽ സംഘപരിവാർ അനുകൂല സംവിധാനങ്ങളും അനുയായികളും ഒരിക്കലും പിന്നിലായിരുന്നില്ല എന്ന വസ്തുത വളരെ പ്രധാനപ്പെട്ടതാണ്.

ഏതൊരു മതമൗലികവാദ പ്രത്യയ ശാസ്ത്രവും പ്രവർത്തനപഥത്തിലേയ്ക്ക് കടന്നാൽ, അതിന് ഇതര മതങ്ങളോട് ആത്യന്തികമായ സഹിഷ്ണുത പുലർത്താൻ കഴിയില്ല എന്ന അടിസ്ഥാന തത്വത്തെ വിസ്മരിച്ചുകൊണ്ടുള്ള ആഭിമുഖ്യങ്ങൾ അപകടകരമാണ്. ക്രൈസ്തവരിൽ ഒരു വിഭാഗം സംഘപരിവാറിൻറെ രീതികളോടും നിലപാടുകളോടും ചായ്‌വ് പ്രകടിപ്പിച്ചു തുടങ്ങിയപ്പോൾ അതിനെ ഒരു സുവർണ്ണാവസരമായി ദേശീയ നേതൃത്വം കണ്ടു എന്നുള്ളത് വാസ്തവമാണ്. ഏതുവിധേനയും കേരളത്തിലെ ക്രൈസ്തവ വിഭാഗങ്ങളുടെ പിന്തുണ നേടിയെടുക്കാൻ എല്ലാ അടവും ആർഎസ്എസ്, ബിജെപി നേതൃത്വങ്ങൾ സ്വീകരിച്ചുവരുന്ന കാഴ്ചകൾ നാം കണ്ടുകൊണ്ടിരിക്കുന്നുണ്ട്. കഴിഞ്ഞ ക്രിസ്തുമസിനോട് അനുബന്ധിച്ച് കേരളത്തിലെ പരമാവധി ക്രൈസ്തവ ഭവനങ്ങളിൽ നേരിട്ടെത്തി ആശംസകൾ അറിയിക്കാനുള്ള നിർദ്ദേശം നേതൃത്വത്തിൽനിന്ന് തന്നെ ഉണ്ടായിട്ടുണ്ട് എന്ന് റിപ്പോർട്ടുകളുണ്ട്.

നയതന്ത്രപരമായ ഇത്തരം സമീപനങ്ങൾ കൂടുതൽ പ്രകടമാകുമ്പോഴും, മറുവശത്ത് ക്രൈസ്തവ സമൂഹത്തിനെതിരെയുള്ള നീക്കങ്ങളും വ്യക്തമാണ്. വ്യക്തമായ രാഷ്ട്രീയ ലക്ഷ്യങ്ങൾ മുന്നിൽ കാണുന്ന ഒരു വിഭാഗം മുൻനിരയിൽ ആയിരിക്കുമ്പോഴും, അവർക്ക് പിൻബലമായി നിലകൊള്ളുന്ന അണികളും, രണ്ടാംനിര സംഘടനാ നേതൃത്വങ്ങളും ഉള്ളിൽ തീവ്ര മൗലികവാദ ആശയങ്ങൾ ഉള്ളിൽ സൂക്ഷിക്കുന്നവരാണ് എന്നുള്ളതാണ് അതിന് കാരണം. ഭരണ നേതൃത്വത്തോടുള്ള സ്വാഭാവിക ആഭിമുഖ്യം എന്നതിനപ്പുറം, പ്രത്യയശാസ്ത്രത്തോടുള്ള സമവായം പ്രായോഗികമല്ല എന്ന സൂചനയാണ് ഇപ്പോഴും തുടരുന്ന രണ്ടുവിധ സമീപനങ്ങൾ നൽകുന്നത്. ഹിന്ദുത്വവാദ ആശയങ്ങൾ തീവ്രവാദപരമായി പിന്തുടരുന്നവരുടെ അനുപാതം കേരളത്തിൽ വളരെ കുറവാണ് എങ്കിലും അത്തരക്കാരുടെ എണ്ണം വർദ്ധിക്കുന്നു എന്ന വാസ്തവത്തെ അവഗണിക്കാനാവില്ല.

**ബിജെപിയുടെ ലക്ഷ്യവും മാർഗ്ഗങ്ങളും**

വലിയ രീതിയിൽ ധ്രുവീകരണം സംഭവിച്ചുകൊണ്ടിരിക്കുന്ന കേരള രാഷ്ട്രീയത്തിൽ ഇടം കണ്ടെത്താനുള്ള ശ്രമങ്ങളുടെ ഭാഗമാണ് കേരളത്തിൽ ഇപ്പോൾ കണ്ടുവരുന്ന ബിജെപിയുടെ ക്രൈസ്തവ പ്രീണനം എന്നുള്ളതിൽ സംശയമില്ല. ആർഎസ്എസ് പക്ഷ മാധ്യമങ്ങളും പ്രസിദ്ധീകരണങ്ങളും എക്കാലവും പ്രചരിപ്പിച്ചിട്ടുള്ള മുഖ്യ വിഷയങ്ങളിൽ ഒന്ന് ക്രൈസ്തവ വിരുദ്ധതയാണ്. മറ്റു ഭാഷാ പ്രസിദ്ധീകരണങ്ങളുമായി താരതമ്യം ചെയ്താൽ കേരളത്തിൻറെ പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ അൽപ്പം മയം ഉണ്ടായിട്ടുണ്ട്. എങ്കിൽപ്പോലും ബിജെപി സംഘ



www.malankaralibrary.com



പരിവാർ ഉടമസ്ഥതയിലുള്ള മാധ്യമങ്ങൾ തരം കിട്ടുമ്പോഴെല്ലാം ക്രൈസ്തവർക്കും കത്തോലിക്കാ സഭയ്ക്കും എതിരെയുള്ള വാർത്തകൾക്ക് അമിത പ്രാധാന്യം നൽകി അവതരിപ്പിക്കുന്നു. ആർഎസ്എസിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ കേസരി മാസികയുടെ വിവിധ ലക്കങ്ങളിലും ക്രൈസ്തവവിരുദ്ധത മുഴച്ചുനിൽക്കുന്ന ലേഖനങ്ങൾ പതിവാണ്.

കേരളത്തിൻറെ ഇപ്പോഴുള്ള സാഹചര്യത്തിൽ മൃദു സമീപനം സ്വീകരിച്ചിരിക്കുന്നു എന്നുള്ളതിൽ കവിഞ്ഞ്, ശാശ്വതമായ ഒരു സമവായ നീക്കമോ, മാറ്റങ്ങളോ സംഘപരിവാർ, ബിജെപി നിലപാടുകളിൽ പ്രതീക്ഷിക്കുന്നതിൽ യുക്തിയില്ല. മാത്രവുമല്ല, ഒരു പരിധിക്കപ്പുറം സംഘപരിവാർ ആഭിമുഖ്യമുള്ള സംഘടനകൾക്കുള്ളിലും, അത്തരം വ്യക്തികൾ ഉൾപ്പെടുന്ന നവമാധ്യമ കൂട്ടായ്മകളിലും കടുത്ത സഭാവിരുദ്ധത പ്രചരിപ്പിക്കപ്പെടുന്നുണ്ട്. അത്തരം ഇടങ്ങളിൽ വിവിധ വിഷയങ്ങളിലെ സഭയുടെ നിലപാടുകൾക്ക് വിരുദ്ധമായ ആശയപ്രചരണങ്ങളും സജീവമാണ്. ഇക്കാരണങ്ങളാൽ, സഭാ നേതൃത്വത്തെ മാറ്റി നിർത്തിക്കൊണ്ടുള്ള നീക്കങ്ങളാണ് ചിലർ ലക്ഷ്യം വയ്ക്കുന്നതെന്ന് കരുതാവുന്നതാണ്. സംഘടനാ സംവിധാനങ്ങൾ, രാഷ്ട്രീയ നീക്കങ്ങൾ തുടങ്ങി വിവിധോദ്ദേശ്യ ചർച്ചകൾ കൊണ്ടുപിടിച്ച് നടക്കുന്നുണ്ടെങ്കിലും, ഔദ്യോഗിക സഭാ നേതൃത്വത്തെ അത്തരം ചർച്ചകളുടെ ഏതെങ്കിലും ഘട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണാറില്ല. അത്തരം സംഘടനകളുടെ നേതൃസ്ഥാനങ്ങളിൽ വന്നിട്ടുള്ളവരും ഔദ്യോഗികമായി സഭാ നേതൃത്വത്തെ സമീപിക്കുന്ന രീതി സ്വീകരിക്കാറില്ല.

**സഭയുടെ രാഷ്ട്രീയ നിലപാടുകൾ**

സഭാനേതൃത്വത്തിൻറെ രാഷ്ട്രീയ നിലപാടുകൾ പൊതു സമൂഹത്തിനും വിശ്വാസി സമൂഹത്തിനും കടുത്ത ആശയക്കുഴപ്പമുള്ള ഒരു വിഷയമാണ്. ചില രാഷ്ട്രീയ പാർട്ടികളുടെ വക്താക്കളും, രാഷ്ട്രീയ താല്പര്യങ്ങളുള്ള മാധ്യമങ്ങളും, സമൂഹമാധ്യമങ്ങളിൽ സജീവമായി ഇടപെടുന്ന ചിലരും നടത്തിവരുന്ന പ്രചരണങ്ങൾ ഇക്കാര്യത്തിലെ ആശയക്കുഴപ്പങ്ങൾ അനുദിനം വർദ്ധിപ്പിച്ചുകൊണ്ടുമിരിക്കുന്നു. പലപ്പോഴും നേതൃസ്ഥാനങ്ങളിലുള്ളവരെ ഉദ്ധരിച്ചുകൊണ്ട് പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ വളച്ചൊടിക്കപ്പെട്ടവയും, സന്ദർഭത്തിൽനിന്ന് അടർത്തിമാറ്റി അവതരിപ്പിക്കപ്പെടുന്നവയുമാണ്. മുഖ്യമായും 'സഭ ബിജെപിയിലേക്ക് കൂടുതൽ അടുത്തുകൊണ്ടിരിക്കുന്നു' എന്ന പ്രചരണത്തിനായാണ് ഇത്തരം തന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഒരു രാഷ്ട്രീയ പാർട്ടികളോടും പ്രത്യേകിച്ചുള്ള അടുപ്പമോ, അകൽച്ചയോ ഇല്ല എന്ന സഭയുടെ നിലപാടിനെ മറച്ചുവയ്ക്കുകയും ഇല്ലാത്ത രാഷ്ട്രീയ താൽപ്പര്യങ്ങൾ സഭയ്ക്കുണ്ട് എന്ന് സ്ഥാപിക്കപ്പെടുകയും ചെയ്തുവരുന്നുണ്ട്. ഇത്തരമൊരു സ്ഥിതിവിശേഷം കൂടുതൽ സങ്കീർണ്ണമാകാനുള്ള സാദ്ധ്യതകൾ ഗൗരവമായി കാണേണ്ടതുണ്ട്.

വർഗ്ഗീയതയുടെയും സ്വജനപക്ഷപാതത്തിൻറെയും രാഷ്ട്രീയം കൂടുതൽ ശക്തമാകുന്ന ഈ കാലഘട്ടത്തിൽ,



വിവിധ പക്ഷങ്ങളിൽ ചെന്നുപെടുന്ന ക്രൈസ്തവർ അതിവൈകാരികതയും ശത്രുതയും പ്രകടിപ്പിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. പല കാരണങ്ങളാലും ക്രൈസ്തവർക്കിടയിൽ അകൽച്ചകൾ വർദ്ധിക്കുന്നു എന്നുള്ളത് പ്രധാന വസ്തുതയാണ്. പതിറ്റാണ്ടുകൾക്ക് മുമ്പ് മുതൽ മുൻവിധികളില്ലാതെ ഐക്യം എന്നൊന്ന് മറ്റു സമുദായാംഗങ്ങളെ അപേക്ഷിച്ച് ക്രൈസ്തവരായ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതാക്കൾക്കിടയിൽ താരതമ്യേന വളരെ കുറവ് തന്നെയായിരുന്നു. കോൺഗ്രസ്, കമ്യൂണിസ്റ്റ്, കേരളാകോൺഗ്രസ് രാഷ്ട്രീയ നാൾവഴികളിൽ ക്രൈസ്തവ സാന്നിധ്യങ്ങൾ ഒരിക്കൽ സജീവമായിരുന്നെങ്കിലും പിന്നീട് ഘട്ടംഘട്ടമായി ഇപ്പോൾ ദുർബ്ബലമായിരിക്കുന്നതും, വ്യക്തികൾക്കപ്പുറം ക്രൈസ്തവ സമൂഹത്തിന് പ്രത്യേക സ്വാധീന ശക്തി തീരെയും നഷ്ടപ്പെട്ടിരിക്കുന്നതും എന്തുകൊണ്ടാണെന്നുള്ള ചോദ്യം കൂടുതൽ വിശകലനം ആവശ്യപ്പെടുന്നുണ്ട്. ഐക്യമില്ലായ്മയ്ക്കും പരസ്പരം പ്രോത്സാഹിപ്പിക്കാനുള്ള വൈമുഖ്യത്തിനും വലിയ പങ്കുണ്ട്. വിവിധ പാർട്ടികളിലും കക്ഷികളിലും സജീവമായിരിക്കുന്ന ക്രൈസ്തവർ തമ്മിൽ മുമ്പേ ഉണ്ടാകേണ്ടിയിരുന്ന ഒരു അനാക്രമണ സന്ധി ഇനിയെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു.

www.malankaralibrary.com



കവർ സ്റ്റോറി



# കാവിക്കുകീഴിൽ ക്രൈസ്തവർ സുരക്ഷിതരോ അരക്ഷിതരോ?



**റവ. ഫാ. ജോഷി മയ്യാറ്റിൽ**

ഭാരതത്തിൽ ക്രൈസ്തവർക്കെതിരേ വർധിച്ചുവരുന്ന അതിക്രമങ്ങൾക്കു തടയിടാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് കത്തോലിക്കാസഭയിലെ ഒരു ആർച്ചുബിഷപ്പ് സുപ്രീം കോടതിയെ സമീപിച്ച് കേസു നടത്തുന്ന നേരത്തുതന്നെ കത്തോലിക്കാസഭയിലെ ഒരു കർദിനാൾ പറയുന്നു, ഭാരതത്തിൽ ക്രൈസ്തവർ അരക്ഷിതത്വം അനുഭവിക്കുന്നില്ലെന്ന്!

സത്യം ഒന്നല്ലേ ഉണ്ടാകാനിടയുള്ളൂ... ഒന്നുകിൽ, കർദിനാൾ പറയുന്നതു സത്യം; അല്ലെങ്കിൽ, ആർച്ചുബിഷപ്പ് പറയുന്നതു സത്യം!

**രേഖകളിലൂടെ ഒരു സത്യാന്വേഷണം**

1998-ൽ ബിജെപി സർക്കാർ ഭരണത്തിലേറിയതിനു ശേഷം ഇന്ത്യയിൽ ക്രൈസ്തവർക്കെതിരേയുള്ള ആക്രമണങ്ങൾ ക്രമാതീതമാംവിധം വർധിച്ചു എന്ന് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. 1998 ജനുവരി മുതൽ 1999 ഫെബ്രുവരി വരെ രാജ്യത്ത് ക്രൈസ്തവർക്കെതിരേ 116 അതിക്രമങ്ങൾ ഉണ്ടായി എന്നത് പാർലിമെന്റു രേഖകൾതന്നെ വ്യക്തമാക്കുന്നു. 2001 നവംബറിൽ ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ കമ്മീഷൻ (NCM) പുറപ്പെടുവിച്ച കണക്കുകൾ പ്രകാരമുള്ള ആക്രമണങ്ങൾ ഇങ്ങനെയാണ്: 1997-ൽ 27; 1998-ൽ 86; 1999-ൽ 120; 2000-ൽ 216.

ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ വിവിധ റിപ്പോർട്ടുകൾ ഭാരതത്തിലെ ക്രൈസ്തവർ നേരിടുന്ന വിവിധങ്ങളായ അതിക്രമങ്ങൾ നിരത്തിവയ്ക്കുന്നുണ്ട്. വൈദികരെ വധിക്കുകയും സന്യാസിനികളെ മാനഭംഗപ്പെടുത്തുകയും ക്രൈസ്തവ സ്ഥാപനങ്ങളും ദേവാലയങ്ങളും ആക്രമിക്കുകയും ചെയ്യുകയാണ് പൊതുവായ ശൈലി. ക്രിസ്തുമതം സ്വീകരിച്ചവരെ നിർബന്ധിച്ചും ഭീഷണിപ്പെടുത്തിയും തിരികെ ഹൈന്ദവരാക്കി മാറ്റുന്ന 'ഘർ വാപസി' എന്ന ഏർപ്പാട് കേട്ടുതുടങ്ങിയതും ബിജെപി സർക്കാർ അധികാരത്തിലേറിയതിനു ശേഷമാണ്. വിശ്വഹിന്ദു പരിഷത്ത്, ബജ്‌റങ്ദൾ, രാഷ്ട്രീയ സ്വയംസേവാസംഘ് എന്നീ സംഘപരിവാർ സംഘടനകളാണ് ക്രൈസ്തവർക്കെതിരേയുള്ള ആക്രമണങ്ങൾക്കു ചുക്കാൻ പിടിക്കുന്നത്.

1998-ൽ ഏറ്റവും കൂടുതൽ ക്രൈസ്തവവേട്ട നടന്നത് ഗുജറാത്തിലാണ്. ക്രിസ്മസ്സ് ദിനം മുതൽ ജനുവരി മൂന്നു വരെയുള്ള പത്തു ദിവസങ്ങൾ ക്രൈസ്തവ സമൂഹങ്ങൾക്കും സ്ഥാപനങ്ങൾക്കും എതിരേ സമാനതയില്ലാത്ത അതിക്രമങ്ങളാണ് നടന്നത്. ഇരുപത് ദേവാലയങ്ങളാണ് ആ ദിനങ്ങളിൽ അഗ്നിക്കിരയായത്. ക്രൈസ്തവർക്കെതിരേ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ മനഞ്ഞെടുത്തു പ്രചരിപ്പിച്ച് വൻ ജനവികാരം ആളിക്കത്തിക്കുന്ന ആ തന്ത്രം

www.malankaralibrary.com



സംഘപരിവാർ ശക്തികൾ പലയിടത്തും വിജയകരമായി വിനിയോഗിച്ചു. സർക്കാരുകളുടെ മൗനാനുവാദം അവയ്ക്കുണ്ടായിരുന്നു എന്നതും വ്യക്തമായിരുന്നു. മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ബീഹാർ, ഒറീസ, മധ്യപ്രദേശ്, ഹരിയാന, ആന്ധ്രപ്രദേശ്, തമിഴ്നാട്, കർണാടക, മണിപ്പൂർ എന്നിവിടങ്ങളിലും ക്രൈസ്തവർക്കെതിരായ ആക്രമണങ്ങൾ സംഘാതമായി ഉണ്ടായിട്ടുണ്ടെന്ന് മനുഷ്യാവകാശ നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിൽ പറയുന്നു.

1999-ൽ ഓസ്ട്രേലിയൻ മിഷനറിയായ ഗ്രഹാം സ്റ്റെയിൻസിനെയും അദ്ദേഹത്തിന്റെ രണ്ടു കുട്ടികളെയും കാറിലിട്ടു ചുട്ടുകൊന്ന സംഭവം മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന ഒന്നായിരുന്നു. ബജ്റങ്ദളിന്റെ പ്രാദേശിക നേതാവായ ധാരാസിങിന്റെ നേതൃത്വത്തിലാണ് അതു നടന്നത്! പക്ഷേ, അന്തർദ്ദേശീയ ഗൂഢാലോചനാ സിദ്ധാന്തം ഉയർത്തി നിരവധിയായ ക്രൈസ്തവവേട്ടകളെ മറച്ചുപിടിക്കാനാണ് അന്നു ഗുജറാത്ത് മുഖ്യമന്ത്രിയും ബിജെപി വക്താവും ശ്രമിച്ചത്. പ്രധാനമന്ത്രിയാകട്ടെ, അന്ന് ആഹ്വാനം ചെയ്തത് മതപരിവർത്തനങ്ങളെക്കുറിച്ചുള്ള ഒരു ദേശീയ സംവാദത്തിനായാണ്! ചുരുക്കിപ്പറഞ്ഞാൽ, ആക്രമണങ്ങളെ ന്യായീകരിക്കുകയായിരുന്നു അദ്ദേഹം.

ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരേ വർധിച്ചുവന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ, അത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ കമ്മീഷന് ഒരു ന്യൂനപക്ഷ വിദ്യാഭ്യാസ സെൽ രൂപീകരിക്കേണ്ടി വന്നു. ഈ സെല്ലിന്റെ ജോലിഭാരം ഓരോ ദിനവും കൂടിക്കൊണ്ടിരിക്കുകയാണ്. ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾ മിഷനറി പ്രവർത്തനത്തിന്റെ കേന്ദ്രങ്ങളാണ് എന്നാരോപിച്ചാണ് അതിക്രമങ്ങൾ നടക്കുന്നത്.

ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്കെതിരേയുള്ള ആക്രമണങ്ങൾ പെരുകുകയും സർക്കാർ സംവിധാനങ്ങൾ അവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നെന്ന് ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ കമ്മീഷൻ 2008-ൽ റിപ്പോർട്ടു നല്കിയത് കർണാടകയിലും ഒറീസയിലും നടന്ന നിഷ്ഠൂരമായ ക്രൈസ്തവവേട്ടകൾക്കു പിന്നാലേ ആയിരുന്നു. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന സംഭവങ്ങളാണ് കണ്ഡമാലിലും ഒറീസയുടെ മറ്റു ഭാഗങ്ങളിലും അരങ്ങേറിയത്. സ്വാമി ലക്ഷ്മണാനന്ദയുടെ വധത്തിനു പിന്നിൽ നാലു ക്രൈസ്തവരാണെന്നു പ്രഖ്യാപിച്ചത് പോലീസ് ആയിരുന്നില്ല, വിഎച്ച്പി നേതാവായ പ്രവീൺ തൊഗാഡിയ ആയിരുന്നു! അതിനെത്തുടർന്ന്, നൂറോളം ക്രൈസ്തവർ വധിക്കപ്പെടുകയും അമ്പത്താറായിരം പേർ ഭവനരഹിതരാവുകയും ആറായിരം ഭവനങ്ങളും മുന്നൂറു ദേവാലയങ്ങളും തകർക്കപ്പെടുകയും ചെയ്തു. സംഘപരിവാറുകാരുടെ ഏറെ നാളുകൾ നീണ്ട പദ്ധതിയിടലും ഒരുക്കവും അതിന്റെ പിന്നിലുണ്ടായിരുന്നു എന്നു ഗ്രഹിക്കാൻ സീറോ-മലബാർ സഭാംഗമായ ശ്രീ. ആന്റോ അക്കര രചിച്ചിട്ടുള്ള Kandhamal - a Blot on Indian Secularism, Shining Faith in Kandhamal, Who Killed Swamy Lakshmananda? എന്നീ അന്വേഷണാത്മക ഗ്രന്ഥങ്ങൾ വായിച്ചാൽ മതി. ഇന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവായിരിക്കുന്ന അജിത് ഡോവലും ധനമന്ത്രി ആയിരിക്കുന്ന നിർമൽ സീതാരാമനും ഉൾപ്പെടെയുള്ളവരുടെ ഗൂഢാലോചന വെളിവാക്കുന്ന കൃത്യമായ തെളിവുകൾ സഹിതമാണ് അദ്ദേഹം ആ ഗ്രന്ഥങ്ങൾ രചിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രവാചകധീരതയെയും സുതാര്യതയെയും സിബിസിഐയും സിസിബിഐയും സീറോ-മലബാർ സിനഡും പല വേദികളിലും വച്ച് പ്രകീർത്തിച്ചിട്ടുള്ളതാണ്.

2012 - 2014 കാലയളവിൽ നടന്നിട്ടുള്ള ക്രൈസ്തവ പീഡനങ്ങളുടെ കണക്കുകൾ ഹിന്ദുസ്ഥാൻ ടൈംസിന്റെ (2015 മാർച്ച് 15) വിശദമായ വാർത്തകളായി പുറത്തുവന്നിട്ടുണ്ട്. 2014-ൽ ഏറ്റവും കൂടുതൽ ക്രൈസ്തവ പീഡനങ്ങൾ നടന്ന സംസ്ഥാനം കർണാടകയാണ്...

ഛത്തീസ്ഗഡിൽ ഗോത്രവർഗക്കാർക്കിടയിലെ ക്രൈസ്തവരെ ഹിന്ദുമതത്തിലേക്കു തിരികെയെത്തിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ് വിഎച്ച്പി. ബസ്താർ ലോകസഭ എംപിയായ ദിനേഷ് കശ്യപ് പ്രാദേശിക ഗോത്രനേതാക്കളുടെ കാലുകൾ കഴുകിയത് എല്ലാവരെയും ഹിന്ദുമതത്തിലേക്ക് തിരികെയെത്തിക്കാനുള്ള പദ്ധതിയുടെ ഭാഗമായിരുന്നത്രേ! ഛത്തീസ്ഗഡിൽ 2021-ഓടെ എല്ലാ ക്രൈസ്തവരെയും വീണ്ടും ഹിന്ദുക്കളാക്കി മാറ്റും എന്ന് 2015-ൽ



www.malankaralibrary.com



പ്രതിജ്ഞയെടുത്ത ധരം ജാഗ്രൺ മഞ്ച് ആ പ്രതിജ്ഞയിൽ പൂർണവിജയം നേടിയതായി തോന്നുന്നില്ല. പക്ഷേ, 2022 ഡിസംബറിൽ ആരംഭിച്ച, മാസങ്ങൾ നീണ്ട ഭീകരമായ ക്രൈസ്തവ പീഡനം നേരിട്ടു മനസ്സിലാക്കിയ സീറോ-മലബാർ സഭാംഗമായ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ പറയുന്നതും ഫാ. ജോൺസൺ തേക്കടയിൽ കണ്ണീരോടെ പറയുന്നതും കാണുക: https://youtu.be/N0g7yvniAtg

2016ൽ ക്രൈസ്തവർക്കെതിരേയുള്ള ആക്രമണങ്ങൾ ഏറെ വർധിച്ചതിന്റെ ഫലമായി 2017-ലെ വേൾഡ് വാച്ച് ലിസ്റ്റിൽ ഇന്ത്യ മുപ്പത്തൊന്നാം സ്ഥാനത്തു നിന്ന് പതിനഞ്ചാം സ്ഥാനത്തേക്കു കയറി. 2017 ഡിസംബർ 14-ാം തീയതി സന്ധ്യയ്ക്ക് മധ്യപ്രദേശിലെ സാറ്റ്ന സെമിനാരിയിൽ നിന്ന് അടുത്തുള്ള ക്രൈസ്തവ സ്ഥാപനങ്ങളിലേക്ക് ക്രിസ്മസ്സ് കരോളിനായി പോയ 30 സെമിനാരിക്കാരെയും രണ്ടു വൈദികരെയും മതപരിവർത്തനമാരോപിച്ച് പോലീസ് അറസ്റ്റു ചെയ്ത സംഭവം ഒരു പക്ഷേ, ലോക ചരിത്രത്തിൽ ത്തന്നെ ഏറ്റവും വിചിത്രമായ കാര്യമായിരിക്കും! സെമിനാരിക്കാരെ സ്റ്റേഷനിൽനിന്ന് വിടുവിക്കാനെത്തിയ മറ്റ് 8 വൈദികരെ ഹിന്ദുത്വ പ്രസ്ഥാനാംഗങ്ങൾ തടഞ്ഞുവയ്ക്കുകയും പിന്നീട് പോലീസ് അവരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു എന്നതും ഓർക്കണം!

പിന്നീട് മൂന്നു വർഷങ്ങളിൽ ക്രൈസ്തവർക്കെതിരേയുള്ള ആക്രമണങ്ങളിൽ 60% വർധനയാണ് ഉണ്ടായത്. പാക്കിസ്ഥാൻ, നോർത്ത് കൊറിയ, ചൈന, സൗദി അറേബ്യ എന്നീ രാജ്യങ്ങളെപ്പോലെ, മതന്യൂനപക്ഷങ്ങൾക്ക് ജീവിക്കാൻ ബുദ്ധിമുട്ടുള്ള ഇടമായി ഇന്ത്യയെ പരിഗണിക്കാൻ അമേരിക്കൻ സർക്കാരിനോട് 2020-ൽ USCIRF (United States Commission on International Religious Freedom) ശുപാർശ ചെയ്തത് 2019-ൽ ഭാരതത്തിൽമതന്യൂനപക്ഷങ്ങൾക്കെതിരേ അരങ്ങേറിയ ആക്രമണങ്ങളുടെ വെളിച്ചത്തിലായിരുന്നു. ക്രൈസ്തവ പീഡനങ്ങൾ ഏറ്റവും കൂടുതൽ അരങ്ങേറുന്ന അമ്പതു രാജ്യങ്ങളിൽ പത്താം സ്ഥാനത്താണ് മോദിയുടെ ഇന്ത്യയെന്ന് World Watch List 2020 റിപ്പോർട്ട് വ്യക്തമാക്കുന്നു. തിരുവസ്ത്രം ധരിച്ചിരുന്നു എന്ന ഒറ്റക്കാരണത്താൽ, ട്രെയിനിൽ യാത്ര ചെയ്തുകൊണ്ടിരുന്ന സീറോ-മലബാർ സഭയിൽ പെട്ട തിരുഹൃദയ സന്യാസിനീ സമൂഹത്തിലെ (SH സിസ്റ്റേഴ്സ്) ബഹുമാന്യരായ സന്യാസിനികളെ ഉത്തർപ്രദേശിലെ ഝാൻസി റെയിൽവേ സ്റ്റേഷനിൽ വച്ച് 2021 മാർച്ച് 19ന് ബന്ദികളാക്കിയ ജനക്കൂട്ടത്തെയും മണിക്കൂറുകളോളം അവരെ ട്രെയിനിൽ നിന്നിറക്കി പോലീസു സ്റ്റേഷനിൽ തടഞ്ഞുവച്ച പോലീസിനെയും ആ ഹീനകൃത്യത്തിന് പശ്ചാത്തലമൊരുക്കിയ ഹിന്ദുത്വശക്തികളെയും അത്രയെളുപ്പത്തിൽ മറക്കാനാകുമോ? ആ വർഷംതന്നെ, ആദിവാസികളുടെ ഭൂമി സംരക്ഷിക്കാൻ അവരോടൊപ്പം ഉരുക്കുപോലെ ഉറച്ചുനിന്ന നീതിമാനായ എൺപത്തിനാലു വയസ്സുകാരൻ സ്റ്റാൻ സാമിയച്ചനെ അറസ്റ്റുചെയ്ത് കൊലയ്ക്കു കൊടുത്ത കേന്ദ്രസർക്കാരിനെ ന്യായീകരിക്കാൻ ആർക്കു കഴിയും? യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ (UCF) കണക്കനുസരിച്ച് 2022-ൽ 21 സംസ്ഥാനങ്ങളിലായി നടന്നിട്ടുള്ള ക്രൈസ്തവവേട്ടകളുടെ എണ്ണം 598 ആണ്!



**ഈ വർഷത്തെ ചില സത്യങ്ങൾ**

2023 ഫെബ്രുവരി 19-ാം തീയതി എഴുപതോളം ക്രൈസ്തവസഭകൾ സംയുക്തമായി ഡൽഹിയിൽ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനം ക്രൈസ്തവർക്കെതിരേ വർധിച്ചു വരുന്ന അതിക്രമങ്ങളിലേക്ക് സർക്കാരിന്റെയും നീതിന്യായ സംവിധാനങ്ങളുടെയും പൗരസമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിക്കാൻ വേണ്ടിയുള്ളതായിരുന്നു. അതിൽ മറ്റു ക്രൈസ്തവവിഭാഗങ്ങളിൽ നിന്നെന്ന പോലെ കത്തോലിക്കാ സഭയിൽ നിന്നും, പ്രത്യേകിച്ച് ഡൽഹിയിലെ സീറോ മലബാർ രൂപതയിൽ നിന്നും, സജീവമായ ഭാഗഭാഗിത്വം ഉണ്ടായിരുന്നു.

ഇന്ത്യൻ പ്രസിഡന്റ് ശ്രീമതി മുർമുവിനെ നേരിൽക്കണ്ടു സമർപ്പിക്കാൻ പ്രതിഷേധക്കാർ ഒരു മെമ്മോറാണ്ടം തയ്യാറാക്കുകയുണ്ടായി. 2022-2023 വർഷത്തിൽ ക്രൈസ്തവ സമൂഹത്തിനെതിരായ വിദ്വേഷ പ്രസംഗങ്ങളും അക്രമപരമ്പരകളും ഏറെ വർധിച്ചെന്നും 2023 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ അവ മൂർദ്ധന്യത്തിലെത്തി എന്നും ആ മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഉത്തർപ്രദേശ്, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, കർണാടക, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ അവസ്ഥ ഏറെ ഗുരുതരമാണെന്ന് മെമ്മോറാണ്ടം പറയുന്നു. പോലീസ് കള്ളക്കേസുകൾ ചമച്ച് എകഞ ഇടുന്നതും ഇരകൾ നല്കുന്ന പരാതികളിൽ FIR ഇടാത്തതും CCTV പോലുള്ളഅ സംവിധാനങ്ങളില്ലാതെ പോലീസ് സ്റ്റേഷനുകൾ സുതാര്യത പാലിക്കാത്തതും നിയമവിരുദ്ധമായ തടങ്കലുകളും മുഖ്യവിഷയങ്ങളായി അമെമ്മോറാണ്ടം ചൂണ്ടിക്കാട്ടുന്നു.

ക്രൈസ്തവരെ ലക്ഷ്യമിട്ടു നടക്കുന്ന അതിക്രമങ്ങൾ അന്വേഷിക്കാൻ സുപ്രീം കോടതിയിൽ നിന്നു വിരമിച്ച ഒരു ജസ്റ്റിസ് തലവനായുള്ള ഒരു ദേശീയ പരാതി-പരിഹാര കമ്മീഷനെ സ്ഥാപിക്കാൻ മെമ്മോറാണ്ടം പ്രസിഡന്റിനോട് അഭ്യർത്ഥിക്കുന്നു.

ഏപ്രിൽ 11-ാം തീയതി മണിപ്പൂരിൽ മൂന്നു ക്രൈസ്തവ ദേവാലയങ്ങൾ ബി ജെ പി സർക്കാർ തകർത്ത സംഭവവും ഏവരുടെയും ശ്രദ്ധയിൽ പെട്ടതാണ്. ഛത്തീസ്ഗഡ് ബന്ദിന്റെ ഭാഗമായി ജഗദൽപൂരിൽ 70-80 പേരടങ്ങുന്ന ബി.ജെ.പി.യുടെയും വിശ്വഹിന്ദു പരിഷത്തിന്റെയും

www.malankaralibrary.com



(വി.എച്ച്.പി.) പ്രവർത്തകരായ ഒരു സംഘം ആളുകൾ മുസ്ലീങ്ങളോടും ക്രിസ്ത്യാനികളോടും സാമ്പത്തിക ബഹിഷ്കരണം നടത്തുമെന്ന് പരസ്യമായി പ്രതിജ്ഞയെടുത്തത് ഏപ്രിൽ 12-ാം തീയതിയാണ്. മുൻ ലോക്സഭാ എംപി ദിനേശ് കശ്യപ്, കമൽ ചന്ദ്ര ഭഞ്ജ്ദിയോ എന്നീ നേതാക്കളും സ്ഥലത്തുണ്ടായിരുന്നു!

2023 ഏപ്രിൽ 15-ാം തീയതി ഡൽഹി ആർച്ച്ബിഷപ്പ് അനിൽ കൂട്ടോയുടെ നേതൃത്വത്തിൽ ഡൽഹി ക്രൈസ്തവ കൂട്ടായ്മയുടെ പ്രതിനിധി സംഘം രാഷ്ട്രപതി ദ്രൗപദി മുർമുവിനെ കണ്ട് ക്രൈസ്തവർക്കെതിരായ ആക്രമണങ്ങളിൽ ആശങ്ക അറിയിച്ചതും, കർദിനാളിന്റെ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ, ഏറെ കൗതുകകരമാണ്. യുപി, ഛത്തീസ്ഗർ എന്നീ സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്കെതിരായ അതിക്രമങ്ങൾ വർധിച്ചുവരുന്നത് പ്രതിനിധി സംഘം ചൂണ്ടിക്കാട്ടി.

**സർക്കാരിന്റെ വാദങ്ങളും നിശ്ശബ്ദതയും**

എന്നാൽ കഴിഞ്ഞ സെപ്തംബർ മാസത്തിൽ സുപ്രീം കോടതിയിൽ കേന്ദ്രസർക്കാർ നല്കിയ സത്യവാങ്മൂലത്തിൽ പറയുന്നത് ക്രൈസ്തവർക്കും ക്രൈസ്തവസ്ഥാപനങ്ങൾക്കും എതിരേയുള്ള അതിക്രമങ്ങളുടെ കണക്കുകൾ അതിശയോക്തിപരവും അടിസ്ഥാനരഹിതവുമാണ് എന്നാണ്. ഇതുതന്നെയാണ് 2023 ഏപ്രിൽ 13-നും സോളിസിറ്റർ ജനറൽ തുഷാർ മേത്ത സുപ്രീം കോടതിയിൽ ആവർത്തിച്ചത്.

കൃത്യമായ തെളിവുകളോടെയുള്ള ക്രൈസ്തവസമൂഹത്തിന്റെ പരാതികൾ സുപ്രീം കോടതിയിൽ ഇങ്ങനെ നിഷേധിക്കാതെ സർക്കാരിനു തരമില്ല. അതുപോലെ തന്നെ, സ്വാഭാവികമായി ഉയരുന്ന താഴെക്കാണുന്നതുപോലുള്ള ചില ചോദ്യങ്ങൾക്കു മുന്നിൽ സർക്കാരിന് അർത്ഥഗർഭമായ നിശ്ശബ്ദത പാലിച്ചേ മതിയാകൂ: ബിജെപിസർക്കാരിന്റെ കാലത്ത് വർധിച്ചുവരുന്ന ആൾക്കൂട്ട ആക്രമണങ്ങൾക്കു കാരണമെന്ത്? ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ ഉപാസകരായ ചില വ്യക്തികളെയും പ്രസ്ഥാനങ്ങളെയും കയറൂരി വിട്ടിരിക്കുന്നത് എന്തുകൊണ്ട്? അല്പംപോലും അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് ക്രൈസ്തവ സഭകളെയും പ്രാർത്ഥനാലയങ്ങളെയും സ്ഥാപനങ്ങളെയും വേട്ടയാടാൻ സർക്കാർ സംവിധാനങ്ങൾ നിരന്തരമായി ഉപയോഗിക്കപ്പെടുന്നത് എന്തുകൊണ്ട്?

**പ്രവാചകധീരതയുടെ അഭാവം ക്രിസ്തുശൂന്യതയുടെ തെളിവ്!**

ജനാധിപത്യപ്രക്രിയയിലൂടെ തിരഞ്ഞെടുക്കപ്പെട്ട് കേന്ദ്രം ഭരിക്കുന്ന പാർട്ടിയാണ് ബിജെപി, സംശയമില്ല. ബിജെപിയെ മറ്റേതൊരു പാർട്ടിയെയും പോലെ അംഗീകരിക്കാം; കേരളത്തിൽ താമര വേരോടാൻ സഹായിക്കുകയും ചെയ്യാം. പക്ഷേ, അതിനുമുന്നേ കർത്താവിനോടും സഭയോടും രാജ്യത്തോടും കൂറുള്ളവർ പ്രവാചകധീരതയോടെ ബിജെപി എന്ന പാർട്ടിയോടും മോദിസർക്കാരിനോടും ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്:

1. ഭരണഘടനാവിരുദ്ധമായ മതപരിവർത്തന നിരോധന ബിൽ പിൻവലിക്കാൻ നിങ്ങൾ തയ്യാറുണ്ടോ?
2. ആർക്കും ഏതു വിശ്വാസവും സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഉറപ്പുനല്കുന്ന ഇന്ത്യൻ ഭരണഘടനയുടെ 25-ാം അനുച്ഛേദത്തെ നോക്കുകുത്തിയാക്കുന്ന ഔദ്യോഗിക നിലപാട് നിങ്ങൾ ഉപേക്ഷിക്കുമോ?
3. ഭാരതത്തിന്റെ മതേതരത്വത്തിനു തുരങ്കംവയ്ക്കുന്ന നിലപാടുകളും നടപടികളും വിട്ടുപേക്ഷിക്കാൻ പാർട്ടിയും സർക്കാരും തയ്യാറാകുമോ?
4. ഇന്ത്യൻ ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന കുതിരക്കച്ചവടങ്ങളും പ്രതികാരനടപടികളും ഫാസിസ്റ്റുശൈലികളും ഉപേക്ഷിക്കാൻ നിങ്ങൾ സന്നദ്ധരാകുമോ?

**നാസികൾക്കെതിരേ ഗർജിച്ച ക്രിസ്തുധീരത**

താല്ക്കാലിക ലാഭം നോക്കി ആർഎസ്എസിനോടും ബിജെപിയോടും കൈകോർക്കാൻ സഭാനേതൃത്വത്തിൽ ആരെങ്കിലും തയ്യാറായാൽ നാസിസത്തിന്റെയും ഫാസിസത്തിന്റെയും ചരിത്രത്തെക്കുറിച്ചുള്ള മറവി നിങ്ങളെ ബാധിച്ചിരിക്കുന്നു എന്നു കരുതേണ്ടി വരും. ഭയംകൊണ്ടോ സ്ഥാപിതതാൽപര്യംകൊണ്ടോ യൂറോപ്പിലെ നാസിസ-ഫാസിസ ശക്തികളോട് നിശ്ശബ്ദതയാൽ ചായ് വു കാണിച്ച സഭാനേതാക്കളും പ്രാദേശികസഭകളും പില്ക്കാലത്ത് അപ്രസക്തരും ലജ്ജിതരുമായിത്തീർന്നു. എന്നാൽ പ്രതീക്ഷയ്ക്കു വകയില്ലാതിരുന്നപ്പോഴും പ്രവാചകത്വം കൈവെടിയാതെ ദൈവത്തിന്റെ നാവായി നിലകൊണ്ട ക്രൈസ്തവ നേതാക്കളും പ്രാദേശികസഭകളും ചരിത്രത്തിൽ വാഴ്ത്തപ്പെട്ടു.

1933-ൽ നാസി ഭരണകാലത്ത് ജർമനിയിലെ മ്യൂൺസ്റ്റർ രൂപതയിൽ മെത്രാനായി അവരോധിതനായ ക്ലീമെൻസ് ഔഗുസ്റ്റ് വൊൺ ഗാലെൻ നാസികളുടെ പദ്ധതികൾക്കെതിരേ എടുത്ത നിലപാട് അദ്ദേഹത്തെ 2005-ൽ വിശുദ്ധനാമകരണത്തിലേക്ക് നയിച്ചു എന്നതും അദ്ദേഹത്തെക്കുറിച്ച് ദാനിയേൽ ഉട്രെഷ്റ്റ് എഴുതിയ ഗ്രന്ഥത്തിന്റെ പേര് "The Lion of Münster: the Bishop who Roared Against the Nazis" എന്നായിരുന്നു എന്നും ഓർമിക്കുന്നത് നല്ലതാണ്.

ഇനി, ക്രൈസ്തവസഭയ്ക്കെതിരേ ഒരു ആക്രമണം പോലും ഇന്ത്യയിൽ നടക്കുന്നില്ല എന്നിരിക്കട്ടെ. മറ്റു മതങ്ങളിൽപ്പെട്ട വ്യക്തികളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും മതത്തിന്റെ പേരിൽ മാത്രം ആക്രമിക്കപ്പെടുന്നെങ്കിൽ, അതിനെ തള്ളിപ്പറയാൻ സഭ മുന്നോട്ടു വരുന്നില്ലെങ്കിൽ, ഇത് ക്രിസ്തുവിന്റെ സഭയാണോ?

www.malankaralibrary.com



കവർ സ്റ്റോറി

# സഭയും രാഷ്ട്രീയവും രാഷ്ട്രീയ പാർട്ടികളും



റവ. ഫാ. വർഗീസ് വള്ളിക്കാട്ട്

ഇന്ത്യൻ ഭരണഘടനയ്ക്കും നിയമ വ്യവസ്ഥക്കും വിധേയമായി ജനാധിപത്യ വ്യവസ്ഥിതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരാണ് കേരളം ഭരിക്കുന്നത്  സംസ്ഥാന സർക്കാരിന്റെ ഭരണത്തിൽ ക്രിസ്ത്യാനികൾ സുരക്ഷിതരാണ്. മാർക്സിസ്റ്റ് പാർട്ടിയോ അവർ നേതൃത്വം കൊടുക്കുന്ന സർക്കാരോ കേരളത്തിൽ ക്രിസ്ത്യാനികളെ ടാർഗറ്റ് ചെയ്യുന്നതായി തോന്നുന്നില്ല. ചില കാര്യങ്ങളിൽ അത്തരം നീക്കങ്ങൾ മുൻപ് ഉണ്ടായിട്ടുണ്ട്. അത്തരം കാര്യങ്ങളെ നിയമപരവും ജനാധിപത്യപരവുമായ മാർഗങ്ങളിലൂടെ പരിഹരിക്കാനോ മറികടക്കാനോ ശ്രമിച്ചിട്ടുമുണ്ട്.

ഭരണകൂടങ്ങളുമായി ആശയപരമായും പ്രായോഗികമായും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ, കൂടിയാലോചനകളിലൂടെ അവയൊക്കെ കഴിയുന്നത്ര രമ്യമായി പരിഹരിക്കുകയും, അല്ലാതുള്ളവയ്ക്കു നിയമപരമായ പരിഹാരം തേടുകയുമാണ് സഭയുടെ രീതി.



www.malankaralibrary.com





**സംസ്ഥാനം ഭരിക്കുന്നത് കോൺഗ്രസ്സ് സർക്കാരാണെങ്കിലും ഇതൊക്കെത്തന്നെയാണ് സഭ ചെയ്യാറുള്ളത്.**

സംസ്ഥാനം ഭരിക്കുന്ന സർക്കാരുകളോടു മാത്രമല്ല, കേന്ദ്രം ഭരിക്കുന്ന സർക്കാരുകളോടും സഭയുടെ നിലപാട്, എനിക്കറിയാവുന്നിടത്തോളം, ഇതുതന്നെയാണ്. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ രാജ്യത്തു ക്രിസ്ത്യാനികളെയോ മറ്റേതെങ്കിലും പ്രത്യേക വിഭാഗത്തെയോ ലക്ഷ്യംവച്ചു പ്രവർത്തിക്കുന്നതായോ, അവരെ തെരഞ്ഞുപിടിച്ചു പീഡിപ്പിക്കുന്നതായോ സഭക്കഭിപ്രായമില്ല. ഭരിക്കുന്നത് ബി ജെ പി ആയാലും കോൺഗ്രസ്സ് ആയാലും മറ്റേതെങ്കിലും പാർട്ടി ആയാലും, ഇന്ത്യൻ ഭരണഘടനയും ജനാധിപത്യവും നിയമ വ്യവസ്ഥയും അവയുടെ തനിമയിൽ



നിലനിൽക്കുന്നിടത്തോളം, സഭക്കു ഭരണകൂടങ്ങളിൽ വിശ്വാസമുണ്ട്.

സംസ്ഥാന സർക്കാരിന്റെ എല്ലാ നയങ്ങളിലും പരിപാടികളിലും മുഴുവൻ ക്രൈസ്തവരും സന്തുഷ്ടരാണെന്നോ, കേന്ദ്രസർക്കാർ ക്രിസ്ത്യാനികൾക്ക് പ്രത്യേകമായി എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നോ ഇതിനർത്ഥമില്ല. ഇന്ത്യയിൽ പലയിടങ്ങളിലും ക്രൈസ്തവർക്കു പ്രശ്നങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. അത്തരം കാര്യങ്ങളിൽ സഭക്കു പ്രതിഷേധവും, ഉൽക്കണ്ഠയുമുണ്ട്. അത്തരം വിഷയങ്ങളിൽ പ്രാദേശിക ഭരണകൂടങ്ങളോടും നിയമ സംവിധാനങ്ങളോടും എല്ലാ വിഭാഗം ജനങ്ങളോടും ഇടപെട്ടു പ്രശ്നങ്ങൾ പരിഹരിക്കുകയും, പൊതു വിഷയങ്ങൾ ദേശീയതലത്തിൽ പഠനവിധേയമാക്കുകയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും, നിയമപരമായ മാർഗങ്ങളിലൂടെ പരിഹാരം തേടുകയും ചെയ്യുക എന്നതാണ് സഭയുടെ രീതി. ഇതിനുള്ള സംവിധാനങ്ങൾ സംസ്ഥാന തലങ്ങളിലും ദേശീയ തലത്തിലും സഭക്കുണ്ട്.

എല്ലാ വിഭാഗം ജനങ്ങളുമായി സഹകരണത്തിൽ ജീവിക്കുകയും, നിയമപരമായ എല്ലാ സംവിധാനങ്ങളെയും മാനിക്കുകയും, രാഷ്ട്രീയ ഭേതമന്യേ ഭരിക്കുന്ന സർക്കാരുകളുമായി കഴിയുന്നത്ര സൗഹാർദ്ദത്തിൽ കഴിയുകയും ചെയ്യുക എന്നതാണ് കത്തോലിക്കാ സഭയും ക്രിസ്തീയ സഭകൾ പൊതുവെയും പുലർത്തുന്ന സമീപനം.

സമാധാനപരമായ രീതിയിൽ ഏതു സർക്കാരിനോടും പ്രതിഷേധിക്കുകയും, ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾക്കുവേണ്ടി നിയമപോരാട്ടം ആവശ്യമുള്ളപ്പോൾ, അതു നടത്തുകയും ചെയ്യും. സർക്കാരുകളോ നീതിപീഠമോ ക്രൈസ്തവർക്കു പ്രത്യേകമായി നീതി നിഷേധിക്കുന്നു എന്ന അഭിപ്രായമില്ല.

ക്രൈസ്തവ സഭകളോ കത്തോലിക്കാ സഭയോ ഏതെങ്കിലും മെത്രാന്മാരോ ഇക്കാര്യത്തിൽ പുതുതായി ഒരു നിലപാടു പ്രഖ്യാപിച്ചതായി കാണുന്നില്ല. അങ്ങനെ ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ, അവർക്ക് സഭയേയും ക്രൈസ്തവ സമുദായത്തെയും സംബന്ധിച്ച് കാര്യമായ തെറ്റിദ്ധാരണ ഉണ്ടായിരുന്നിരിക്കണം. അതു തിരുത്താനാണ് ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികളും പ്രസ്ഥാനങ്ങളും വ്യക്തികളും ശ്രമിക്കേണ്ടത്.

സഭയിലുള്ള വിശ്വാസികൾക്കു രാഷ്ട്രീയ വിഷയങ്ങളിൽ സ്വതന്ത്രമായ നിലപാടുകളും തീരുമാനവുമാണുള്ളത്. അതിൽ, സഭയുടെ ഔദ്യോഗിക സംവിധാനങ്ങളോ നേതാക്കളോ ഇടപെടാറില്ല. എന്നാൽ, സഭയിലെ ഉത്തരവാദപ്പെട്ടവർക്കു പൊതു വിഷയങ്ങളിൽ നിലപാടുകളും കാഴ്ചപ്പാടുകളും വിശദീകരിക്കേണ്ടി വരാം. അതു സഭാജീവിതത്തിന്റെ കെട്ടുറപ്പിന് അനിവാര്യമാണുതാനും.





www.malankaralibrary.com



സഭാവിജ്ഞാനീയം

# സാർവ്വത്രിക സഭയിലെ വേദപാരംഗതർ





## വി. ഗ്രിഗറി നസ്യാൻസൻ



റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

**ആമുഖം**

സാർവ്വത്രിക സഭാചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടത്തിൽ സഭയുടെ ദൈവശാ സ്ത്രചിന്തകൾക്ക് ദിശാ ബോധം നൽകിയ സഭാപിതാവാണ് കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്ന ദൈവശാസ്ത്രജ്ഞനായ വി. ഗ്രിഗറി. സഭാപിതാക്കന്മാരിൽ അഗ്രഗണ്യനായ വി. ഗ്രിഗറി നസ്യാൻസൻ ക്രിസ്തീയ ആശയങ്ങൾ സ്വാതന്ത്ര്യത്തോടെ പൊതുവേദികളിൽ പങ്കുവയ്ക്കാൻ സഭയ്ക്ക് ലഭ്യമായ ചരിത്രത്തിലെ ആദ്യാവസരങ്ങൾ ശരിയായി വിനിയോഗിച്ചു. നലംതികഞ്ഞ വാഗ്മി, സർഗ്ഗവൈഭവമുള്ള കവി, നിഷ്ണാ തനായ ദൈവശാസ്ത്രജ്ഞൻ എന്നീ നിലകളിലെല്ലാം പ്രശോഭിച്ച പ്രതിഭയാണ് അദ്ദേഹം. സന്യാസ ജീവിതചര്യയിൽ മാത്രം സഞ്ചരിക്കാൻ അഭിലഷിച്ച ഗ്രിഗറിക്ക് സാഹചര്യം അനിവാര്യമാക്കിയ ആത്മീയ അധികാരസ്ഥാനങ്ങൾ ദൈവ സേവനത്തിനുള്ള മാർഗ്ഗം മാത്രമായിരുന്നു. സഭയിലെ രണ്ടാം സാർവ്വത്രിക കൗൺസിലായ ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസ് അദ്ധ്യക്ഷസ്ഥാനം വിട്ടൊഴിഞ്ഞ് തന്റെ അവസാന നാളുകൾ ഏകാന്തമായി പ്രാർത്ഥനയിലും ധ്യാന ത്തിലും അദ്ദേഹം ചിലവഴിച്ചു. മഹാനായ ബസേലിയോ സിന്റെയും മതത്യാഗിയായ ജൂലിയൻ ചക്രവർത്തി യുടെയും സതീർത്ഥ്യനായിരുന്ന ഗ്രിഗറിക്ക് യവനചിന്ത കളിലും സാഹിത്യത്തിലും ആഴമായ അറിവുണ്ടായിരുന്നു. ഈ പാണ്ഡിത്യം മൂലം ക്രിസ്തീയ വിശ്വാസം ഗ്രീക്ക് ചിന്തയുടെ മാതൃകയിൽ വ്യാഖ്യാനിച്ച് വലിയൊരു ജനവിഭാ ഗത്തെ അദ്ദേഹം ദൈവാഭിമുഖ്യത്തിലേക്ക് ആനയിച്ചു. ത്രിത്വത്തിന്റെ ദൈവശാസ്ത്രജ്ഞൻ എന്ന് അറിയ പ്പെടുന്ന ഗ്രിഗറി, ബൈസന്റീൻ സഭാ സാഹിത്യചരിത്രത്തിൽ ഏറ്റം വലിയ സ്വാധീനം ചെലുത്തിയ പണ്ഡിതനാണ്. മഹാനായ വി. ബസേലിയോസ്, അദ്ദേഹത്തിന്റെ സഹോദരൻ നിസ്സായിലെ വി. ഗ്രിഗോറിയോസ്, വി. ഗ്രിഗറി നസ്യാൻസൻ എന്നിവർ സംയുക്തമായി കപ്പഡോസിയൻ പിതാക്കന്മാർ എന്ന പേരിലാണ് സഭയിൽ അറിയപ്പെടുന്നത്. ക്രിസ്തീയ വിശ്വാസത്തിലെ അതുല്യ പ്രതിഭയായ വി. ഗ്രിഗറി നസ്യാൻ സനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നത് നമ്മുടെ ദൈവ സ്നേഹത്തെയും വിശ്വാസജീവിതത്തെയും പരിപോഷിപ്പിക്കും.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

റോമൻ സാമ്രാജ്യത്തിലെ കപ്പഡോസിയ പ്രവിശ്യയിൽ നസ്യാൻസസ് പട്ടണത്തിനടുത്തുള്ള അരിയാൻസൂസ് എന്ന ഗ്രാമത്തിൽ എ.ഡി. 329-ലാണ് വി. ഗ്രിഗറി ജനിച്ചത്. അടിമത്വത്തിനും ദുർ നടപ്പിനും റോമൻ സാമ്രാജ്യത്തിൽ കുപ്രസിദ്ധി നേടിയ പട്ടണമായിരുന്നു നാലാം നൂറ്റാണ്ടിലെ കപ്പഡോസിയ. അതിനാൽ സാംസ്ക്കാരിക ഉന്നതിയിലെന്ന് അഭിമാനിച്ചിരുന്ന റോമൻ സാമ്രാജ്യത്തിലെ മറ്റു നഗരങ്ങളിൽ നിന്നുള്ള ജനങ്ങൾ ഇവിടുത്തുകാരെ അവമതിപ്പോടെയാണ്

www.malankaralibrary.com





കണ്ടിരുന്നത്. ഈ അവജ്ഞയിൽ നിന്നുണ്ടായ പ്രയോഗ മാണ്  ഒരു വിഷപ്പാമ്പ് കപ്പഡോസിയക്കാരനെ ദംശിച്ചപ്പോൾ അത് മരിച്ചുപോയി  എന്നത്. എന്നാൽ ക്രിസ്തീയ വിശ്വാസ ത്തിന്റെ ആധിപത്യത്തോടെ ഈ പ്രദേശത്തിന്റെ പേരുദോഷ ത്തിനും സാവധാനം ശാപമോക്ഷം ലഭിച്ചു.

വി. ഗ്രിഗറിയുടെ മാതാപിതാക്കളായ മുതിർന്ന ഗ്രിഗറിയും (St. Gregory the Elder), നോന്നയും സമ്പന്നകുടുംബത്തിൽ നിന്നുള്ള ഗ്രീക്ക് വംശജരായിരുന്നു. ഹിപ്സിത്താരിയൻ ദേവനെ ആരാധിച്ചിരുന്ന ഗ്രിഗറി നോന്നയുടെ പരിശ്രമ ഫലമായി എ.ഡി. 325-ൽ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചു. പിന്നീട് 328-ൽ അദ്ദേഹം നസ്യാൻസസ് രൂപതയുടെ ബിഷപ്പായി തീരുകയും ചെയ്തു. ഗ്രിഗറിയും സഹോദരൻ സെസാറിയൂസും തങ്ങളുടെ അമ്മാവൻ ആംഫിലോക്കി യോസിന്റെ ഭവനത്തിൽ താമ സിച്ചുകൊണ്ടാണ് അവരുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിച്ചത്. പഠനത്തിൽ സമർത്ഥനായ ഗ്രിഗറിയെ മാതാപിതാക്കൾ നസ്യാൻസസ്, സേസറിയ, അലക്സാൻഡ്രിയ, ആതൻസ് എന്നീ നഗ രങ്ങളിലേക്ക് പല കാലഘട്ടങ്ങളിലായി അയച്ചു പഠിപ്പിച്ചു. എ.ഡി. 348 ഗ്രിഗറിയും സഹോദരൻ സെസാറിയോസും അലക്സാൻഡ്രിയ നഗരത്തിൽ ശാസ്ത്രപഠനത്തിനായി പോയി. അധികം താമ സിയാതെ സഹോദരനെ ഇവിടെ പഠനം തുടരാൻ പ്രേരിപ്പിച്ചുകൊണ്ട് ഗ്രിഗറി ആതൻസിലേക്ക് യാത്രയായി.

ഉപരി പഠനത്തിനായി ആതൻസിലേക്ക് കപ്പലിൽ യാത്ര ചെയ്യുമ്പോളുണ്ടായ ഒരു സംഭവം ഗ്രിഗറിയുടെ ജീവിതത്തെ മാറ്റിമറിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. കടൽക്ഷോഭ ത്തിൽപെട്ട് കപ്പൽ നശിക്കുമെന്നു തോന്നിയപ്പോൾ ഗ്രിഗറി ദൈവത്തോട് വലിയൊരു പ്രതിജ്ഞ ചെയ്തു. താൻ മരണ വക്രത്തിൽ നിന്നും രക്ഷപെടുന്നപക്ഷം തന്റെ ജീവിതം പൂർണ്ണമായും ദൈവീക സേവനങ്ങൾക്കായി ഉപയോഗിക്കും എന്നതായിരുന്നു പ്രതിജ്ഞ. ആതൻസിൽ വച്ചാണ് വി. ബസേലിയോസിനെയും ഭാവിചക്രവർത്തി ഫ്ളാവിയൂസ് ക്ലവിഡിയൂസ് ജൂലിയാനൂസിനെയും അദ്ദേഹം കണ്ടുമുട്ടിയത്. ഗ്രീക്ക് സാഹിത്യം, തത്വശാസ്ത്രം, പ്രഭാഷണകല എന്നീ മേഖലകളിൽ ഗ്രിഗറി ഇവിടെ വച്ച് വലിയ പ്രാവീണ്യം നേടി.

**വിശുദ്ധരുടെ കുടുംബം**

വി. ഗ്രിഗറി നസ്യാൻസന്റെ ജീവിതത്തെ അടുത്തറിയു ന്നതിനു അദ്ദേഹത്തിന്റെ കുടുംബത്തിലുള്ളത് ആരൊക്കെ യാണെന്ന് മനസിലാക്കുന്നത് സഹായിക്കും. മഹാനായ വി. ബസേലിയോസിന്റേതുപോലെ സഭയുടെ ഔദ്യോഗിക വിശുദ്ധഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന അനേക വിശുദ്ധർക്ക് ജന്മം നൽകിയ പാവനമായ ഒരു കുടുംബമാണ് ഗ്രിഗറിയു ടേതും. അദ്ദേഹത്തിന്റെ മാതാവ് വി. നോന്ന മാതൃത്വത്തി ന്റെയും പരിശുദ്ധിയുടെയും നിറകുടമായിരുന്നു. തന്റെ ഭർത്താവിനെ പ്രാചീന മതവിശ്വാസത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിലേക്ക് കൊണ്ടുവരികയും അദ്ദേഹം പിന്നീട് നസ്യാൻസസിലെ ബിഷപ്പായി തീരുകയും ചെയ്തു. ഗ്രിഗറിയുടെ സഹോദരൻ വി. സെസാരിയൂസ് ചക്രവർ ത്തിയുടെ ഡോക്ടർ ആയിരുന്നു. ജൂലിയന്റെ ക്രിസ്തീയ വിരുദ്ധത പ്രകടമായപ്പോൾ തന്റെ സഹോദരൻ പീഡിപ്പിക്ക പ്പെടുമെന്ന ചിന്ത ഗ്രിഗറിക്കുണ്ടായിരുന്നു. അദ്ദേഹം എ.ഡി. 368-ൽ ബിഥീനിയ പ്രവിശ്യയുടെ ധനപരിപാലന ചുമതല ക്കാരനായി സേവനമനുഷ്ഠിച്ചു. ഇവരുടെ ഒരു സഹോദരി വി. ജോർജ്ജീനയെ  കുടുംബജീവിതത്തിന്റെ മഹനീയ മാതൃക  എന്നാണ് ഗ്രിഗറി വിശേഷിപ്പിച്ചിരിക്കുന്നത്.

വി. ഗ്രിഗറി തന്റെ മാതാപിതാക്കളെ പഴയനിയമത്തിലെ അബ്രഹാമിനോടും സാറായോടുമാണ് താരതമ്യപ്പെടുത്തി യിരിക്കുന്നത്. തന്റെ മാതാവ് എന്തു ചെയ്താലും അതിൽ ഒരു പൂർണ്ണ സമർപ്പണം കണ്ടെത്താൻ സാധിക്കുമെന്ന് ഗ്രിഗറി എഴുതിയിട്ടുണ്ട്. പ്രാർത്ഥിക്കുമ്പോൾ അവൾ ജീവി തത്തിൽ ഇതു മാത്രമേ ഇതുവരെ ചെയ്തിട്ടുള്ളൂ എന്നു തോന്നുമായിരുന്നു. അതുപോലെ തന്നെ ഭവനത്തിലെ ദൈനംദിന ജോലികളിൽ വ്യാപൃതയാവുമ്പോൾ മറ്റൊന്നിനെ ക്കുറിച്ചും അവൾ ചിന്തിച്ചിരുന്നില്ല. വളരെ ചെറുപ്പത്തിൽ തന്നെ അമ്മയുടെ കരം പിടിച്ച് ദേവാലയത്തിലെത്തി മുട്ടുകുത്തി കരം കൂപ്പി പ്രാർത്ഥിച്ചിരുന്ന ഗ്രിഗറി മറ്റുള്ളവർക്ക് ആനന്ദകാഴ്ച്ചയായിരുന്നു.

ഗ്രിഗറിയുടെ ജീവിതത്തെ മാറ്റിമറിച്ച ഒരു സ്വപ്നം അദ്ദേഹത്തിന്റെ യൗവ്വനത്തിലുണ്ടായി എന്ന് രേഖപ്പെടുത്തി യിട്ടുണ്ട്. ചാരിത്രശുദ്ധിയും ആത്മസംയമനവുമാകുന്ന പുണ്യങ്ങൾ ഗ്രിഗറിയെ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ആഴമായ അറിവിലേക്ക് ആനയിക്കുന്നതായിരുന്നു ഈ

www.malankaralibrary.com



സ്വപ്നത്തിന്റെ ഉള്ളടക്കം. ഇത് നിത്യബ്രഹ്മചര്യമെന്ന ആശയത്തിലേക്ക് അദ്ദേഹത്തെ നയിക്കുന്നു. പിന്നീട് സന്യാസം ആഗ്രഹിച്ചപ്പോൾ തന്റെ വ്യതങ്ങൾ ലംഘിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് അഭികാമ്യമെന്ന് അദ്ദേഹം കരുതിയിരുന്നു. തന്റെ മാതാപിതാക്കന്മാരുടെ പുണ്യജീവിതത്തെ പ്രശംസിച്ചു കൊണ്ട് ഗ്രിഗറി എഴുതുന്നു: ആരെങ്കിലും ഭൂമിയുടെ അതിർത്തിയിൽ നിന്നും, മനുഷ്യകുലം മുഴുവനിൽ നിന്നും, ഏറ്റം മാതൃകാപരമായ വിവാഹജീവിതം അതാണെന്ന് ചൂണ്ടിക്കാട്ടിയാലും തന്റെ മാതാപിതാക്കളുടേത് അതിനേക്കാൾ മനപ്പൊരുത്തമുള്ളതായിരിക്കും. ഒരു പുരുഷനിലും സ്ത്രീയിലുമുള്ള ഏറ്റം വലിയ നന്മകൾ ഗ്രിഗറിയുടെയും നോന്നയുടെയും വിവാഹജീവിതത്തിൽ സംഗമിച്ചിരിക്കുന്നത് ശരീരങ്ങളുടേതിനേക്കാൾ സുകൃതങ്ങളുടെ സംയോജനമാണ്. അവരിലെ കൃപകൾ മറ്റുള്ളവരുടേതിലും മഹത്തരമെങ്കിങ്കിലും ഇവർക്ക് പരസ്പരം മത്സരിക്കുന്നതിന് സാധിക്കുമായിരുന്നില്ല.

### പൗരോഹിത്യ ശുശ്രൂഷ

പത്തു വർഷത്തോളം നീണ്ടുനിന്ന ഉപരിപഠനത്തിനു ശേഷം മുപ്പതാമത്തെ വയസിൽ ഗ്രിഗറി ആതൻസിൽ നിന്നും സ്വദേശത്തേക്ക് തിരിച്ചു. കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് ചക്രവർത്തിയുടെ കൊട്ടാരത്തിൽ ഉദ്യോഗം നേടിയ സഹോദരൻ സെസാറിയോസിനെ കണ്ടുമുട്ടുകയും അദ്ദേഹത്തോടൊപ്പം വീട്ടിലെത്തുകയും ചെയ്തു. പഠനം പൂർത്തീകരിച്ച് വീട്ടിൽ തിരികെയെത്തിയ ഗ്രിഗറിയുടെ മനസിൽ സന്യാസചിന്തകളായിരുന്നു. തന്റെ സുഹൃത്തായ ബസേലിയോസ് ഈ സമയത്ത് സന്യാസവഴി തിരഞ്ഞെടുക്കുകയും അദ്ദേഹത്തോടൊപ്പം അനുയാത്ര ചെയ്യാൻ ഗ്രിഗറിയെ ക്ഷണിക്കുകയും ചെയ്തു.

നസ്യാൻസസ് രൂപതയുടെ ബിഷപ്പായിരുന്ന പിതാവിന് മകൻ തന്റെ പാതയിലൂടെ സഞ്ചരിക്കണമെന്ന ആഗ്രമായിരുന്നു. ഈ നിർദ്ദേശം അദ്ദേഹം മുന്നോട്ടു വച്ചപ്പോൾ ഗ്രിഗറി ബസേലിയോസിന്റെ ആശ്രമത്തിലേക്ക് ഓടിപ്പോവുകയും അവിടെ കുറേനാൾ സന്യാസിയെപ്പോലെ ജീവിക്കുകയും ചെയ്തു. എ. ഡി. 361-ൽ നാട്ടിലെത്തിയ ഗ്രിഗറി വാർദ്ധക്യത്തിലായിരുന്ന പിതാവിന്റെ ആഗ്രഹപ്രകാരം പൗരോഹിത്യം സ്വീകരിച്ചു. കുറേനാൾ പിതാവിനോട് ചേർന്ന് അവിടെയുള്ള ക്രിസ്തീയ വിശ്വാസികളുടെ ആത്മീയകാര്യങ്ങൾ ശ്രദ്ധിച്ചു. സന്യാസജീവിതം അഭിലഷിച്ച ഗ്രിഗറി ആഗ്രഹിക്കാതെ തന്നെ ഇടവക പൗരോഹിത്യ ശുശ്രൂഷ തിരഞ്ഞെടുത്തു. എന്നാൽ ജീവിതത്തിലുടനീളം ഒരു സന്യാസിയാകണമെന്ന അഭിലാഷം അദ്ദേഹം മനസിൽ സൂക്ഷിക്കുകയും ചെയ്തു. ഈ സമയത്ത് റോമൻ സാമ്രാജ്യത്തിലാകമാനം ഉടലെടുത്ത ദൈവശാസ്ത്ര ഭിന്നതകൾ നസ്യാൻസസിലെ വിശ്വാസികളുടെ ഇടയിലും പ്രശ്നങ്ങൾ സൃഷ്ടിച്ചു. മറ്റാരേക്കാളും കൃത്യമായി ദൈവശാസ്ത്ര ഉത്തരങ്ങൾ നൽകാൻ കഴിവുള്ളവനെന്ന നിലയിൽ ഗ്രിഗറി ഈ ഭിന്നതകൾ പരിഹരിക്കാനായി തന്റെ കഴിവും സമയവും വിനിയോഗിക്കുകയും ചെയ്തു.

ഈ സമയത്താണ് ആതൻസിൽ ഗ്രിഗറിയുടെയും ബേസിലിന്റെയും സഹപാഠിയായിരുന്ന ജൂലിയൻ ചക്രവർത്തി



തന്റെ ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കുന്നതായി പ്രഖ്യാപിച്ചത്. ചക്രവർത്തിയുടെ ഈ പ്രവർത്തിയുടെ പ്രത്യാഘാതം തിരിച്ചറിഞ്ഞ ഗ്രിഗറി ജൂലിയനെതിരായ നിരൂപണങ്ങൾ (*Invectives Against Julian*) എന്ന രചന നടത്തുന്നത്. ക്രിസ്തീയ വിശ്വാസം സ്നേഹവും ക്ഷമയും കൈമുതലാക്കി ജൂലിയനെപ്പോലെയുള്ള അപക്വമതികളായ ഭരണാധികാരികളുടെമേൽ വിജയം വരിക്കുമെന്ന് ഈ ഗ്രന്ഥത്തിൽ അദ്ദേഹം സമർത്ഥിച്ചു. തെയോസിസ് (ദൈവീകരണം) എന്ന് ഗ്രിഗറി ഈ രചനയിൽ പറയുന്ന ഒരു പ്രക്രിയയിലൂടെ ദൈവവുമായി മനുഷ്യൻ പ്രാപിക്കുന്ന ആത്മീയവും ഗഹനവുമായ ഉന്നതി മറ്റെല്ലാത്തിനേയും കാലക്രമത്തിൽ മറികടക്കും. തന്നെ വിമർശിച്ച ഗ്രിഗറിയെയും മറ്റു ക്രിസ്തീയ ചിന്തകരെയും കുറ്റവിചാരണ ചെയ്യാൻ ജൂലിയൻ ചക്രവർത്തി തീരുമാനിച്ചു. എന്നാൽ അധികം താമസിയാതെ പേർഷ്യക്കാരുമായുള്ള യുദ്ധത്തിൽ ജൂലിയന് അകാലമരണം ഉണ്ടായതിനാൽ ചക്രവർത്തിയുടെ അഭിലാഷം നടപ്പിലായില്ല എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ പിൻഗാമിയായി എത്തിയ ജോവിയൻ ചക്രവർത്തി പീഡനം അവസാനിപ്പിക്കുകയും ക്രിസ്തീയ വിശ്വാസത്തിൽ ജീവിക്കുകയും ചെയ്തു.

അടുത്ത ഏതാനും വർഷങ്ങൾ ആര്യൻ പാഷണ്ഡതക്കെതിരായുള്ള നിരന്തര സമരത്തിനായി ഗ്രിഗറി തന്റെ സമയം ചിലവഴിച്ചു. ബസേലിയോസിനോടും സേസറിയായിലെ ബിഷപ്പായിരുന്ന എവുസേബിയസിനോടും ചേർന്ന് അദ്ദേഹം ഈ യുദ്ധം നയിച്ചു. തത്ഫലമായി പ്രസിദ്ധരായ ആര്യൻ പണ്ഡിതന്മാർ നസ്യാൻസസിൽ എത്തുകയും നിഖ്യാ വിശ്വാസപ്രമാണം അനുധാവനം ചെയ്തവരുമായി സംവാദത്തിൽ ഏർപ്പെടുകയും ചെയ്തു. വാലൻസ് ചക്രവർത്തിയുടെ പ്രതിനിധികൾ മദ്ധ്യസ്ഥത വഹിച്ച ഈ സംവാദങ്ങളിൽ ഗ്രിഗറിയും ബസേലിയോസും വിജയികളായി മാറുന്നു. സന്യാസജീവിതം അഭിലഷിച്ച ഗ്രിഗറിയുടെ ആഗ്രഹങ്ങൾക്ക് പൂർണ്ണ വിരാമം ഇട്ടുകൊണ്ട് സഭാനേതൃത്വത്തിലേക്ക് വരുന്നതിന് ഈ സംഭവങ്ങൾ വഴിയൊരുക്കി.

### രൂപതാഭരണവും ചില ദുഃഖങ്ങളും


വാലെൻസ് ചക്രവർത്തി കപ്പഡോഷ്യ പ്രോവിൻസ് ഭരണപരമായ കാര്യങ്ങൾക്കായി വിഭജിച്ച പ്പോൾ ട്യാനയിലെ ബിഷപ്പ് അന്തിമൂസ് ഈ അവസരം മുതലെടുത്തുകൊണ്ട്

www.malankaralibrary.com



കപ്പഡോഷ്യൻ ബന്ധം അവസാനിപ്പിക്കാൻ ശ്രമിച്ചു. രാഷ്ട്രീയ തീരുമാനങ്ങൾക്കനുസരിച്ച് സഭയിൽ മാറ്റങ്ങളുണ്ടാക്കുന്നത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ബസേലിയോസ് തിരിച്ചറിഞ്ഞു. ഇതിനെ പ്രതിരോധിക്കുന്ന തിനായി ഗ്രിഗറിയെ സാസിമ എന്ന പുതിയൊരു രൂപത സ്ഥാപിച്ചുകൊണ്ട് അവിടുത്തെ ബിഷപ്പ് ആയും സഹോദരൻ ഗ്രിഗറിയെ നീസ്സാ രൂപതയുടെ ബിഷപ്പായും ബസേലിയോസ് വാഴിച്ചു. പല വിധ കാരണങ്ങളാൽ ഗ്രിഗറിക്ക് ഈ സ്ഥാനത്തോട് താത്പര്യമില്ലായിരുന്നു. മനസില്ലാമനസോടെയാണ് അദ്ദേഹം ബിഷപ്പായതും പുതിയ രൂപതയുടെ ഭരണം ഏറ്റെടുത്തതും. തന്റെ പിതാവും ബസേലിയോസും കൂടി തനിക്ക് സമ്മാനിച്ച ഒരു കുരിശായിരുന്നു ഇതെന്ന് ഗ്രിഗറി പിന്നീട് ഇതിനെക്കുറിച്ച് എഴുതി.

ഒരു രൂപത ഭരിക്കുന്നതിനേക്കാൾ ധ്യാനാത്മകമായ ഒരു സന്യാസ ജീവിതം നയിക്കുന്നതിനാണ് ദൈവം തന്നെ വിളിക്കുന്നതെന്ന് ഗ്രിഗറി ഒരു കത്ത് വഴി ബസേലിയോസിനെ അറിയിച്ചു. ബസേലിയോസിനോടുള്ള ദേഷ്യം പ്രകടിപ്പിക്കാനായി പരിഹാസാത്മകമായി ഗ്രിഗറി ഇപ്രകാരം എഴുതി: അമ്പത് കോറെപ്പിസ്കോപ്പാമാരെ ചുറ്റിലും കൊണ്ടുനടക്കുന്നയാൾ എന്നെ ആളില്ലാത്ത ഈ രൂപതയുടെ അധികാരിയായി നിയമിച്ചു. എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന ഒരു ജനസംഖ്യ ആയിരുന്നു ഈ രൂപതാ പ്രദേശത്തുണ്ടായിരുന്നത്. അതിന്റെ പ്രധാന കാരണം ഇവിടുത്തെ ജനങ്ങൾ



കച്ചവട ആവശ്യത്തിനു വേണ്ടി മിക്കപ്പോഴും യാത്രയിൽ ആയിരുന്നുവെന്നതാണ്. തന്റെ ജനങ്ങളുടെ ജീവിതത്തിൽ കാര്യമായ സ്വാധീനം ചെലുത്താൻ സാധിക്കാത്തതിൽ അദ്ദേഹം വലുതായി കുണ്ഠിതപ്പെട്ടിരുന്നു. ബിഷപ്പായി അധിക കാലം കഴിയുന്നതിനു മുൻപ് ഗ്രിഗറി തന്റെ രൂപതയിൽ നിന്ന് അവധിയെടുത്ത് ഏകാന്തവാസത്തിനായി കുറേ നാളത്തേക്കു പോയി. എന്നാൽ പിതാവിന് വാർദ്ധ ക്യസഹജമായ ബുദ്ധിമുട്ടുകളാൽ രൂപതാഭരണം നടത്തുന്നതിന് പ്രയാസം നേരിട്ടപ്പോൾ ഗ്രിഗറി നസ്യാൻസസിൽ എത്തി തന്റെ പിതാവിനെ സഹായിച്ചു. പിതാവിന്റെ മരണശേഷം നസ്യാൻസസ് രൂപതയുടെ ഭരണം ഗ്രിഗറി ഏറ്റെടുത്തു.

എന്നാൽ മാതാപിതാക്കന്മാരുടെയും തന്റെ ആത്മസുഹൃത്തായ വി. ബസേലിയോസിന്റെയും മരണം ഗ്രിഗറിക്ക് വലിയ ദുഃഖങ്ങൾ സമ്മാനിച്ചു. ഗ്രിഗറി തന്റെ ഒരു സുഹൃത്തിന് ഇപ്രകാരമെഴുതി: വാർദ്ധക്യം എന്റെ തലക്കു മീതെയുണ്ട്. എന്റെ സുഹൃത്തുക്കൾ ആത്മാർത്ഥതയില്ലാത്തവരായി. സഭയ്ക്ക് ഇടയന്മാരില്ല. മഹത്വപൂർണ്ണമായതെല്ലാം നശിക്കുന്നു. തിന്മ അനാവൃതമാവുന്നു. നമ്മുടെ പ്രയാണം രാത്രിയിലാണ്. ദീപസ്തംഭങ്ങളെല്ലാം മറഞ്ഞുപോയിരിക്കുന്നു. ക്രിസ്തു നിദ്രയിലാണ്. ഇപ്രകാരം എഴുതിയ ഗ്രിഗറിയെ കാത്ത് ജീവിതത്തിലെ മഹത്തരവും വെല്ലുവിളികൾ നിറഞ്ഞതു മായ കർമ്മങ്ങൾ കാത്തിരിക്കുന്നുണ്ടായിരുന്നു.

**ക്രിസ്തീയ ഡമൊസ്തനസ്**

പ്രാചീന ഗ്രീസിലെ പ്രസംഗകലയുടെ പിതാവ് എന്ന് അറിയപ്പെടുന്ന പണ്ഡിതനാണ് ഡമൊസ്തനസ്. ക്രിസ്തീയ ഡമൊസ്തനസ് എന്ന പേര് ഗ്രിഗറിക്കു ലഭിക്കുന്നതിന് ഇടയാക്കിയത് ആര്യനിസത്തിനെതിരായ അദ്ദേഹത്തിന്റെ ഈടുറ്റ പ്രസംഗങ്ങളാണ്. വാലൻസ് ചക്രവർത്തി ആര്യനിസത്തിന്റെ വലിയ അനുഭാവി ആയിരുന്നു. തത്ഫലമായി കോൺസ്റ്റാന്റിനോപ്പിളിൽ സത്യവിശ്വാസികൾ വളരെയധികം പീഡനങ്ങളേൽക്കുകയും നാൾക്കുനാൾ അവരുടെ എണ്ണം കുറയുകയും ചെയ്തു. എ.ഡി. 379–ൽ ആർച്ചുബിഷപ്പ് മെലത്തിയോസും അന്ത്യോഖ്യൻ സുന്നഹദോസും ഗ്രിഗറിയോട് കോൺസ്റ്റാന്റിനോപ്പിളിൽ ചെന്ന് ദൈവശാസ്ത്ര സംവാദങ്ങൾ നടത്തുന്നതിന് ആവശ്യപ്പെട്ടു. ഈ ദൗത്യത്തിന്റെ വൈഷമ്യങ്ങളെക്കുറിച്ച് ബോധ്യമുണ്ടായിരുന്ന ഗ്രിഗറി ആദ്യം എതിർപ്പ് പ്രകടിപ്പിച്ചു. എന്നാൽ ദൈവീക രഹസ്യങ്ങൾ മനസിലാക്കുന്നതിലും വിവരിച്ചുകൊടുക്കുന്നതിലും ഗ്രിഗറിക്കുണ്ടായിരുന്ന കഴിവ് കാരണം അവസാനം ഈ വലിയ ദൗത്യം അദ്ദേത്തിന് ഏറ്റെടുക്കേണ്ടി വന്നു. സൗമ്യനായിരുന്ന ഗ്രിഗറിക്ക്, കോൺസ്റ്റാന്റിനോപ്പിളിൽ എത്തുമ്പോൾ ബസേലിയോസിന്റെ ധീരതയും ആത്മീയ ശക്തിയും ആവാഹിച്ചവനെപ്പോലെ പെരുമാറി എന്ന് ചരിത്രം സാക്ഷിക്കുന്നു.

കോൺസ്റ്റാന്റിനോപ്പിളിലെത്തിയ ഗ്രിഗറിക്ക് അദ്ദേഹത്തിന്റെ സഹോദരന്റെ മകൾ തെയഡോഷ്യ താമസിക്കാൻ തന്റെ ഭവനങ്ങളിലൊന്ന് വിട്ടുകൊടുത്തു. ഗ്രിഗറി ഈ ഭവനത്തെ ഒരു ദേവാലയമാക്കി പരിവർത്തനപ്പെടുത്തി അനസ്താസിയ (പുനരുത്ഥാന സ്ഥലം) എന്ന് നാമകരണം

www.malankaralibrary.com



ചെയ്തു. നിഖ്യാ വിശ്വാസത്തെ അനുധാവനം ചെയ്തിരുന്നവർ ഈ ഭവനത്തിൽ ഒരുമിച്ചുകൂടാൻ തുടങ്ങി. ഗ്രിഗറിയുടെ പണ്ഡിതോചിത പ്രസംഗങ്ങൾ കേൾക്കാൻ അനേകർ ഇവിടേക്ക് വരാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആധികാരികത വലുതായിരുന്നു. ഗ്രിഗറി പ്രസംഗിച്ചു: ഈ യാഥാർത്ഥ്യങ്ങളിലേക്കു നോക്കുക. ക്രിസ്തു ഭൂജാതനായി, പരിശുദ്ധാത്മാവ് അവിടുത്തെ മുന്നോടിയാണ്. ക്രിസ്തു സ്നാനം സ്വീകരിച്ചു, പരിശുദ്ധാത്മാവ് ഇതിനെ സാക്ഷ്യപ്പെടുത്തി. ക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിച്ചു, പരിശുദ്ധാത്മാവ് അവയെ അനുയാത്ര ചെയ്യുന്നു. ക്രിസ്തു ആരോഹണം ചെയ്യുന്നു... പരിശുദ്ധാത്മാവ് അവന്റെ ദൗത്യം ഏറ്റെടുക്കുന്നു. ദൈവത്തിന്റെ ആശയഗതിയുള്ള ഏത് കാര്യമാണ് അവിടുത്തേക്ക് അസാധ്യമായിട്ടുള്ളത്? ദൈവത്തിന് സമുചിതമായിട്ടുള്ള ഏത് സ്ഥാന നാമമാണ് അവിടുത്തേക്ക് അന്യമായിട്ടുള്ളത്? അത്തരം അഭിധാനങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ എനിക്ക് നടുക്കമാണ്. എന്നാൽ ദൈവാത്മാവിനെതിരെ കലഹിക്കുന്നവർ അവിടുത്തെ നാമത്തെ ദുഷിക്കുന്നു...

**സത്യവിശ്വാസ വിജയം**

കോൺസ്റ്റാന്റിനോപ്പിൾ സഭയിലെ പ്രശ്നങ്ങളിൽ മുതലെടുപ്പ് നടത്തിക്കൊണ്ട് ഗ്രിഗറിയുടെ പഴയകാല സുഹൃത്തുക്കളിലൊരാളായ മാക്സിമസ് അലക്സാൻഡ്രിയായിലെ ബിഷപ്പ് പീറ്ററിനെ കൂട്ടുപിടിച്ച് തന്നെത്തന്നെ കോൺസ്റ്റാന്റിനോപ്പിളിലെ ആർച്ചുബിഷപ്പായി പ്രഖ്യാപിച്ചു. അധികാര സ്ഥാനങ്ങളിൽ ആകൃഷ്ടനല്ലാതിരുന്ന ഗ്രിഗറി, രാജിവയ്ക്കാൻ ഒരുമ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ അനുയായികൾ ഇതിൽ നിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കുകയും മാക്സിമസിനെ പുറത്താക്കുകയും ചെയ്തു. തെയഡോഷ്യസ് ചക്രവർത്തി സത്യവിശ്വാസ സംഹിത സ്വീകരിക്കുകയും മാമ്മോദീസ സ്വീകരിക്കുകയും ചെയ്തത് ഗ്രിഗറിയുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നു. പിന്നീട് തിയഡോഷ്യസ് ചക്രവർത്തിയുടെ ശക്തമായ ഇടപെടലാണ് ഗ്രിഗറിയെ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ് സ്ഥാനത്തേക്ക് കൊണ്ടുവന്നത്.

ഗ്രിഗറിയുടെ കോൺസ്റ്റാന്റിനോപ്പിളിലെ ദൗത്യവിജയം അദ്ദേഹത്തിന് ആര്യൻ വിശ്വാസികളിൽ നിന്നുള്ള ഭീഷണിക്ക് കാരണമായി. എ.ഡി. 379, ഈസ്റ്റർ ദിനത്തിൽ ആരാധനയുടെ അവസരത്തിൽ ഇവർ ദേവാലയം അക്രമിക്കുകയും അവിടെയുണ്ടായിരുന്ന ഒരു ബിഷപ്പിനെ വധിക്കുകയും ഗ്രിഗറിയെ പരിക്കേൽപ്പിക്കുകയും ചെയ്തു. എന്നാൽ ഭയപ്പെട്ട് ഓടുന്നവനായിരുന്നില്ല വി. ഗ്രിഗറി. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയും അസാമാന്യ ബുദ്ധിവൈഭവവും, ക്രിസ്തീയ പ്രമാണങ്ങളെ ശരി യായ രീതിയിൽ വിശദീകരിക്കാനുള്ള കഴിവും അനേകരെ സത്യവിശ്വാസത്തിലേക്ക് ആനയിച്ചു. ഗ്രിഗറിയുടെ കോൺസ്റ്റാന്റിനോപ്പിളിലെ സാന്നിധ്യം ആര്യൻ വിശ്വാസ സംഹിതക്ക് വലിയ ക്ഷത മേൽപ്പിച്ചു. വി. അത്തനേഷ്യസ്, വി. ഹിലരി, വി. ബസേലിയോസ് എന്നിവരുടെ രചനകളിലുള്ള അറിവും അദ്ദേഹത്തെ സഹായിക്കാനുണ്ടായിരുന്നു. സത്യവിശ്വാസത്തിന്റെ പ്രകാശം വിശ്വാസ സമൂഹത്തിൽ ജ്വലിപ്പിച്ചുനിർത്താൻ അദ്ദേഹത്തിന് അസാമാന്യ കഴിവുണ്ടായിരുന്നു.



**ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസ്**

വിശ്വാസപരമായ ഭിന്നതകൾ രാജ്യത്തെ ക്രമസമാധാന പ്രശ്നമായി മാറിയ അവസരത്തിൽ തിയഡോഷ്യസ് ചക്രവർത്തി ഒരു സാർവ്വത്രിക സുന്നഹദോസ് വിളിച്ചുകൂട്ടി പരിഹാരം കണ്ടെത്താൻ ആഗ്രഹിച്ചു. വി. ഗ്രിഗറിയുടെ ചിന്തയിൽ ക്രിസ്തീയ വിശ്വാസം ഐക്യത്തോടെയും സ്നേഹത്തോടെയും ജീവിക്കേണ്ട ഒരു ദൈവീക സംഹിതയാണ്. അങ്ങനെ സഭയിലും സമൂഹത്തിലും ഒരുമ എന്ന ലക്ഷ്യത്തോടെ എ.ഡി. 381-ൽ രണ്ടാം സാർവ്വത്രിക സുന്നഹദോസ് കോൺസ്റ്റാന്റിനോപ്പി ളിലെ ഹാഗിയ ഇറേനെ ദേവാലയത്തിൽ വച്ച് കൂടുന്നു (മുസ്ലിം മോസ്ക്കാക്കി മാറ്റാത്ത ഇസ്താംബൂളിലെ ഒരേയൊരു ബൈസന്റീൻ ദേവാലയമാണ് ഇന്ന് മ്യൂസിയവും സംഗീതശാലയുമായി ഉപയോഗിക്കുന്ന ഈ പഴയ ദേവാലയം).

www.malankaralibrary.com



നൂറ്റിയമ്പത് പൗരസ്ത്യ ബിഷപ്പുമാർ ഈ സുന്നഹദോസിൽ സംബന്ധിച്ചതായി ചരിത്രരേഖകൾ സാക്ഷിക്കുന്നു. അന്ത്യോഖ്യയിലെ സഭാദ്ധ്യക്ഷനായിരുന്ന മിലിത്തിയൂസ് സുന്നഹദോസിന്റെ ആദ്യസമ്മേളനങ്ങളിൽ അധ്യക്ഷ സ്ഥാനം വഹിച്ചു. എന്നാൽ അദ്ദേഹം കൗൺസിൽ നടക്കുമ്പോൾ കാലം ചെയ്യുകയും തുടർന്ന് ഗ്രിഗറി നസ്യാൻസനെ കൗൺസിൽ പിതാക്കന്മാർ അധ്യക്ഷനായി തിരഞ്ഞെടുക്കുകയും ചെയ്തു. പൗരസ്ത്യ-പാശ്ചാത്യസഭകൾ ഐക്യത്തിൽ പോവുക എന്ന ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങൾക്ക് ഗ്രിഗറി നേതൃത്വം നൽകി. പരിശുദ്ധാത്മാവിന്റെ ദൈവത്വം സംബന്ധിച്ചുള്ള ദൈവശാസ്ത്ര വിശദീകരണം നൽകി നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ഇവിടെ അംഗീകരിക്കപ്പെട്ടു.

സിനഡിൽ വച്ച് ഗ്രിഗറിയുടെ നേതൃത്വത്തെ ചില ബിഷപ്പുമാർ ചോദ്യം ചെയ്തു. സഭയിൽ ഇനിയും തർക്കങ്ങളുണ്ടാകാൻ പാടില്ല എന്ന ലക്ഷ്യത്തോടെ ഗ്രിഗറി കൗൺസിൽ അധ്യക്ഷസ്ഥാനത്തു നിന്നും കോൺസ്റ്റാന്റിനോപ്പിളിലെ സഭയുടെ നേതൃസ്ഥാനത്തു നിന്നും രാജി വച്ചു. തന്റെ രാജി പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പ്രസംഗിച്ചു: 'എന്റെ ജീവിതം യോനായുടേതിനു തുല്യമാണ്! ഈ കൊടുങ്കാറ്റിന്റെ കാരണക്കാരൻ ഞാനാണ്. എന്നാൽ ഈ കപ്പലിന്റെ രക്ഷക്കുവേണ്ടി ഞാൻ എന്നെത്തന്നെ അർപ്പിക്കുന്നു. എന്നെ പിടിച്ച് സമുദ്രത്തിലിടുക. ഈ പദവിയിൽ അവരോധിക്കപ്പെട്ടപ്പോൾ ഞാൻ സന്തോഷിച്ചിട്ടില്ല. എന്നാൽ ആനന്ദത്തോടെ ഞാൻ ഇത് ഉപേക്ഷിക്കുന്നു.'

ഗ്രിഗറിയുടെ സ്ഥാനത്യാഗം കൗൺസിൽ പിതാക്കന്മാർക്ക് അപ്രതീക്ഷിത ആഘാതമായിരുന്നു. തങ്ങളുടെ പട്ടണത്തിൽ സത്യവിശ്വാസ സംരക്ഷണത്തിനായി പൊരുതിയ ഗ്രിഗറിയെ ഈ സ്ഥാനത്ത് നിലനിർത്താൻ കോൺസ്റ്റാന്റിനോപ്പിളിലെ ക്രിസ്തീയസമൂഹവും ആഗ്രഹിച്ചു. അതിനു ശേഷം ചക്രവർത്തിയെ അഭിസംബോധന ചെയ്തുകൊണ്ട് ഗ്രിഗറി ഒരു ഹൃദയഹാരിയായ പ്രസംഗം നടത്തി. ചക്രവർത്തിയെ അദ്ദേഹത്തിന്റെ വാക്കുകൾ ആഴത്തിൽ സ്പർശിക്കുകയും ഗ്രിഗറിയുടെ മഹത്തായ സേവനങ്ങളെ മഹത്വപ്പെടുത്തി അദ്ദേഹം സംസാരിക്കുകയും ചെയ്തു. കൗൺസിൽ പിതാക്കന്മാരുടെ അഭ്യർത്ഥന മാനിച്ച് ഒരിക്കൽ കൂടി അവരെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം സംസാരിച്ചു. ക്രിസ്തീയവിശ്വാസത്തിന്റെ അന്തസത്ത അധികാരത്തിനു വേണ്ടിയുള്ള ആർത്തിയല്ല സ്നേഹവും കരുണയുമാണെന്ന് അദ്ദേഹം അടിവരയിട്ടു സാക്ഷിച്ചു.

**വിരമിക്കൽ, മരണം**

തന്റെ നാട്ടിൽ തിരികെയെത്തി നസ്യാൻസസ് രൂപതയുടെ ഭരണം ഒരിക്കൽ കൂടി അദ്ദേഹം ഏറ്റെടുത്തു. എന്നാൽ ഗ്രിഗറിയുടെ ആരോഗ്യപ്രശ്നങ്ങൾ ഔദ്യോഗിക ദൗത്യ അരിയാൻസസിൽ തന്റെ കുടുംബസ്വത്തായി ഉണ്ടായിരുന്ന സ്ഥലത്ത് ഏകാന്തവാസത്തിനായി പോകുന്നു. ഇക്കാലയളവിലും അദ്ദേഹം കവിതകൾ രചിക്കുകയും നേരത്തെ എഴുതിയവ മെച്ചപ്പെടുത്തുകയും ചെയ്തു. ഒരു ത്യാഗിവര്യനായ സന്യാസിയുടെ ജീവിതമാണ് ഇവിടെ അദ്ദേഹം നയിച്ചത്. ഇത് ഗ്രിഗറിയെ സംബന്ധിച്ച് ഒരു സ്വപ്നസാക്ഷാത്കാരം കൂടിയായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ഈ സമയത്തും അദ്ദേഹത്തെ ഇവിടെ സന്ദർശിച്ച് അനുഗ്രഹം തേടിയിരുന്നു. ഗ്രിഗറിയുടെ ജീവിത വിശുദ്ധിയെക്കുറിച്ചും പാണ്ഡിത്യത്തെക്കുറിച്ചും കേട്ടറിഞ്ഞ് ചില പ്രമുഖ വ്യക്തികളും ഈ സന്ദർഭത്തിൽ ഇവിടെ എത്തിയിരുന്നു.

ആറു വർഷത്തോളം ശാന്തതയിലും സമാധാനത്തിലും ഇവിടെ കഴിഞ്ഞ ഗ്രിഗറി എ.ഡി. 390 ജനുവരി മാസത്തിൽ തന്റെ നിത്യസമ്മാനത്തിനായി പോയി. വി. ഗ്രിഗറിയെ അടക്കിയത് നസ്യാൻസസിലെ കത്തീഡ്രൽ ദേവാലയത്തിലായിരുന്നു. എ.ഡി. 950-ൽ കോൺസ്റ്റാന്റിനോപ്പിളിലെ അപ്പസ്തോല ദേവാലയത്തിലേക്ക് ഈ തിരുശേഷിപ്പുകൾ മാറ്റി സ്ഥാപിച്ചു. നാലാം കുരിശുദ്ധ സമയത്ത് എ.ഡി. 1204-ൽ ഈ തിരുശേഷിപ്പുകൾ കുരിശുയുദ്ധക്കാർ റോമിലേക്ക് കൊണ്ടുപോയി. 2004 നവംബർ 27-ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ നിർദ്ദേശപ്രകാരം ജോൺ ക്രിസോസ്റ്റത്തിന്റെ തിരുശേഷിപ്പുകളോടൊപ്പം ഗ്രിഗറിയുടെ തിരുശേഷിപ്പുകളുടെ .ഗ്രിഗറിയുടെ അനന്തിരവൻ നിക്കോബുലോസ് അദ്ദേഹത്തിന്റെ കൃതികൾ മിക്കവയും നശിച്ചു പോകാതെ സംരക്ഷിക്കുകയും അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. റ്റിറാനിയൂസ് റുഫീനിയൂസ് എന്ന സന്യാസി ഗ്രിഗറിയുടെ പല കൃതികളും ലത്തീൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഇത് റോമൻ സാമ്രാജ്യത്തിലെ മിക്ക സ്ഥലങ്ങളിലും എത്തപ്പെടുകയും ദൈവശാസ്ത്ര പഠനങ്ങളെ സ്വാധീനിക്കുകയും ചെയ്തു. സത്യവിശ്വാസത്തിന്റെ സംരക്ഷകൻ




www.malankaralibrary.com



എന്ന നിലയിൽ അദ്ദേഹത്തിന്റെ രചനകൾ വളരെ വിപുലമായി ഉപയോഗിക്കപ്പെട്ടു. ത്രിത്വത്തെക്കുറിച്ചുള്ള ദൈവശാസ്ത്ര വിചിന്തനങ്ങൾ സഭയുടെ ആധികാരിക പഠനമായി മാറി. കോപ്റ്റിക്ക് സഭകൾ ഇന്ന് ഉപയോഗിക്കുന്ന ആരാധനാ ക്രമവും വിശുദ്ധ ഗ്രിഗറിയുടെ പേരിലാണ് അറിയപ്പെടുന്നത്.

കാലാതീത ദൈവശാസ്ത്ര രചനകളുടെ കർത്താവാണ് ഗ്രിഗറി. അദ്ദേഹം തന്റെ കാലഘട്ട ത്തിന്റെ അജപാലന വെല്ലുവിളികൾക്ക് സത്യവിശ്വാസാധിഷ്ഠിതമായ ഉത്തരങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ എഴുതപ്പെട്ട കൃതികളാണ് എല്ലാം. അദ്ദേഹത്തിന്റെ കൃതികൾ മുഴുവനായി ഇംഗ്ലീഷ് ഭാഷയിലേക്ക് ഇന്നും വിവർത്തനം ചെയ്യപ്പെട്ടിട്ടില്ല. നാൽപത്തിയഞ്ചിലധികം പ്രഭാഷണങ്ങൾ, നൂറോളം കവിതകൾ, ഇരുനൂറ്റിയമ്പതോളം എഴുത്തുകൾ എന്നിവ നമുക്കിന്ന് ലഭ്യമാണ്. ദേ വീത്ത സുവാ എന്ന പേരിൽ അറിയപ്പെടുന്ന അദ്ദേഹത്തിന്റെ കവിത ആത്മകഥാപരമായ കൃതിയാണ്. ഗ്രിഗറിയുടെ ജീവിതത്തെക്കുറിച്ച് അറിയുന്നതിന് പിൽക്കാല തലമുറക്ക് ലഭ്യമായിട്ടുള്ള ഒരു ആധികാരിക രേഖ കൂടിയാണിത്. സഹനത്തെക്കുറിച്ചും വേദനകളെക്കുറിച്ചുമുള്ള ദൈവീക ധ്യാനങ്ങളാണ് ഇവയിൽ പലതും. ഗ്രിഗറിയുടെ പ്രഭാഷണങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടതായി കരുതപ്പെടുന്നതാണ് കോൺസ്റ്റാന്റിനോപ്പിളിൽ നടത്തിയ പത്തു പ്രസംഗങ്ങൾ. ദൈവീകസത്യങ്ങൾ പ്രത്യേകിച്ചും പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ഗ്രിഗറിയുടെ രചനകൾ ഒരു മനുഷ്യബുദ്ധിക്ക് മനസിലാക്കാവുന്ന രഹസ്യങ്ങളുടെ പാരമ്യമാണെന്ന് കരുതപ്പെടുന്നു. ജീവിതത്തിന്റെ പരിശുദ്ധിക്കും ബഹുമാനത്തിനും വലിയ പ്രാധാന്യം കൊടുത്ത പണ്ഡിതനായിരുന്നു ഗ്രിഗറി.


ഒരു നൂറ്റാണ്ടിന്റെ പ്രശ്നങ്ങൾക്ക് ഒറ്റ പ്രസംഗം കൊണ്ട് ഉത്തരം കണ്ടെത്തിയവനായിരുന്നു വി. ഗ്രിഗറി. മാത്രമല്ല, ഒരു സഹസ്രാബ്ദത്തിലധികമായി വലിയ ദൈവശാസ്ത്രജ്ഞന്മാർ ഈ വിശുദ്ധന്റെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ സഭയിൽ ഉടലെടുത്ത പല ദൈവശാസ്ത്ര പ്രശ്നങ്ങൾക്കും ഉത്തരം നൽകുകയും ചെയ്തിട്ടുണ്ട്. ത്രിത്വത്തെക്കുറിച്ചുള്ള ഗ്രിഗറിയുടെ ചിന്തകൾ പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധത്തെ ശരിയായി മനസിലാക്കുന്നതിനും നിർവചിക്കുന്നതിനും ദൈവശാസ്ത്രജ്ഞന്മാരെ വളരെയധികം സഹായിച്ചിട്ടുണ്ട്. ദൈവീകരഹസ്യങ്ങൾ വാക്കുകളിലൂടെയും അക്ഷരങ്ങളിലൂടെയും മറ്റുള്ളവർക്ക് പകർന്നു നൽകാനുള്ള കഴിവിനെ ദൈവീകദാനമായിട്ടാണ് വി. ഗ്രിഗറി കണ്ടിരുന്നത്. അതേക്കുറിച്ച് അദ്ദേഹം തന്നെ എഴുതുന്നു: ഈ ദാനം ഞാൻ ദൈവത്തിനു സമർപ്പിക്കുന്നു. ഇതു മാത്രമേ എന്റെ നിധിയായി അവശേഷിക്കുന്നുള്ളു. മറ്റുള്ളവയെല്ലാം ദൈവാത്മാവിന്റെ പ്രേരണയാൽ ഞാൻ ഉപേക്ഷിച്ചു. എനിക്കുള്ളതെല്ലാം ഈ വിലപിടിപ്പുള്ള നിധി കൈക്കലാക്കാനായി ഞാൻ വിട്ടുകൊടുത്തു. ദൈവവചനത്തിന്റെ ഉപാസകൻ എന്ന നിലയിലാണ് ഞാൻ ഇതിനെ അധീനമാക്കിയത്. അറിഞ്ഞുകൊണ്ട് ഈ സൗഭാഗ്യത്തിന് കുറവ് വരാൻ ഞാൻ അനുവദിക്കില്ല. ഇതിനെ ഞാൻ ആദരിക്കുന്നു, വിലമതിക്കുന്നു. മറ്റുള്ളവർ ലോകത്തിലുള്ള മുഴുവൻ സമ്പാദ്യങ്ങളാൽ ആശ്വസിപ്പിക്കപ്പെടുന്നതിനേക്കാൾ ഇതിൽ ഞാൻ ആശ്വാസം കണ്ടെത്തുന്നു. ഇത് എന്റ ജീവിതസഖിയും, ഉപദേശകനും സുഹൃത്തും എല്ലാറ്റിനുമുപരി എന്റെ സ്വർഗ്ഗയാത്രയിലെ വഴികാട്ടിയും സഹസന്യാസിയുമാണ്.



പരിശുദ്ധാത്മാവിനെക്കുറിച്ച് ഇന്ന് നാം വിശ്വസിക്കുന്ന പല ക്രിസ്തീയ പ്രബോധനങ്ങളും ശരിയായി നമുക്ക് വിശകലം ചെയ്തു തന്നിരിക്കുന്നത് വി. ഗ്രിഗറിയാണ്. പരിശുദ്ധാത്മാവിന്റെ ത്രിത്വബന്ധത്തെക്കുറിച്ചു ഗ്രിഗറി എഴുതുന്നു: പരിശുദ്ധാത്മാവ് നിശ്ചയമായും പിതാവിൽ നിന്നും വരുന്ന സത്യാത്മാവാണ്. ഇത് പുത്രൻ വന്ന രീതിയിലല്ല, എന്തെന്നാൽ ഉത്ഭവത്തിലൂടെയല്ല (generation) പ്രഗമനത്തിലൂടെയാണ് (procession), അവിടുന്ന് വരുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ പഴയനിയമത്തിൽ ഗുപ്തമായ രീതിയിൽ ദർശിക്കുമ്പോൾ പുതിയ നിയമത്തിൽ വളരെ പ്രകടമായി കാണാൻ കഴിയുമെന്നും ഗ്രിഗറി എഴുതുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരം വഴി അവിടുത്തെ ദൈവത്വം നഷ്ടപ്പെടുകയോ, ദൈവീകസ്വഭാവത്തിൽ കുറവു വരുകയോ ചെയ്യുന്നില്ല. കൂടാതെ ക്രിസ്തു മനുഷ്യശരീരവും ആത്മാവുമുള്ള പൂർണ്ണ മനുഷ്യനുമാണ്.

www.malankaralibrary.com






**ഉപസംഹാരം**

സഭാപിതാക്കന്മാരിൽ ആധുനികതലമുറക്ക് ലഭ്യമായിരുന്ന ഒരേയൊരു പൂർണ്ണമായ വിൽപ്പത്രം എഴുതിവച്ചിട്ടുള്ളത് വി. ഗ്രിഗറിയാണ്. റോമൻ നിയമത്തിനനുസൃതമായി എഴുതിയിരിക്കുന്ന ഈ വിൽപ്പത്രത്തിൽ കപ്പഡോഷ്യൻ സഭയിലെ മറ്റ് ആറു ബിഷപ്പുമാർകൂടി കയ്യൊപ്പ് ചാർത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഗ്രിഗറിക്ക് കുടുംബപരമായി കിട്ടിയ സ്വത്തിന്റെ സിംഹഭാഗവും നസ്യാൻസസിലെ പാവപ്പെട്ടവരുടെ സംരക്ഷണത്തിനായി അവിടുത്തെ സഭയെ ഏൽപിച്ചു. ശ്വസിക്കുന്നതിൽ കൂടുതൽ നീ ദൈവത്തെ ഓർക്കണം എന്ന് തന്റെ ജനത്തെ ഉപദേശിച്ച ഗ്രിഗറിയുടെ ഏറ്റം വലിയ സമ്പാദ്യം ദൈവമായിരുന്നു. എ.ഡി. 380-ൽ കോൺസ്റ്റാന്റിനോപ്പിളിൽ നടത്തിയ ഒരു പ്രസംഗത്തിൽ ഗ്രിഗറി ഇപ്രകാരം പറഞ്ഞു: നീ നൽകുന്നത് എത്ര ചെറുതാണെങ്കിലും ഒന്നുമില്ലാത്തവന് അത് വലുതാണ്. നമുക്ക് ചെയ്യാവുന്ന സത്കർമ്മങ്ങൾ നാം അനുഷ്ഠിക്കുമ്പോൾ ദൈവതിരുമുമ്പിൽ അത് ഒരിക്കലും ചെറുതായിരിക്കില്ല.

**വി. ഗ്രിഗറി ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയിരിക്കുന്ന ഒരു പ്രാർത്ഥന**

സർവ്വശക്തനും ശ്രേഷ്ഠനുമായ ദൈവമേ,
ഏതു വചസ്സിനാൽ അങ്ങയെ വർണ്ണിക്കാൻ കഴിയും?
ഒരു നാവിനും അങ്ങനെ വിവരിക്കാൻ കഴിയില്ല.
ഒരു മനസ്സിനും അവിടുത്തെ രഹസ്യങ്ങൾ പരിശോധിക്കാനാവില്ല.

എന്നാൽ എല്ലാ വചനവും അങ്ങിൽ നിന്ന് ആരംഭിക്കുന്നു,
എല്ലാ ആലോചനയും അങ്ങിൽ നിന്ന് ഉത്ഭവിക്കുന്നു.

സൃഷ്ടി മുഴുവൻ അവിടുത്തെ പ്രഘോഷിക്കുന്നു,
സൃഷ്ടവസ്തുക്കളെല്ലാം അവിടുത്തെ വണങ്ങുന്നു.
ഓരോ ഇളംകാറ്റും അവിടുത്തേക്ക് പ്രാർത്ഥനയർപ്പിക്കുന്നു,
ഓരോ വൃക്ഷവും മർമ്മരശബ്ദത്തോടെ അവിടുത്തെ ഗീതങ്ങളാലപിക്കുന്നു.

എല്ലാറ്റിനെയും അങ്ങ് നിലനിർത്തുന്നു.
അവയെല്ലാം അങ്ങയുടെ ശ്രുതിമധുര കൽപനയാൽ ചലിക്കുന്നു.
ലോകം മുഴുവൻ അങ്ങേക്കായി കാത്തിരിക്കുന്നു.
എല്ലാ മനുഷ്യരും അങ്ങയെ വാഞ്ഛിക്കുന്നു.
എന്നാലും അവിടുന്ന് അകന്നിരിക്കുന്നു,
ഞങ്ങളുടെ ഗ്രഹണശക്തിക്ക് അവിടുന്ന് അതീതനാണ്.

നിലനിൽക്കുന്നതിന്റെയെല്ലാം ലക്ഷ്യം അവിടുന്നാണ്,
എന്നാൽ അങ്ങയെ അവിടുന്ന് പൂർണ്ണമായ് ഞങ്ങൾക്ക്
മനസ്സിലാക്കിത്തരുന്നില്ല.
നാഥാ, എനിക്ക് അങ്ങയോട് സംവദിക്കണം
എന്ത് നാമത്താലാണ് അങ്ങനെ ഞാൻ അഭിസംബോധന ചെയ്യേണ്ടത്?

www.malankaralibrary.com



ആനുകാലികം



# എഐ ക്യാമറയും ചില വിദേശ വിചാരങ്ങളും



ബോബി ഏബ്രഹാം

കുറച്ചുദിവസം ഓസ്ട്രേലിയയിലെ മെൽബണിലായിരുന്നു. യാത്രാവിവരണം എഴുതി മടുപ്പിക്കാൻ താൽപര്യമില്ല. എഴുതുന്നുമില്ല. എങ്കിലും ചില താരതമ്യങ്ങൾ അനിവാര്യമാണെന്നു തോന്നുന്നു. ഇവിടെ എഐ ക്യാമറ വിവാദം പൊടിപൊടിക്കുന്ന സമയത്ത് ഞങ്ങൾ അവിടുത്തെ മികച്ച റോഡുകളിലൂടെ ഒരു ബുദ്ധിമുട്ടുമില്ലാതെ സഞ്ചരിക്കുകയായിരുന്നു. എന്റെ ഇളയ സഹോദരന്റെ രണ്ടു മക്കളാണ് രണ്ടാഴ്ചയ്ക്കിടെ 2000 കിലോമീറ്ററിലേറെ വാഹനമോടിച്ചത്. ഒരാൾക്ക് 21 വയസ്, മറ്റേയാൾക്ക് 18 തികഞ്ഞതേ ഉള്ളു. ഒരു അങ്കലാപ്പുമില്ലാതെ ഞങ്ങൾ വാഹനത്തിലിരുന്നു. ഈ യാത്രയിലെവിടെയും അവർ ഒരു തവണ പോലും ഹോൺ മുഴക്കിയതായി കണ്ടില്ല. മറ്റു വാഹനങ്ങളിൽ നിന്നും ഹോൺ കേട്ടില്ല. ഏതെങ്കിലും വാഹനത്തിന്റെ ഡ്രൈവർ ഫൗൾ കാണിച്ചാൽ മാത്രമാണ് അവർ ഹോൺ മുഴക്കുക. അത് കേൾക്കുന്നത് വലിയ അപമാനമായി അവർ കരുതുന്നുമുണ്ട്. റൗണ്ട് എബൗട്ടുകളിലും മറ്റും കൃത്യമായ മുൻഗണനയിൽ വാഹനം കടന്നുപോകുന്നു. മറ്റുള്ളവർ ക്ഷമയോടെ കാത്തുനിൽക്കുന്നു. റോഡുകൾ ജംക്ഷനുകളിലേക്ക് എത്തുമ്പോൾ കുറച്ചുകൂടി വികസിക്കുന്നു. റോഡിൽ ഓരോ ഭാഗത്തും എത്ര കിലോമീറ്റർ വരെ വേഗമാകാമെന്ന് എഴുതിക്കാണിക്കുന്നുണ്ട്. 110 കിലോമീറ്റർ ആണ് ഹൈവേയിൽ അനുവദനീയമായ ഏറ്റവും ഉയർന്ന വേഗം. ഏതാണ്ട് 100 കിലോമീറ്റർ വേഗം നിലനിർത്താനാവുമെന്നതിനാൽ നിങ്ങൾക്ക് ഒരു മണിക്കൂറിൽ 100 കിലോമീറ്റർ താണ്ടുക ബുദ്ധിമുട്ടുള്ള കാര്യവുമല്ല. തീർച്ചയായും നിങ്ങൾ ക്യമാറ നിരീക്ഷണത്തിലാണ്. അത് ഐഐ ക്യാമറ ആണോയെന്ന് അറിയില്ല. ക്യാമറ ഇല്ലാത്ത സ്ഥലങ്ങളിൽ റോഡരികിൽ നിർത്തിയിട്ട ഒരു സാധാരണ വാഹനം എല്ലാ സംവിധാനങ്ങളുമായി നിങ്ങളെ നിരീക്ഷിക്കുന്നുണ്ടാവും. അതുകൊണ്ടുതന്നെ സാധാരണഗതിയിൽ നിയമലംഘനത്തിന് ആരും തുനിയില്ല. എന്നാലും അവിടെ അപകടം ഉണ്ടാകുന്നുണ്ട്. ഒരുപക്ഷേ മുന്നിലുള്ള വാഹനം വേഗം കുറയ്ക്കുമ്പോഴാകാം അതു സംഭവിക്കുക. ഞങ്ങൾ സഞ്ചരിച്ച പാതകളിൽ അത്തരം ഒരു അപകടം മാത്രമാണ് കണ്ടത്. മീഡിയൻ ഇല്ലാത്ത റോഡുകൾ അവിടെ അപൂർവവുമാണ്.

എത്ര ക്യാമറ ഉണ്ടായിട്ടും കാര്യമില്ല. നല്ല ഡ്രൈവിങ് സംസ്കാരവും മികച്ച റോഡുകളും ആവശ്യമാണ്. ഇവിടെ ഇപ്പോൾ കാണുന്നതൊന്നും റോഡല്ല എന്നു പറഞ്ഞാൽ അത് അതിശയോക്തിയാവില്ല എന്നു മാത്രം പറയട്ടെ. എന്നാൽ മികച്ച ഡ്രൈവിങ് സംസ്കാരം ഉണ്ടെങ്കിൽ ഈ പാതകളും അപകടരഹിതമാക്കാൻ നമുക്കു കഴിയും. മഞ്ഞ വര മറികടന്നാലും കുഴപ്പമില്ലെന്നും ഏതു ട്രാഫിക് ബ്ലോക്കിലും വാഹനം കുത്തിക്കയറ്റി ബ്ലോക്കിന്റെ കാഠിന്യം വർധിപ്പിക്കുന്നത് മിടുക്കാണെന്നും കരുതുന്നവരാണ് നമ്മുടെ ഡ്രൈവർമാരിൽ ഭൂരിപക്ഷവും. ഏതു ക്യാമറ വച്ചിട്ടായാലും കുഴപ്പമില്ല, വലിയ ഫൈൻ തന്നെ ഇത്തരം നിയമലംഘനങ്ങൾക്ക് കൊടുത്താൽ കേരളത്തിലും മികച്ച ഡ്രൈവിങ് സാധ്യമാവും. ഇപ്പോഴത്തേതിനേക്കാൾ വേഗത്തിലെത്താനും കഴിയും. ഒരു കാര്യം എടുത്തുപറയാതെ വയ്യ. അവിടെ

www.malankaralibrary.com


മികച്ച റോഡ് ആണെങ്കിലും ഇവിടുത്തെപ്പോലെ ടോൾ കൊള്ളയില്ല. വളരെ കുറച്ചു സ്ഥലങ്ങളിലേ ടോൾ പിരിവുള്ളു. റോഡിൽ കുഴിയുമില്ല. കൈയിട്ടുവാരലില്ല. തൊഴിലിലാണ് ഉദ്യോഗസ്ഥർക്ക് ആത്മാർഥതയെന്നതിന് തെളിവാണ് ഈ മികച്ച സംവിധാനം എന്നതിൽ തർക്കമില്ല.

ഇവിടുത്തെ സ്ഥിതി വെറുതേ ഒന്നാലോചിച്ചുപോയി. രണ്ടു സമീപനങ്ങളുടെ പ്രശ്നമാണ്. അവിടെ ടോൾ ഉള്ളയിടങ്ങളിൽ പോലും വാഹനം നിർത്തേണ്ടതില്ല. ഇവിടെ ഫാസ് ടാഗ് സംവിധാനം ഏർപ്പെടുത്തിയിട്ടും ഓരോ വാഹനവും നിർത്തി ടാഗ് സ്കാൻ ചെയ്യണം. ഇപ്പോൾ എഐ ക്യാമറയെച്ചൊല്ലി ഉയരുന്ന വിവാദവും ശ്രദ്ധിക്കുക. ഒരു പദ്ധതിയുടെ പേരിൽ എങ്ങനെ തീവെട്ടിക്കൊള്ള നടത്താമെന്നാണ് ചിന്ത. എഐ ക്യാമറകളാണെങ്കിൽ പിന്നെ എന്തിനാണ് ഉദ്യോഗസ്ഥർ വിശകലനം ചെയ്ത് നോട്ടീസ് അയയ്ക്കുന്നതെന്ന ചോദ്യത്തിനു പോലും കൃത്യമായ ഉത്തരമില്ല. അത്രയും മോശമായ ക്യാമറയാണോ വയ്ക്കുന്നത്. ഇത് എഐ ക്യാമറ തന്നെയാണോ എന്ന് ഇതേപ്പറ്റി ഏറെ അറിയുന്ന ടോണി തോമസ് ആശങ്ക ഉന്നയിച്ചുകണ്ടു. റോഡിലെ നിയമലംഘനം പിടിക്കാൻ വയ്ക്കുന്ന ക്യാമറ പോലും വലിയ രാഷ്ട്രീയതീരുമാനമായി അവതരിപ്പിക്കപ്പെടുകയും വികസന നേട്ടമായി ഉദ്ഘോഷിക്കപ്പെടുകയുമാണ്. കുറഞ്ഞപക്ഷം ഇത്തരം ക്യാമറ വച്ച എവിടെയെങ്കിലും പോയി പഠിച്ചിട്ടുപോരായിരുന്നോ കോടികൾ പൊടിപൊടിക്കൽ. ആരാണ് ക്യാമറ വച്ചതെന്നുപോലും അറിയാത്ത സ്ഥിതിയായി. മര്യാദയ്ക്കു വാഹനം ഓടിക്കുന്നവരുടെ ചിത്രംപോലും ഏതോ സ്വകാര്യ ഏജൻസിക്കു പകർത്താമെങ്കിൽ എന്താണ് വ്യക്തിയുടെ സ്വകാര്യതയ്ക്ക് പരിരക്ഷ. ആരാണ് പിഴ ചുമത്തുന്നത്, പിഴ ചുമത്താൻ സ്വകാര്യ ഏജൻസിക്ക് അധികാരമുണ്ടോ.. തുടങ്ങി ഒട്ടേറെ ചോദ്യങ്ങൾ ഉയരുന്നു. ചുരുക്കത്തിൽ വാഹന ഗതാഗതം മെച്ചമാക്കുന്നതിലുപരി പിഴ ഈടാക്കി സർക്കാരിനും സ്വകാര്യ ഏജൻസിക്കും വരുമാനം ഉണ്ടാക്കാമെന്ന ചിന്തയാണ് പദ്ധതി തയാറാക്കിയവരെ നയിച്ചത്. കൊള്ളയടിക്കാൻ പദ്ധതി തയാറാക്കുമ്പോൾ ഒരു മിനിമം ബുദ്ധിയൊക്കെ കാണിക്കണ്ടേ.

പണ്ട് രജനീകാന്തിന്റെ 60 അടി ഉയരമുള്ള പരസ്യ ബോർഡ് ഉയർന്നുനിൽക്കുന്നതു കണ്ട് അദ്ഭുതപ്പെട്ട് ഒരു തമിഴ്നാട്ടുകാരൻ ചോദിച്ചത്രേ.. ഇതു പടച്ചതോ പടച്ചു.. എങ്ങനെ ഉയർത്തിയപ്പാ...

അതുപോലെ ചോദിക്കട്ടെ. ഈ പദ്ധതി തയാറാക്കിയത് സമ്മതിച്ചു. മന്ത്രിസഭ എങ്ങനെ അംഗീകാരം കൊടുത്തു?.

**നിർമാണത്തിലെ വ്യത്യസ്തത**

കെട്ടിട നിർമാണത്തിൽ വലിയ പരീക്ഷണങ്ങൾ നടത്തുന്നു എന്ന് നമ്മൾ അവകാശപ്പെടുമ്പോഴും കല്ലും സിമന്റും കോൺക്രീറ്റും ഉപയോഗിച്ചുള്ള നിർമാണമേ നമുക്കിപ്പോഴും അറിയൂ. എന്നാൽ സ്റ്റീലും തടിയും വളരെ ഭംഗിയായി ഓസ്ട്രേലിയയിൽ ഉപയോഗിക്കുന്നു. വലിയ പാലങ്ങളൊക്കെ സ്റ്റീലിലാണ് നിർമിച്ചിരിക്കുന്നത്. ബഹുനില മന്ദിരങ്ങളിലും സ്റ്റീലാണ് താരം. വീടുകൾ പണിയുന്നത് തടി



ഉപയോഗിച്ചാണ്. തറ മുഴുവനായി കോൺക്രീറ്റ് ചെയ്തു കഴിഞ്ഞാൽ പിന്നെ തടിയിലാണ് ചട്ടക്കൂട് രൂപപ്പെടുത്തുക. വീടിന്റെ പുറം മാത്രം ഒരുവരി കട്ടകെട്ടുന്നു. അകത്ത് സിമന്റ് ബോർഡ് തറയ്ക്കുന്നു. സീലിങ്ങിലും സിമന്റ് ബോർഡ് തന്നെ. രണ്ടുനില വീടിന്റെ തട്ട് തടികൊണ്ടാണ്. അവിടെ കോൺക്രീറ്റ് ഉപയോഗിക്കുന്നതേ ഇല്ല. ഏറ്റവും മുകളിൽ ഓട് പാകുന്നു. കോൺക്രീറ്റിൽ അല്ലാതെ ഒന്നും ചെയ്യാൻ കഴിയില്ലെന്ന് വാശി പിടിക്കുന്ന നമ്മുടെ എൻജിനീയർമാർ ഇതൊന്നു മനസ്സിരുത്തി കാണണം. മാത്രമല്ല, ഒരു പ്രദേശത്ത് റസിഡൻഷ്യൽ ബിൽഡിങ്ങുകൾ നിർമിക്കാൻ അനുമതി നൽകുമ്പോൾ ബന്ധപ്പെട്ട ഏജൻസികൾ അവിടെ കൃത്യമായി എർത്ത് വർക്ക് നടത്തി സുവിജ് ലൈൻ, വെള്ളത്തിനുള്ള പൈപ്പ് തുടങ്ങി എല്ലാം സ്ഥാപിക്കുന്നു. റോഡ് പണിയുന്നു. ആ റോഡിൽ വാഹനം പോകാനിടമുണ്ട്, സൈക്കിൾ ട്രാക്കുണ്ട്, നമ്മുടെ വാഹനം പാർക്ക് ചെയ്യാൻ സ്ഥലമുണ്ട്. മീഡിയനപ്പുറം അതുപോലെ തന്നെ സൗകര്യമുണ്ട്. ഈ റോഡിൽ നിന്ന് വീട് നിൽക്കുന്നിടത്തേക്ക് കയറാനുള്ള വഴി ഉൾപ്പെടെ പൂർത്തിയാക്കിയ ശേഷമാണ് വീട് നിർമാണം തുടങ്ങുക. എത്ര കൃത്യമായ പ്ലാനിങ് എന്ന് അത്ഭുതപ്പെട്ടുപോകും. മുമ്പ് നമ്മുടെയും വീട് നിർമാണ രീതിയിലുണ്ടായിരുന്ന ലാളിത്യം കൈമോശം വന്നത് കോൺക്രീറ്റിന്റെ അതിപ്രസരത്തോടെയാണെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു. മതിൽ പണിയാൻ പോലും എന്തുമാത്രം പ്രകൃതിവിഭവം ആണ് നമ്മൾ പാഴാക്കുന്നത്. അവിടെ ഫെൻസിങ് നടത്തുന്നതും തടിയോ അലോയ് ഷീറ്റോ ഉപയോഗിച്ചാണ്.

ഏതൊരു കെട്ടിടം നിർമിക്കുമ്പോഴും (അതു സർക്കാർ ഓഫിസ് ആകട്ടെ, വെയർഹൗസ് ആകട്ടെ, വ്യാപാര സ്ഥാപനമാകട്ടെ) അതു സൗന്ദര്യ ബോധത്തോടെ നിർമിക്കാൻ അവർക്കു കഴിയുന്നുണ്ട്.

പൊതു ആവശ്യത്തിനായി വിനിയോഗിക്കുന്ന ഓരോ പണവും കൃത്യമായി ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പാക്കാൻ ഉദ്യോഗസ്ഥർക്കാവുന്നുണ്ട്. അവർക്ക് ജോലിയിൽ ആത്മാർഥതയുണ്ട്. ഡിസൈൻ ചെയ്യാനറിയാത്ത എൻജിനീയർമാരല്ല അവിടെയുള്ളത്. ഒപ്പിട്ട് കമ്മിഷൻ വാങ്ങാൻ മാത്രമായി ഇരിക്കുന്നവരുമല്ല. ഇവിടെ നമ്മുടെ പൊതു നിർമിതികളൊക്കെ എന്തുകൊണ്ട് ദിവസങ്ങൾക്കകം തകരുന്നു എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേ ഉള്ളു. ഉദ്യോഗ

www.malankaralibrary.com





സ്ഥരിൽ 90 ശതമാനത്തിനും ചെയ്യുന്ന ജോലിയോട് ആത്മാർഥത ഇല്ലാതെ പോയി.

**പഠനത്തോടൊപ്പം ജോലി**

15 വയസും 9 മാസവും പൂർത്തിയാക്കിയ ആർക്കും അവിടെ തൊഴിലെടുക്കാം. അതുകൊണ്ടുതന്നെ കോളജുകളിലേക്കെത്തുന്ന വിദ്യാർഥികൾ ആഴ്ചയിൽ 2 ദിവസമെങ്കിലും ജോലിക്ക് പോകുന്നു. അവർക്ക് ആവശ്യമായ തുക അവർ സമ്പാദിക്കുന്നു. പഠനം പൂർത്തിയാകുമ്പോഴും അവർക്ക് തൊഴിൽ ഉറപ്പുണ്ട്. ഒരു മണിക്കൂർ ജോലി ചെയ്താൽ ഇത്ര ഡോളർ എന്നതിന് വ്യക്തമായ നിയമമുണ്ട്. അത് ലംഘിക്കാൻ സാധാരണഗതിയിൽ ആവില്ല. മാത്രമല്ല, അവിടെ ഏറ്റവും മികച്ച ശമ്പളവും ഏറ്റവും താഴ്ന്ന ശമ്പളവും തമ്മിൽ അജഗജാന്തരമില്ല. ഏറ്റവും താഴ്ന്ന ശമ്പളം ലഭിക്കുന്നവർക്കുപോലും വളരെ മാന്യമായി ജീവിച്ചുപോകാം. ഏതു തൊഴിലിനും മാന്യതയുണ്ട്. ആ ജോലി എങ്ങനെ ചെയ്യും എന്ന ചിന്തയുടെയൊന്നും ആവശ്യമില്ലതന്നെ. ഇവിടെ ഒരു സാധാരണ തൊഴിലാളിക്ക് അവരുടെ ഒരുവർഷത്തെ വരുമാനമെടുത്താൽ ഒരു വിമാന യാത്ര സാധ്യമല്ലെന്നത് നമുക്കറിയാം. എന്നാൽ അവിടെ അവരുടെ ഒരു മാസത്തെ ശമ്പളത്തിന്റെ ഒരു ഭാഗം മാത്രം മതി അതിന്.

**വൃത്തി**

വീട് വൃത്തിയാക്കിയിടുന്നതുപോലെ തന്നെ പൊതുസ്ഥലവും വൃത്തിയായി സൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരാണ് അവർ. വിവിധ നാടുകളിൽ നിന്നെത്തിയവരുടെ സമൂഹമാണ് ഓസ്ട്രേലിയ. പക്ഷേ നാട് വൃത്തിയായി സൂക്ഷിക്കുന്നതിൽ അവരെല്ലാവരും ശ്രദ്ധാലുക്കളാണ്. ഉറവിട മാലിന്യ സംസ്കരണം എന്നൊക്കെ നമ്മൾ ഇപ്പോഴും പറഞ്ഞുനടക്കുന്നു. അവർ കേന്ദ്രീകൃത സംവിധാനമാണെന്നു തോന്നുന്നു നടപ്പാക്കുന്നത്. വീടുകളിൽ ഇനംതിരിച്ച് മാലിന്യം ശേഖരിച്ചുവച്ചാൽ മതി. അവർ വന്നുകൊണ്ടുപോകും. പൊതുസ്ഥലങ്ങളിലെല്ലായിടവും മാലിന്യം ഇടാൻ ബിൻ വ്ച്ചിട്ടുണ്ട്. അതിൽ ഏതുതരം മാലിന്യം ഇടണമെന്ന് അവർക്കറിയാം. അതു കൃത്യമായി ചെയ്യുന്നു. നിർമിച്ച് അധികം കഴിയുംമുമ്പ് പൊട്ടിപ്പൊളിയുന്ന കെട്ടിടങ്ങളും മറ്റും അവിടെയില്ല. പൊതുസ്ഥലങ്ങളിലെല്ലാം ശുചിമുറികളുണ്ട്. അവയൊക്കെ വൃത്തിയായി പരിപാലിക്കാനുള്ള സംവിധാനവുമുണ്ട്. നമ്മുടെ ബസ് സ്റ്റാൻഡുകളിലും മറ്റുമുള്ളതുപോലെ കയറാൻ അറയ്ക്കുന്ന ശുചിമുറികളല്ല അവ. പൊതുസ്ഥലങ്ങളിൽ കണ്ണിടത്തെല്ലാം പോസ്റ്റർ ഒട്ടിച്ചു വൃത്തികേടാക്കുന്ന രീതിയും കണ്ടില്ല. വഴിയരികിൽ നിരനിരയായി ഫ്ളക്സ് ബോർഡുകളില്ല. അവർ അങ്ങനെ ചിന്തിക്കുന്നുപോലുമില്ല.

**കൃഷി**

പഴങ്ങളാണ് അധികവും കൃഷി ചെയ്യുന്നത്. അത് ശാസ്ത്രീയമായി വൻതോതിൽ ഉൽപാദിപ്പിക്കുന്ന തോട്ടങ്ങളാണ്. പൂർണമായും യന്ത്രവൽകൃതമായ കൃഷിരീതികൾ. വിശാലമായ മേച്ചിൽപ്പുറങ്ങൾ ഉള്ളതിനാൽ കാലിവളർത്തലും സജീവം. അവയ്ക്ക് കൃത്യമായ വിപണന സൗകര്യവുമുണ്ട്.

**വയോജന സൗഹൃദം**

ഡിമൻഷ്യ രോഗികളുടെ എണ്ണം വലിയതോതിലുണ്ട്. പ്രായാധിക്യം മൂലം ബുദ്ധിമുട്ടുന്നവർക്ക് നഴ്സിങ് ഹോമിൽ മികച്ച പരിചരണം ഉറപ്പാക്കുന്നു. പ്രായമാകുമ്പോൾ നഴ്സിങ് ഹോമിലേക്കു മാറുന്നത് അവിടെ വലിയ സാമൂഹികപ്രശ്നമായൊന്നും കാണുന്നില്ല. ബന്ധുക്കൾക്ക് എപ്പോൾ വേണമെങ്കിലും സന്ദർശിക്കാം. നഴ്സിങ് ഹോമിലെ പരിചരണത്തിനാവശ്യമായ തുക ഉറപ്പാക്കുന്നതിനും സംവിധാനമുണ്ട്. അതിനും നിവൃത്തിയില്ലാത്തവരാണെങ്കിൽ സർക്കാർ സഹായം ഉറപ്പുമാണ്. അതുകൊണ്ടുതന്നെ വാർധക്യം ആശങ്കപ്പെടുത്തുന്നില്ല.

**മനസിലാകാത്ത സാമ്പത്തിക ശാസ്ത്രം**

വലിയ ഭൂഖണ്ഡം ആണെങ്കിലും രണ്ടരക്കോടിക്കടുത്തുമാത്രമാണ് ജനസംഖ്യ. ഇവർക്കാവശ്യമായ ഉൽപന്നങ്ങളിൽ 90 ശതമാനവും വിദേശത്തുനിന്നെത്തുന്നവയാണ്. ബഹുഭൂരിപക്ഷവും ചൈനയിൽ നിന്ന്. ഓസ്ട്രേലിയയുടെ ഉൽപാദനം ഇരുമ്പയിര്, സ്വർണം, കൽക്കരി, ഇറച്ചി, പാൽ ഉൽപന്നങ്ങൾ, പഴങ്ങൾ തുടങ്ങിയവയാണ്. മറ്റു വസ്തുക്കളുടെ ഉൽപാദനം നോക്കിയാൽ ഒരുപക്ഷേ കേരളത്തിൽ അതിൽക്കൂടുതൽ ഉണ്ടാവും. ടോയ്‌ലറ്റ് പേപ്പർ മുതൽ വാഹനങ്ങൾ വരെ എല്ലാം വിദേശത്തുനിന്നെത്തണം. ഒരു പുതിയ കാറിനായി 12 മുതൽ 18 മാസം വരെ കാത്തിരിക്കേണ്ടിവരും. അതുകൊണ്ടു തന്നെ വാഹന മേഖലയിൽ സെക്കൻഡ് ഹാൻഡ് വിപണി വളരെ സജീവമാണ്. സേവന മേഖലയിലാണ് ബഹുഭൂരിപക്ഷവും ജോലി ചെയ്യുന്നത്. എന്നിട്ടും മികച്ച ജീവിത സാഹചര്യം ഉറപ്പാക്കാൻ അവർക്കു കഴിയുന്നു. വ്യാപാര സ്ഥാപനങ്ങളിൽ അപൂർവം ഇടങ്ങളിൽ മാത്രമേ വലിയ തിരക്ക് അനുഭവപ്പെടുന്നുള്ളു. ഇന്ത്യ പോലെയുള്ള ഒരു വലിയ രാജ്യത്തേക്കാൾ അവരുടെ പണത്തിനു മൂല്യവുമുണ്ട്. മനസ്സിലാക്കിയെടുക്കാൻ ബുദ്ധിമുട്ടുള്ള സാമ്പത്തിക ശാസ്ത്രമാണത്.

**മലയാളി സമൂഹം**

ഓരോ സമൂഹവും ഇപ്പോഴും അവരുടേതായ രീതികളിൽ തന്നെയാണ് കഴിയുന്നത്. കേരളത്തിലെ പോലെ തന്നെ വിവിധ വിഭാഗങ്ങളായി മലയാളികളിലെ ക്രിസ്ത്യാനികൾ അവിടെ ആരാധനാ സമൂഹം രൂപപ്പെടുത്തുന്നു. തൊട്ടടുത്തു

താമസിക്കുന്നത് ഒരുപക്ഷേ മറ്റുരാജ്യക്കാരാവും. അയൽപക്ക സൗഹൃദം എന്നൊന്നില്ല എന്നതിനാൽ ഏറെക്കുറെ ഒറ്റപ്പെട്ട ജീവിതം. വിവിധ ഭാഗങ്ങളിലായി ചിതറിക്കഴിയുന്ന മലയാളികൾ പക്ഷേ വലിയ സൗഹൃദങ്ങൾ രൂപപ്പെടുത്തുന്നു. കുടുംബങ്ങൾ തമ്മിലും ആ സൗഹൃദം ശക്തമാകുന്നു. മറുനാട്ടിൽ അവർ പുതിയ ബന്ധുക്കളായി മാറുന്നു. നാട്ടിൽ ഏറെക്കാലം ജീവിച്ചശേഷം വിദേശത്തെത്തിയവർക്ക് ഇപ്പോഴും നാട്ടിലെ രാഷ്ട്രീയത്തിലും സാമൂഹിക കാര്യങ്ങളിലുമാണ് ഏറെ താൽപര്യം. ഓസ്ട്രേലിയൻ രാഷ്ട്രീയം എന്തെന്ന് അവർ ഇപ്പോഴും അറിയാൻ ശ്രമിക്കുന്നില്ല. കൗൺസിലുകളിൽ അവരെ പ്രതിനിധീകരിക്കുന്നത് ആരാണെന്നറിയില്ലെങ്കിലും നാട്ടിലെ വാർഡ് കൗൺസിലർ ആരാണെന്ന് അവർക്കു കൃത്യമായി അറിയാം. മലയാളി സമൂഹത്തിലെ പുതിയ തലമുറ ഒരേ സമയം ഓസ്ട്രേലിയൻ രീതികളും മലയാളി രീതികളും സമന്വയിപ്പിച്ചാണ് മുന്നോട്ടു നീങ്ങുന്നത്. മലയാള സിനിമകളും പാട്ടുകളുമൊക്കെ അവരും ആസ്വദിക്കുന്നു. മലയാളം വായിക്കാനറിയില്ലെങ്കിലും പറയാൻ പരിശീലിക്കുന്നു.

ഏറ്റവും പ്രധാനം അവർക്ക് ആശങ്കകളും ആകുലതകളും കുറവാണെന്നാണ്. അവർ ഇന്നിൽ ജീവിക്കുന്നു. നാളെ എന്താവുമെന്ന് ആലോചിച്ച് തല പുണ്ണാക്കുന്നില്ല. യാത്രകൾ പോകുന്നു. വാരാന്ത്യങ്ങളിൽ ചിലപ്പോൾ ക്യാംപിങ്ങിനു പോകുന്നു. അത്തരം ജീവിത ശൈലിക്കാവശ്യമായ എല്ലാം അവിടെ ഒരുക്കിയിട്ടുണ്ട്. നമ്മൾ നാളെയെക്കുറിച്ചാലോചിച്ച് ഇന്നത്തെ ജീവതം ജീവിക്കാൻ മറന്നുപോകുന്നു. രണ്ടു സങ്കൽപങ്ങളാണത്. എന്തുകൊണ്ടാണ് നമ്മുടെ കുട്ടികൾ വിദേശങ്ങൽലേക്ക് പോകാൻ ആഗ്രഹിക്കുന്നതെന്നും അവിടെ സ്ഥിരതാമസമാക്കാൻ തുനിയുന്നതെന്നും ചോദിച്ചാൽ ഉത്തരം മുകളിൽ പറഞ്ഞതു മാത്രമാണ്. 100 വർഷം കഴിഞ്ഞാലും ഇവിടെ ആർജിക്കാൻ കഴിയില്ലെന്ന് അവർക്കു തോന്നുന്ന ജീവിത സാഹചര്യങ്ങളും സംസ്കാരവും അവരെ കാത്തിരിക്കുന്നുണ്ടെങ്കിൽ അവരെന്തിന് ഇവിടെനിന്ന് കഷ്ടപ്പെടണം.

ഇതിനിടയിലും ആശങ്കപ്പെടുത്തുന്ന തരത്തിൽ ചില സമൂഹങ്ങൾ പെരുമാറുന്നതായി അവർക്കും തോന്നുന്നുണ്ട്. സ്വന്തം മതത്തിന് അമിതപ്രാധാന്യം നൽകുന്നവർ പ്രാദേശിക കൗൺസിലുകളുടെ അധികാരസ്ഥാനത്തേക്കെത്തുകയും ബഹുസ്വരതയ്ക്കു ഭിന്നമായ നിലപാടുകൾ



സ്വീകരിക്കുകയും ചെയ്യുന്നത് അവരെ ആശങ്കപ്പെടുത്തുന്നു. ഓസ്ട്രേലിയ ക്രിസ്ത്യൻ ഭൂരിപക്ഷ രാഷ്ട്രമാണെങ്കിലും എല്ലാ മതവിഭാഗങ്ങൾക്കും ആശങ്കകളില്ലാതെ ആരാധനാ രീതികളുമായി കഴിയാം. മനുഷ്യാവകാശ കാര്യങ്ങളിൽ അവർ ഏറെ ശ്രദ്ധാലുക്കളുമാണ്. ആ സാഹചര്യത്തെ ദുരുപയോഗം ചെയ്യുന്ന പ്രവണത കൂടുകയാണെന്ന് മലയാളികൾക്കിടയിലും ആശങ്കയുണ്ട്. ഈസ്റ്ററിനും ക്രിസ്മസിനുമൊക്കെ നഗരം ദീപം തെളിച്ച് അലങ്കരിക്കുന്ന പതിവുകളൊക്കെ ചില കൗൺസിലുകൾ ഇടപെട്ട് നിർത്തലാക്കിയതും മറ്റും അവർ ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നു. ചിലർ അങ്ങനെയാണ്. സ്വർഗത്തെയും നരകമാക്കാൻ ശ്രമിക്കും.

**മേമ്പൊടി**

ഇവിടെ ഒരു ട്രെയിൻ വരുന്നെന്നു പറഞ്ഞ് എന്തെല്ലാം കോലാഹലങ്ങളാണ്. ഇതാദ്യമായാണ് ഇന്ത്യയിൽ ഒരു ട്രെയിൻ പുറത്തിറക്കുന്നതെന്നു തോന്നും. ഇതേ ട്രെയിൻ മറ്റു സംസ്ഥാനങ്ങളിൽ അനുവദിച്ചപ്പോഴൊന്നും ഈ കോലാഹലം കണ്ടില്ല. ഒരു പുതിയ ട്രെയിൻ വരുമ്പോൾ പറക്കുംതളിക കണ്ടതുപോലെയുള്ള അദ്ഭുതത്തിൽ നിൽക്കുകയാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മലയാളി സമൂഹം. ചാനലുകളൊക്കെ ട്രെയിൻ എവിടെയെത്തിയെന്ന മട്ടിൽ റണ്ണിങ് കമന്ററി നൽകുന്നു. ഉദ്ഘാടനം ചെയ്യാൻ പ്രധാനമന്ത്രി തന്നെ വരുന്നു. രണ്ടാഴ്ചയിലേറെ ഓസ്ട്രേലിയയിൽ നിന്നിട്ടും ഒരുദ്ഘാടനമോ ജനപ്രതിനിധിയുടെ പേരു ചാർത്തിയ വെയ്റ്റിങ് ഷെഡോ കാണാൻ കഴിഞ്ഞില്ലെന്ന നിരാശ പങ്കുവയ്ക്കട്ടെ. അവരൊക്കെ കേരളം കണ്ടു പഠിക്കട്ടെ.

**സ്വർഗ്ഗപ്രവേശനത്തിന്റെ ഒമ്പതാം വർഷം**

**5-5-2023**



**അന്നമ്മ ജോൺ (70)**

റിട്ട. ടീച്ചർ
സെന്റ് മേരീസ് എച്ച്. എസ്. പട്ടം
തിരുഹൃദയ ഭവൻ, ജ്യോതിനഗർ,
J/4 പട്ടം, തിരുവനന്തപുരം

*ഒരിക്കലും മായാത്ത നിറഞ്ഞ പുഞ്ചിരിയുമായി*
*ഞങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു.*
*ഇന്നും എന്നും എപ്പോഴും.*

എന്ന്, സന്തപ്തകുടുംബാംഗങ്ങൾ

www.malankaralibrary.com



വിശേഷം

# റമ്പാൻ – കോർ എപ്പിസ്കോപ്പാ
## സ്ഥാനങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ





മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വിവിധ മേഖലകളിൽ ധന്യമായ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ച ബഹുമാനപ്പെട്ട വൈദികർക്ക് റമ്പാൻ – കോർ എപ്പിസ്കോപ്പാ സ്ഥാനങ്ങൾ നൽകി ഒരു പുതിയ ജീവിതക്രമത്തിലേക്കു സഭ അവരെ നിയോഗിച്ചിരിക്കുകയാണ്. തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗങ്ങളായ റവ. ഫാ. ഫിലിപ് ദയാനന്ദ്, റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത്, പത്തനംതിട്ട ഭദ്രാസനാംഗമായ റൈറ്റ് റവ. ജോസ് ചാമക്കാലായിൽ കോർഎപ്പിസ്കോപ്പ, എന്നിവരാണ് പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രലിൽ വച്ച് റമ്പാൻമാരായി സമർപ്പണം നടത്തിയത്. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറാൾ കൂടിയായ റൈറ്റ് റവ. ഡോ. വർക്കി ആറ്റുപുറത്ത്, റൈറ്റ് റവ. മോൺ. ഡോ. ജോൺസൺ കൈമലയിൽ, റവ. ഫാ. ജോൺ കാരവിള എന്നിവരാണ് കോർ– എപ്പിസ്കോപ്പമാരായി സ്ഥാനമേറ്റത്. ശുശ്രൂഷകൾക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസന അധ്യക്ഷനുമായ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.

പൗരസ്ത്യ സഭകളിൽ സന്യാസ ജീവിതശൈലി തിരഞ്ഞെടുക്കുന്നവർക്ക് നൽകിയിരുന്ന പ്രത്യേക വിശേഷണമാണ് റമ്പാൻ. ഒരു ഔദ്യോഗികമായ സ്ഥാനം എന്നതിലുപരി ഇത് വ്യതിരിക്തമായ ഒരു ആത്മീയ ജീവിത ശൈലിയുടെ ഉദാത്ത മാതൃകയാണ്. ഈ സന്യാസ ജീവിത ശൈലിയിലേക്ക് സ്വയം സമർപ്പിക്കുന്നവർക്ക് നൽകിയിരുന്ന സവിശേഷമായ അംഗീകാരമായിരുന്നു 'റമ്പാൻ' എന്നുള്ളത്.

സന്ന്യാസ ജീവിതശൈലി സ്വീകരിക്കുന്നവരെയാണ് മലങ്കര സുറിയാനി പാരമ്പര്യത്തിൽ റമ്പാൻ എന്നിവിളിക്കുന്നത്. ഗ്രീക്ക് ഭാഷയിലെ 'റാബി', സുറിയാനിയിലെ റാബ്ബാൻ' എന്നീ വാക്കുകളിൽ നിന്നാണ് 'ഞങ്ങളുടെ ഗുരു' എന്നർത്ഥമുള്ള റമ്പാൻ എന്ന വാക്കിന്റെ ഉത്ഭവം. അതിനാൽത്തന്നെ ജ്ഞാനിയും ആത്മീയ അച്ചടക്കവും തപശ്ചര്യകളിൽ പൂർണ്ണ നിഷ്ഠയുള്ളവനുമായ ഒരു ആത്മീയ ഗുരുവായിട്ടാണ് റമ്പാൻ പരിഗണിക്കപ്പെടുന്നത്. മരുഭൂമിയിലെ സഭാപിതാക്കൻമാരിൽ പ്രധാനിയായ, ഈജിപ്തിൽ ജീവിച്ചിരുന്ന വിശുദ്ധ അന്തോനീസിന്റെ സന്യാസനിഷ്ഠയെ അടിസ്ഥാനപ്പെടുത്തിയുള്ള ജീവിതശൈലികളും രീതികളുമാണ് റമ്പാന്റെ ജീവിതശൈലിയുമായി ബന്ധപ്പെട്ട് മലങ്കര സുറിയാനി സഭകൾ പിൻതുടരുന്നത്.

പുരോഹിതർക്കാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സാധാരണ റമ്പാൻ സ്ഥാനംനൽകിയിട്ടുള്ളത്. ക്രിസ്തുവിനെയും 12 അപ്പസ്തോലന്മാരെയും പ്രതിധാനം ചെയ്യുന്ന പതിമൂന്നുകുരിശടയാളങ്ങൾ തുന്നിച്ചേർത്ത കറുത്ത 'മസനപ്സാ' (കുബ്ഹോനോ) എന്ന ശിരോവസ്ത്രവും കറുത്തകുപ്പായവും കാവി നിറത്തിലുള്ള പുരോഹിതവസ്ത്രവും ഇടക്കെട്ടും കറുത്ത പുറങ്കുപ്പായവുംതടിക്കുരിശുമാലയും പാദരക്ഷയും ധരിച്ചാണ് റമ്പാൻമാർ കാണപ്പെടുക. എന്നാൽ സുറിയാനിപാരമ്പര്യത്തിൽ പൗരോഹിത്യം സ്വീകരിച്ചവർക്കു മാത്രമേ റമ്പാൻ സ്ഥാനം സ്വീകരി

www.malankaralibrary.com


ക്കാനാവൂ എന്നില്ല. റമ്പാൻ സ്ഥാനം ഒരു പട്ടത്വ പദവി അല്ല. ആദ്യ കാലങ്ങളിൽ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരുന്നസന്യാസിമാർ (റമ്പാൻ) മാത്രമായിരുന്നു, ക്രമേണ സന്യാസിമാരല്ലാത്തവരേയും മേൽപട്ട ശുശ്രൂഷക്കായിഉയർത്തപ്പെട്ടപ്പോൾ ആദ്യം റമ്പാൻ സ്ഥാനം നൽകുന്ന ക്രമം രൂപപ്പെട്ടു. റമ്പാൻ പദവിയുള്ളവർക്ക്സാധരണഗതിയിൽ ഇടവക ഭരണ ചുമതലയേല്പിക്കാറില്ല എന്നാലും ഇടവക വൈദികരുടെ കുറവ് പരിഹരിക്കാൻ റമ്പാച്ചന്മാരെ ഇടവക ചുമതലയിൽ നിയോഗിക്കാറുണ്ട്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വൈദിക ശുശ്രൂഷകൾക്കുള്ള സ്തുത്യർഹമായ സേവനങ്ങൾക്ക് അംഗീകാരമെന്നവണ്ണം ഇന്ന് റമ്പാൻ സ്ഥാനം നൽകപ്പെടുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവ ഭദ്രാസന മെത്രാപ്പൊലീത്തയുടെ ശുപാർശയിൻമേൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസിൽ കൂടിയാലോചിച്ചാണ് റമ്പാൻ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വ്യക്തിഗത നിയമാവലി (CPCSMCC) 302–305 കാനോനകൾ കോർ – എപ്പിസ്കോപ്പ, റമ്പാൻ സ്ഥാനത്തെക്കുറിച്ചും അവരുടെ തെരഞ്ഞെടുപ്പിനെക്കുറിച്ചും ഔദ്യോഗിക വേഷവിധാനത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ, അറുപതുവയസ്സു പ്രായമുള്ളവരും വിശുദ്ധിയും ഭക്തിയുംവിവേകവും ശുശ്രൂഷാ മനോഭാവവും അജപാലന പരിചയവുമുള്ള വൈദികർക്ക് ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശയിൻമേലാണ് റമ്പാൻ സ്ഥാനം നൽകുന്നത്. അവർ ആരാധനക്രമപരവും ആത്മീയവും ദൈവശാസ്ത്രപരവുമായ സഭാപൈതൃകത്തോട് വിശ്വസ്തരായിരിക്കണം. അവർ സഭയിലുംസമൂഹത്തിലും നല്ല ജീവിത മാതൃകയും ശൈലിയും പുലർത്തുന്നവരും സഭാ ശുശ്രൂഷയിൽ പ്രഗൽഭരുമായിരിക്കണം. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ പുണ്യങ്ങളിൽ അവർ നിഷ്ഠയുള്ളവരായിരിക്കണം. സാധ്യമെങ്കിൽ ഒരു ദയറായിൽ വസിച്ചുകൊണ്ട് ആരാധനാക്രമത്തിലൂന്നിയ പ്രാർത്ഥനയിലും ധ്യാനത്തിലും അധിഷ്ഠിതമായ ജീവിതം നയിക്കണം. വൈദികരുടെ ഗണത്തിൽ അവർക്ക്മുൻഗണനയ്ക്ക് അർഹതയുണ്ടാവും. സഭയുടെ നവീകരണം ലക്ഷ്യമാക്കി നടത്തപ്പെടുന്ന സഭാഅസംബ്ലികളിൽ അവർക്ക് പ്രത്യേക ക്ഷണമുണ്ടാവും.

റമ്പാൻ സ്ഥാനം നൽകുന്ന ശുശ്രൂഷ അവരുടെ ജീവിതശൈലിയെ ഉൾക്കൊള്ളുന്നതും വളരെഅർത്ഥവത്തുമാണ്. ശുശ്രൂഷയുടെ തുടക്കത്തിൽ സുവിശേഷം പ്രസംഗിക്കാനുള്ള റമ്പാന്റെ കടമയെ സൂചിപ്പിച്ചുകൊണ്ട് റമ്പാൻ സ്ഥാനാർത്ഥികളുടെ ചുമലിൽ ഏവൻഗേലിയോൻ വച്ച് പ്രധാന പുരോഹിതൻ സുവിശേഷം വായിക്കും. സിംഹാസനത്തിലിരുന്നു കൊണ്ടു പ്രധാന കാർമ്മികൻ അർത്ഥികൾക്കു റമ്പാൻസ്ഥാനി അനുവർത്തിക്കേണ്ട ആത്മീയ ഉപദേശങ്ങൾ നൽകും. 'ഓമോലൊഗിയോ' എന്നാണ് ഇത് അറിയപ്പെടുക. തുടർന്ന് റമ്പാൻ സ്ഥാനാർത്ഥികളെ ത്രിത്വനാമത്തിൽ പ്രധാന കാർമ്മികൻ റൂശ്മാ ചെയ്യും. ലൗകീക മോഹങ്ങളെ ത്യജിക്കേണ്ടവനാണ് സന്യാസി എന്നു സൂചിപ്പിച്ചു കൊണ്ട് അർത്ഥിയുടെ മുടിയുടെ ഛേദനം കുരിശാകൃതിയിൽ പ്രധാനകാർമ്മികൻ നിർവഹിക്കും. ഈ സമയം അർത്ഥി ക്രിസ്തുവിനെപോലെ സ്വയം സമർപ്പിക്കുവാൻ ഞാൻ തയാറാണ് എന്നതിന്റെ അടയാളമായി തന്റെകരങ്ങൾ ഇരു വശത്തേക്കും കുരിശാകൃതിയിൽ വിരിച്ചുപിടിക്കുന്നു. പുതിയ ജീവിതശൈലി സ്വീകരിക്കുന്നതിന്റെ അടയാളമായി കുപ്പായം, ഇടക്കെട്ട്, മസനപ്സാ, പുറങ്കുപ്പായം എന്നിവ അർത്ഥിയെ ധരിപ്പിക്കും. അനുഷ്ഠാനപരമായ പാദങ്ങളുടെ കഴുകലിലൂടെ മേല്പട്ടക്കാരൻ അർത്ഥികളെ സന്യാസജീവിതത്തിലേക്ക് സ്വീകരിക്കുന്നു. കഴുകി വിശുദ്ധികരിച്ച അർത്ഥികളുടെ കാലിൽ സുവിശേഷത്തിനുവേണ്ടി തീക്ഷണതയോടെ സഞ്ചരിക്കാൻ ചെരുപ്പുകൾ ധരിപ്പിക്കും. ശേഷം അഭിനവ റമ്പാൻ നാലുദിക്കുകളിലേക്കും മുട്ടുകുത്തി കുമ്പിട്ടുകൊണ്ടു തന്നെ സ്വീകരിക്കാൻ ദൈവജനത്തോട്അഭ്യർത്ഥിക്കും. റമ്പാന്റെ ബലവും ആയുധവും നമ്മുടെ കർത്താവിന്റെ സ്ലീബായാണ് എന്നുസൂചിപ്പിച്ചുകൊണ്ട് റമ്പാന്റെ തോളിൽ വഹിക്കാൻ സ്ളീബായും കഴുത്തിൽ ധരിക്കാൻ സ്ളീബായുംനൽകും. തുടർന്ന് അഭിനവ റമ്പാന്മാർക്കു പ്രധാന പുരോഹിതനും സന്നിഹിതരായിരുന്ന മേല്പട്ടക്കാരുംസ്ലീബാ മുത്തിച്ചു സമാധാനം നൽകുന്നു.

കോറെപ്പിസ്കോപ്പോസ് എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് കോർ-എപ്പിസ്കോപ്പ എന്നപദത്തിന്റെ ഉത്ഭവം. സഭാചരിത്രത്തിന്റെ പിതാവ് (Father of Church History) എന്നുവിശേഷിപ്പിക്കപ്പെടുന്ന എവുസേബിയൂസിന്റെ (Eusebius of Caesarea) കൃതികളിലാണ് കോർ–എപ്പിസ്കോപ്പമാരെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്. യാത്രാസൗകര്യം വളരെ കുറവായിരുന്ന ഒരുകാലത്ത് മെത്രാനെ (Episcopa) ശുശ്രൂഷകളിൽ പ്രാദേശികമായി സഹായിക്കുക, ആരാധന ക്രമംപരികർമ്മം ചെയ്യുക, പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുക, എന്നതായിരുന്നു കോർ-എപ്പിസ്കോപ്പയുടെ

www.malankaralibrary.com



ചുമതല, എന്നാൽ വൈദിക പട്ടാഭിഷേകം നൽകുന്നതിന് അവർക്ക് അനുവാദമുണ്ടായിരുന്നില്ല. ലത്തീൻ സഭയിൽ കോർ - എപ്പിസ്കോപ്പ സ്ഥാനമുണ്ടായിരുന്നുവെങ്കിലും കാലക്രമത്തിൽ അത് അന്യം നിന്നു പോയി.

പൗരസ്ത്യ സഭകളിൽ ഇന്നും കോർ-എപ്പിസ്കോപ്പ സ്ഥാനം നൽകപ്പെടുന്നുവെങ്കിലും നൈയാമികമായ അധികാരമോ ചുമതലയോ അതിലൂടെ കരഗതമാകുന്നില്ല; പ്രത്യുത വൈദിക ശുശ്രൂഷകളിലെ സ്തുത്യർഹമായ സേവനങ്ങൾക്ക് ബഹുമതിയായി നൽകപ്പെടുന്നു. സഭാപരമായ കാര്യങ്ങളിൽ പദവിപ്രകാരമുള്ള അവകാശത്തിൽ കോർ-എപ്പിസ്കോപ്പ, മുൻഗണനാ ക്രമത്തിൽ ആദ്യമെങ്കിലും ആരാധനക്രമ സംബന്ധിയായ ശുശ്രൂഷകൾക്കും പ്രാർത്ഥനകൾക്കും മുൻഗണന റമ്പാനാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വൈദിക ശുശ്രൂഷകൾക്കുളള സ്തുത്യർഹമായ സേവനങ്ങൾക്ക് അംഗീകാരമെന്നവണ്ണം ഇന്ന് കോർ-എപ്പിസ്കോപ്പാ സ്ഥാനം നൽകപ്പെടുന്നു. മലങ്കരസുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവ ഭദ്രാസന മെത്രാപ്പൊലീത്തയുടെ ശുപാർശയിൻമേൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസിൽ കൂടിയാലോചിച്ചാണ് കോർ-എപ്പിസ്കോപ്പാ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വ്യക്തിഗത നിയമാവലി (CPCSMCC) 302 - 305 കാനോനകൾ കോർ-എപ്പിസ്കോപ്പ, റമ്പാൻ സ്ഥാനത്തെക്കുറിച്ചും അവരുടെ തെരഞ്ഞെടുപ്പിനെക്കുറിച്ചും ഔദ്യോഗിക വേഷവിധാനത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ, അറുപതുവയസ്സു പ്രായമുള്ളവരും വിശുദ്ധിയും ഭക്തിയും വിവേകവും ശുശ്രൂഷാ മനോഭാവവും അജപാലന പരിചയവുമുള്ള വൈദികർക്ക് ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശയിൻമേലാണ് കോർ-എപ്പിസ്കോപ്പ സ്ഥാനം നൽകുന്നത്. അവർ ആരാധനക്രമപരവും ആത്മീയവും ദൈവശാസ്ത്രപരവുമായ സഭാപൈതൃകത്തോട് വിശ്വസ്തരായിരിക്കണം. അവർ സഭയിലും സമൂഹത്തിലും നല്ല ജീവിത മാതൃകയും ശൈലിയും പുലർത്തുന്നവരും സഭാശുശ്രൂഷയിൽ പ്രഗൽഭരുമായിരിക്കണം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വെളുത്ത കുപ്പായവും ചുവന്ന ഇടക്കെട്ടും വെള്ളിക്കുരിശുമാലയുമാണ് കോർ-എപ്പിസ്കോപ്പാമാരുടെ ഔദ്യോഗിക വേഷം. ആരാധനക്രമമനുസരിച്ച്കറുത്ത കുപ്പായത്തിനു പുറമേ കൂദാശകൾക്ക് പരികർമ്മിയാകുമ്പോൾ കാപ്പയ്ക്കു മുകളിൽ ധരിക്കുന്നപത്രസീനും അവരുടെ ഔദ്യോഗിക വേഷത്തിന്റെ ഭാഗമാണ്. ഭദ്രാസന മെത്രാപ്പോലീത്തായുടെ നിർദ്ദേശമനുസരിച്ച് അദ്ദേഹത്തിന്റെ പ്രതിനിധിയായി കോർ-എപ്പിസ്കോപ്പാമാർക്ക് പ്രത്യേക ചുമതലകൾ നിർവഹിക്കാവുന്നതാണ്. വികാരി ജനറാളിനു ശേഷം വൈദിക ഗണത്തിൽ മുമ്പനായി വരുന്നത് കോർ-എപ്പിസ്കോപ്പായാണ്. സഭയുടെ നവീകരണം ലക്ഷ്യമാക്കി നടത്തപ്പെടുന്ന സഭാ അസംബ്ലികളിലും അജപാലന സമിതികളിലും അവർക്ക് പ്രത്യേക ക്ഷണവുമുണ്ടാവും.

വിശുദ്ധ കുർബ്ബാന മധ്യേ മുഖ്യ കാർമ്മികൻ കോർ എപ്പിസ്കോപ്പാ സ്ഥാനാർത്ഥികളെ മദ്ബഹായിലേക്ക്ക്ഷണിക്കും. പ്രാർത്ഥനകൾക്കും വിശുദ്ധ ഏവൻഗേലിയോനും ശേഷം കോർ എപ്പിസ്കോപ്പാ സ്ഥാനികളെ മുദ്രണ പ്രാർത്ഥന നടത്തി വിശുദ്ധീകരിക്കും. തുടർന്ന് ഔദ്യോഗിക വസ്ത്രങ്ങൾ വാഴ്ത്തി അണിയിക്കും.

സന്യാസവസ്ഥയുടെ ഏറ്റവും ഉന്നതമായ സ്ഥാനമാണ് റമ്പാൻ സ്ഥാനം. സമർപ്പണ ജീവിതത്തിന്റെ ഒരുപുതിയ തലത്തിലേക്കാണ് ഈ നിയോഗത്തിലൂടെ ഇവർ പ്രവേശിക്കുക. സഭയിൽ വ്യക്തികൾക്കായിനൽകപ്പെടുന്ന എല്ലാ സ്ഥാനങ്ങളും, കൂടുതൽ സമർപ്പണത്തിനും ശുശ്രൂഷക്കുമായി നൽകപ്പെടുന്നനിയോഗവും വിളിയുമാണ്. ഈ ലോകത്തോട് വിരക്തരാകാനും ക്രിസ്തുവിനോട് കൂടുതൽഅനുരൂപരാകാനുമുള്ള ഒരു വിളിയാണ് റമ്പാൻ കോർ എപ്പിസ്കോപ്പാ സ്ഥാനിയുടേത്; ഒപ്പംവിനയത്തിന്റേയും ദൈവകരുണയുടേയും സജീവ സാക്ഷിയാകുവാനും.

www.malankaralibrary.com



# This is not my job ?

ഫാ. ഷീൻ പാലക്കുഴി

'The Pope's Exorcist' എന്ന ചലച്ചിത്രം ഗബ്രിയേൽ അമോർത് എന്ന കത്തോലിക്കാ വൈദികന്റെ പിശാചിനെതിരായ പോരാട്ടത്തെ ആധാരമാക്കിയുള്ള കഥയാണ്. അതിൽ ദൈവകരുണ ആഘോഷിക്കപ്പെടുന്ന ഹൃദയസ്പർശിയായ ഒരു സന്ദർഭമുണ്ട്.

പൈശാചിക അപഹാരങ്ങൾക്കെതിരായ പോരാട്ടത്തിനിറങ്ങുമ്പോൾ ഒരുക്കമായി അദ്ദേഹം ഒരു കുമ്പസാരം നടത്തുന്നുണ്ട്. അതിൽ അദ്ദേഹത്തിന്റെ മനസ്സാക്ഷിയെ പിടിച്ചുലച്ച ഒരു കാര്യമുണ്ട്. നാളുകൾക്കു മുമ്പ്, കടുത്ത ശാരീരിക മാനസിക പീഡനങ്ങൾക്കിരയായ ഒരു പെൺകുട്ടിയുടെ അതിജീവനവുമായി ബന്ധപ്പെട്ട് ഒരു സഹായാഭ്യർത്ഥന അദ്ദേഹത്തിന്റെ മുന്നിലെത്തുന്നു. അവൾ കടന്നു പോകുന്ന മാനസിക വിഭ്രാന്തിയിൽ നിന്ന് അവളെ മോചിപ്പിക്കണം എന്നതായിരുന്നു ആ ആവശ്യം. പക്ഷെ ആ ദൗത്യം അദ്ദേഹം മറ്റൊരാളെ ഏൽപ്പിക്കുന്നു. അതിനു കാരണം അദ്ദേഹത്തിന്റെ ഉള്ളിൽ തോന്നിയ ചെറിയ ഒരീഗോയാണ്.

Excorcism പോലെ ഗൗരവമേറിയ കാര്യങ്ങൾ ചെയ്യുന്ന താൻ മാനസിക രോഗം പോലെയുള്ള ചെറിയ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ടോ?

No! This is not my job! This is not my job! അതായിരുന്നു അദ്ദേഹത്തിന്റെ ന്യായീകരണം.

നിർഭാഗ്യവശാൽ ആ പെൺകുട്ടിക്ക് രക്ഷപെടാനായില്ല. അവൾ ഫാദർ ഗബ്രിയേലിന്റെ കൺമുന്നിൽ ആത്മഹത്യ ചെയ്തു. അദ്ദേഹത്തിന് തന്റെ തെറ്റു മനസ്സിലായി. ചെയ്യാൻ കഴിയുമായിരുന്ന ആ നന്മ ചെയ്യാതിരുന്നത് അദ്ദേഹത്തിന്റെ ഹൃദയത്തെ വല്ലാതെ വേട്ടയാടി. കുമ്പസാരത്തിൽ അക്കാര്യം ഏറ്റുപറയുമ്പോൾ പാറപോലെ കരുത്തനായ ആ മനുഷ്യൻ വിങ്ങിപ്പൊട്ടുന്നുണ്ട്. ഒടുവിൽ ദൈവത്തിന്റെ അനന്ത കരുണയിൽ ഫാദർ ഗബ്രിയേൽ പാപമോചിതനാകുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന വഴി ആ പെൺകുട്ടിയും!

This is not my job! പിശാചിന്റെ ഏറ്റവും വലിയ ഒരു കെണിയാണത്! ജീവിതത്തിലെ പല സാഹചര്യങ്ങളിലും ഇതേ ന്യായീകരണം പറഞ്ഞ് ചെയ്യാൻ കഴിയുമായിരുന്ന പല നന്മകളും ചെയ്യാതെ പോയിട്ടുണ്ടെന്ന് മനസ്താപത്തോടെ ഓർക്കുന്നു.

സഹോദര ഘാതകനായ കായേനോട് 'നിന്റെ സഹോദരനെവിടെ?' എന്ന് ദൈവം ചോദിക്കുമ്പോൾ കായേൻ പറയുന്ന മറുപടിയുടെ വ്യംഗ്യം അതാണ്: 'ഞാനവന്റെ കാവൽക്കാരനാണോ?' That's not my job! സമരിയാക്കാരന്റെ ഉപമയിലെ പുരോഹിതനും ലേവായനും ചിന്തിക്കുന്നത് ഈ വഴിക്കാണ്: This is not my job! കരുണയുള്ളവർക്ക് അങ്ങനെ പറയാനാകുമോ?

സഭയ്ക്കെന്തിനാണ് രാഷ്ട്രീയം? സഭയെന്തിനാണ് നിലപാട് പറയുന്നത്? സഭയെന്തിനാണ് സമരം ചെയ്യുന്നത്? എന്നൊക്കെ ചോദിക്കുന്നവരോടാണ്:

Yes! This is our job! മനുഷ്യസമൂഹത്തിന്റെ വിഷയങ്ങൾ സഭയുടേയും വിഷയങ്ങളാണ്. അതുകൊണ്ടാണ് സാമൂഹ്യ പ്രബോധനങ്ങളിൽ സഭ എന്നും ശ്രദ്ധ വയ്ക്കുന്നത്. അതുകൊണ്ടാണ് അബോർഷൻ കൊലപാതകമാണെന്നു സഭ പറയുന്നത്. അതുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ 'ലൗദാത്തോ സി' എന്ന പാരിസ്ഥിതിക ചാക്രിക ലേഖനമെഴുതിയത്. അതുകൊണ്ടാണ് കർഷക, തുറമുഖ, സംവരണ വിഷയങ്ങളിലൊക്കെ സഭ ആകുലയാകുന്നത്. കാരണം കരുണ സഭയുടെ സ്വഭാവമാണ്, മുഖപ്രസാദമാണ്. അതില്ലാത്ത സഭ വിരൂപയായിരിക്കും. നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ 6:36).

നമ്മുടെ ഇടപെടൽ ആവശ്യമുള്ള സാഹചര്യങ്ങളിൽ 'This is my job' എന്നു തിരുത്തി ചിന്തിക്കാൻ തക്കവണ്ണം നമ്മുടെ ഉള്ളിൽ കരുണയുടെ ഒരു പുഴ ഉറവെടുക്കട്ടെ!

www.malankaralibrary.com



RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)284/2021-2023
Date of Publication 29-4-2023

www.malankaralibrary.com

Christavakahalam Monthly, MAY 2023
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും...

ക്രൈസ്തവ
കാഹളം




വായിക്കുക വരിക്കാരാകുക പ്രചരിപ്പിക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374, e-mail: stmaryspresspattom@gmail.com